Date of Publication: 9 ഫെബ്രുവരി 2020
വോള്യം 18/ലക്കം 5 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# ഭിന്നശേഷികൾ



കവർ ചിത്രം: മാനസി ജോഷി

# സംഘടിത

സംഘടിത/ ഫെബ്രുവരി 2020/വോള്യം 18/ലക്കം 5

ആദരവുകൾ : അകവും പൊരുളും 5
**മായാ ബാലകൃഷ്ണൻ**

കണ്ട് പരിഹസിക്കേണ്ട, ഞങ്ങളും മനുഷ്യരാണ് 9
**നുസ്രത്ത് വഴിക്കടവ്**

നിറഞ്ഞു പരക്കുന്ന മാതൃസ്പർശം 11
**ഷീബ**

ചിത്രകലയുടെ ഭിന്നവഴികൾ 14
**സുനിത തൃപ്പാണിക്കര**

അതിജീവനത്തിന്റെ കാൽപ്പാടുകൾ 17
**സമീറ ഹനീഫ്**

ഔദാര്യമല്ലിത്, ഉത്തരവാദിത്വം! 19
**ആഷ്‌ലറാണി**

ഇന്ത്യയിലെ ഭീകരവിരുദ്ധ നിയമങ്ങൾ എന്തിനുവേണ്ടി 22
പെൺപക്ഷം/**അജിത കെ.**

ഗാർഹസ്ഥ്യത്തിന്റെ ചോദ്യങ്ങൾ 24
**ആശാലത**

പല കണ്ണിലൂടെയുള്ള കാഴ്ചകൾ 26
**രജുല കെ.കെ.**

പേരന്റിങ്ങ് എന്ന സൂക്ഷ്മകല 32
വാസ്തവം/**ഡോ. ജാൻസി ജോസ്**

ദുഃഖിക്കേണ്ട, പടച്ചോൻ കൂടെയുണ്ട്! 33
**സുമയ്യ മാഹിൻ**

ജൈവബുദ്ധൻ 35
കവിത/**സ്മിത നെരവത്ത്**

കടൽ 36
കഥ/**മുബീന വിളത്തൂർ**

നവീന ആഖ്യാനതലങ്ങൾ നോവലിൽ 40
പഠനം/**സൗമ്യ സി.**

പാർക്ക് 48
കഥ/**മുബീന വിളത്തൂർ**

പച്ചത്തട്ടുകൾ 49
കഥ/**മുബീന വിളത്തൂർ**

ഡോണ മയൂരക്കു വേണ്ടി 51
വഴിത്താരകൾ/**ജാനകി**

ദ ഡാർക്ക് ലേഡി ഓഫ് ദ ഡി.എൻ.എ. 53
ശാസ്ത്രം/**സീമാ ശ്രീലയം**

ഫോട്ടോ ഫീച്ചർ : **ഞങ്ങളുടേതു കൂടിയായ ലോകം**

**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** റീം ഷംസുദ്ദീൻ **പത്രാധിപസമിതി:** രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

ഏറ്റവും ഭീഷണമായ സാഹചര്യങ്ങളിൽ നിന്ന് തന്നെയാണ് ഏറ്റവും ഉറച്ച പ്രതിരോധങ്ങളും ഉയരുക എന്ന് അനുദിനം ശക്തമായി വെളിപ്പെടുകയാണ് ഇന്ത്യയിലാകമാനം. ചെറുതും വലുതുമായ ചെറുത്തുനിൽപ്പുകൾ പുതുരൂപങ്ങൾ പൂണ്ട് ജനാധിപത്യാവകാശങ്ങൾ വീണ്ടെടുക്കാൻ ഉയരുക തന്നെയാണ് എമ്പാടും. ദില്ലിയിലെ ഷാഹിൻ ബാഗ് സ്ത്രീകളുടെ ഐതിഹാസികമായ പ്രതിരോധസ്ഥലിയായി മാറിയിരിക്കുകയാണ്. ഇവിടെ നിന്നും ഉയരുന്ന തീപ്പൊരികളിൽ നിന്ന് അനേകം ഷാഹിൻ ബാഗുകൾ ദില്ലിയുടെ സീലംപൂർ പോലുള്ള ഇടങ്ങളിൽ ഉയിർക്കൊണ്ടിരിക്കുന്നു. വൃദ്ധകളായ സ്ത്രീകൾ മുതൽ കൊച്ചു പെൺകുട്ടികൾ വരെ ദേശീയ പ്രസ്ഥാനത്തന്റേയുമൊക്കെ മുദ്രാവാക്യങ്ങളുയർത്തുന്നതും തീക്ഷ്ണമായ രാഷ്ട്രീയ ഇച്ഛയായി 'ഹം ദേഖേങ്കെ' ഇടതടവില്ലാതെ ഉയർന്നു കേൾക്കുന്നതുമായ ഒരു ഉജ്ജ്വല സമരമുഖമാണ് തുറന്നിരിക്കുന്നത്. ഏതു നിമിഷവും വെടിയുണ്ടകൾ ഉതിർക്കപ്പെടാം എന്നറിഞ്ഞിട്ടും ധീരരായി ഫാഷിസ്റ്റ് ഭരണത്തിന് മുന്നിൽ നെഞ്ചു വിരിച്ചു നിൽക്കുന്നവരാണവിടെ. ഇന്ത്യയുടെ നാനാഭാഗത്തു നിന്നുള്ളവർ, നാനാമതസ്ഥർ, കലാകാരൻമാർ, അധ്യാപകർ (റോമില ഥാപ്പറെപ്പോലെ ആയുസ്സിന്റെ പകുതിയും ബുദ്ധിപരമായി ഹിന്ദുത്വത്തോട് ഏറ്റുമുട്ടിയവർ ) വിദ്യാർത്ഥികൾ, സാധാരണ ജനങ്ങൾ – എല്ലാവരും ഐക്യദാർഢ്യവുമായെത്തുകയാണ്. സിഖുകാർ ലാംഗറുകളിൽ സമരക്കാർക്ക് ഭക്ഷണം പാകം ചെയ്യുന്നു. നാനാമതസ്ഥരുടെ കൂട്ട പ്രാർത്ഥനകൾ അവിടെ നടക്കുന്നു. നുണകളുടേയും ഹിംസകളുടേയും മുകളിൽ ഹിന്ദുത്വത്തിന്റെ ശക്തികൾ ഉയർത്തിയ സിംഹാസനങ്ങൾ തകരുന്നതിന് നാം കാതോർത്തു തുടങ്ങുകയാണ്. കാത്തിരിക്കേണ്ടി വരുമെങ്കിലും ഫാഷിസത്തിന്റെ അന്ത്യം സുനിശ്ചിതം എന്നതു തന്നെയാണ് നമ്മുടെ ജ്വലിക്കുന്ന പ്രതീക്ഷ !

കേരളത്തിന്റെ ഈ വർഷത്തെ ബജറ്റിൽ സ്ത്രീക്ഷേമത്തിനായി ആകെ ബജറ്റ് തുകയുടെ 18.4 ശതമാനം, അതായത് 3809 കോടി രൂപ നീക്കിവെച്ചിരിക്കുന്നത് ഏറെ സന്തോഷവും ആശ്വാസവും നൽകുന്ന വാർത്തയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നീക്കിയിരിപ്പ് കൂടിയിരിക്കുകയാണ്. കുടുംബശ്രീ യൂനിറ്റുകളെ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കുള്ള താമസസ്ഥലങ്ങളും പൊതുമൂത്രപ്പുരകളും സ്ഥാപിക്കുന്നതിനും മുൻഗണന നൽകിക്കാണുന്നു എന്നതും സ്വാഗതാർഹമാണ്.

മനുഷ്യരൂപത്തിന്റെ പൂർണ്ണത എന്ന വ്യവഹാരത്തിനകത്ത് പല ശരീരങ്ങളും അരികുവൽക്കരിക്കപ്പെട്ടുപോകുന്നു. 'കാര്യക്ഷമമായ' അവയവങ്ങൾ എന്ന മട്ടിൽ തീരുമാനിക്കപ്പെട്ട ഒരു മാനകരൂപമാണിതിന് അടിസ്ഥാനം. ശാരീരിക'കുറവു'കളിൽ ജീവിക്കുന്നവരെന്ന് പൊതുസമൂഹം വീക്ഷിക്കുന്നവർ ഇരകൾ മാത്രമാണോ? ദയാവായ്പോടെ മാത്രം കാണേണ്ടവരാണോ? ഇരയാകുന്ന ഓരോ വ്യക്തിയും സ്വന്തം കർതൃത്വങ്ങളിലൂടെ ജീവിതാവസ്ഥകളോട് പൊരുതുന്നവർ കൂടിയാണ്. വികലാംഗത്വം എന്ന പദത്തിൽ നിന്ന് ഭിന്നശേഷി എന്ന വാക്കിലേക്കുള്ള സഞ്ചാരം ഈ വ്യത്യസ്ത രാഷ്ട്രീയത്തിന്റെ തിരിച്ചറിവിൽ നിന്നുമുണ്ടായതാണ്. ഭിന്നശേഷിയുള്ളവരിൽ സ്വന്തം ശരീരത്തെക്കുറിച്ചുള്ള പൊതുബോധക്കാഴ്ചകൾ അടിച്ചേൽപ്പിക്കുന്ന അപകർഷതാബോധങ്ങൾ, മാനസിക സമ്മർദ്ദങ്ങൾ, തങ്ങൾക്ക് ഉൾച്ചേരൽ (inclusion) സാധ്യമല്ലാത്ത സ്ഥാപനങ്ങൾ, സ്ഥാപനയുക്തികൾ, ക്രമങ്ങൾ, സാമൂഹ്യ ജീവിതം അസാധ്യമാക്കും വിധമുള്ള മാറ്റി നിർത്തലുകൾ – ഇവയിലൊക്കെയുള്ള ഒരുപാട് തിരുത്തലുകളിലൂടെയേ ജനാധിപത്യസംസ്ക്കാരമെന്ന് സ്വയം വിളിക്കാൻ നമുക്കർഹതയുള്ളൂ. ഇരയാവലല്ല അതിജീവനമാണ് മനുഷ്യചരിത്രത്തിന്റെ അടയാളമെന്ന് ഉറപ്പിക്കുകയാണ് റീം ഷംസുദീൻ അതിഥിപത്രാധിപയായി 'ഭിന്നശേഷികൾ' എന്ന വിഷയം ചർച്ചചെയ്യുന്ന ഫെബ്രവരി ലക്കം സംഘടിത വായനക്കാരുടെ ശ്രദ്ധയിലേക്ക് സമർപ്പിക്കുന്നു.

■



റീം ഷംസുദ്ദീൻ

# ഭിന്നതയുടെ ഇടങ്ങൾ

ഭിന്നശേഷിയോ വൈകല്യമോ എന്ന പ്രശ്നം നിരന്തരമായ ചേരിപോരാട്ടങ്ങളിൽ ഇടം പിടിക്കെ വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സ്ത്രീകൾ തങ്ങളുടെ ആത്മവിശ്വാസം കൊണ്ടും ധൈര്യം കൊണ്ടും നിരന്തരമായ പരിശ്രമം കൊണ്ടും വെട്ടിതെളിയിച്ച പാതകളെ സ്വയമേവ നിർമ്മിച്ചെടുത്ത അവനവന്റെ ഇടങ്ങളെ ഉയർത്തിക്കാട്ടുകയാണിവിടെ. തങ്ങളിലെ മികവും ഉല്പാദനക്ഷമതയും പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ടു തങ്ങളുടേതുമാത്രമായ ഒരു ജീവിത പരിസരത്തെ നിർമ്മിച്ചെടുക്കുകയാണിവർ. വേദനയുടെ, കണ്ണീരിന്റെ പോരാട്ടങ്ങളുടെ സമരമുഖങ്ങളാണ് ഇവരുടെ തീക്ഷ്ണമായ അനുഭവപരിസരം മുന്നോട്ടു വയ്ക്കുന്നത്. സമൂഹവും ഭരണകൂടവും നിയമങ്ങളും എത്ര തന്നെ പുറം തിരിഞ്ഞുനിന്നാലും സ്വന്തം സമരങ്ങളെ തങ്ങൾക്കു തന്നെ മുന്നോട്ടു കൊണ്ടു പോകാനാകും എന്ന് തെളിയിച്ചവരാണിവർ. സമൂഹത്തിന്റെ അങ്ങേയറ്റത്തെ അനുകമ്പയിൽ പൊതിഞ്ഞ് ഒഴിഞ്ഞ് നിൽക്കേണ്ടിവന്ന ഇവർക്ക് പലപ്പോഴും തങ്ങൾ മുന്നോട്ടുവെക്കുന്ന ഓരോ കാലടിയും ഇടറിയതായിരുന്നു. ചില മെല്ലെപ്പോക്കു നിയമങ്ങളുടെ ചുവപ്പുനാടയിൽ കുരുങ്ങിയ നീതിയും ഒരുപാട് വൈകിയാണ് ഇവരെ ഗൗനിച്ചത്. എത്രതന്നെ വികാസോന്മുഖമാണ് നമ്മുടെ സമൂഹം എന്ന് അവകാശപ്പെടുമ്പോഴും ഭിന്നങ്ങളായ ശാരീരിക വൈകല്യങ്ങൾ അനുഭവിക്കുന്നവർക്ക് തങ്ങളുടെ ജീവിതത്തെ മുഴുവനായും ഉൾക്കൊള്ളുന്ന തരത്തിലുള്ള പരിമിതമായ സൗകര്യങ്ങളെ ഇന്നും ഈ സമൂഹം മുന്നോട്ടു വയ്ക്കുന്നുള്ളൂ. വീൽചെയർ ട്രെയിനിനകത്തേക്ക് കയറ്റാനുള്ള പ്രയാസം മൂലം കംപാർട്ട്മെന്റിലേക്ക് തന്നെ എടുത്തുകൊണ്ടുപോയി ഇരുത്തേണ്ട ബുദ്ധിമുട്ട്, ഒരിക്കൽ ഒരു കൂട്ടുകാരി എന്നോട് പങ്കുവെച്ചത് ഓർമ്മിക്കുന്നു. ഇങ്ങിനെ എടുക്കുന്നതിനിടയിൽ വ്യാപകമായ ശാരീരാക്രമണങ്ങൾ ഉണ്ടാകാറുള്ളതായി പലരും രേഖപ്പെടുത്തിയിട്ടുമുണ്ട്. ക്ലാസ്മുറി മുകളിലായതുകൊണ്ടു മാത്രം കോഴ്സ് മാറേണ്ടി വന്ന ഒരു വിദ്യാർത്ഥിയെ ആർദ്രതയോടെ ഓർമ്മിക്കുന്നു.

വാഗ്ദാനങ്ങളായിരുന്ന സൗകര്യങ്ങളിൽ പലതും ഇന്നും കടലാസുകളിൽ ഉറങ്ങിക്കിടക്കുകയാണ്. ബോധവൽക്കരണങ്ങളുടേയും, സെൻസിറ്റൈസിംഗിന്റെയും ഇക്കാലത്ത് ആർക്കും ഒന്നും അറിയാത്തതുകൊണ്ടല്ല മറിച്ച് സമൂഹത്തിന്റെ ബഹുസ്വരതയിലും അതിന്റെ സർവതോന്മുഖമായ പുരോഗതിയിലും ഈ തുച്ഛ വിഭാഗക്കാരുടെ അതിജീവനം കാര്യമാത്ര പ്രസക്തമല്ല എന്ന മൂഢവിചാരമാവാം ഇത്തരം അവഗണനാ മനോഭാവങ്ങൾക്ക് നിദാനം. ഈ വിഭാഗം ഒരു വോട്ട് ബാങ്കല്ല. ഇവർക്ക് പ്രതിനിധികളില്ല. പലപ്പോഴും സംഘടനാതലത്തിലുള്ള കരുത്തുറ്റ ഇടപെടലുകളാണ് ഈ വിഭാഗത്തിന്റെ ശക്തി. ഒരു ഡിസെബിലിറ്റി കമ്മീഷൻ ഉണ്ടായിരിക്കെ തന്നെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (പി.ഡബ്ല്യൂ.ഡി) ആക്ടിലെ പല പ്രതിപാദ്യങ്ങളും വാദപ്രതിവാദങ്ങൾക്കും കലഹങ്ങൾക്കും വിധേയമായി ഒരുറപ്പാകാതെ മുന്നോട്ടു പോകുന്ന സംഘട്ടനങ്ങൾക്കിടയിലും പോരാട്ടഭൂമിയിലേക്ക് എടുത്തെറിയപ്പെടുന്ന ഇവർ അവനവന്റെ നിലനിൽപ്പിനെ, ജീവിതത്തെ ഒറ്റക്ക് പോരാടി നിർണയിക്കുകയാണ്.



മായാ ബാലകൃഷ്ണൻ

# ആദരവുകൾ : അകവും പൊരുളും

2020 ജനുവരി 10 ന് അങ്കമാലി നഗരസഭ വികസനോത്സവത്തിന്റെ ഭാഗമായി ഭിന്നശേഷി കലോത്സവം ആയിരുന്നു. മുൻ എം പിയും നടനുമായ ശ്രീ ഇന്നസെന്റിൽ നിന്നും ലോകപഞ്ചഗുസ്തി ചാമ്പ്യൻ ശ്രീ ജോബി മാത്യുവിനൊപ്പം ഞാനും ആ ആദരവ് ഏറ്റുവാങ്ങി.

നിറയെ ആദരവുകൾ വാങ്ങിക്കൂട്ടാൻ എന്നുമിങ്ങനെ പോകുന്നതെന്തിനെന്ന് ഇടയ്ക്കിടെ ഞാൻ ചിന്തിക്കാറുണ്ട്. സാധാരണരീതിയിൽ എന്നെ കൂട്ടിക്കൊണ്ടുപോകാറുള്ള ചേട്ടൻ അതൃപ്തിയൊന്നും പറയാറില്ല. അങ്ങനെയുള്ള ചേട്ടന്റെ രീതി ഞാനും തുടരും. പൊതുവേ ഇങ്ങനെയൊരു സഹോദരി ഉള്ള കാര്യം ചേട്ടൻ സുഹൃത്തുക്കളിൽ നിന്നൊന്നും മറച്ചുവച്ചിട്ടില്ല. അവരൊക്കെ എന്നെ അറിയും. ചേട്ടന്റെ നിയമപഠനകാലംതൊട്ടേ ഞാൻ രോഗിയായി പിന്നെപ്പിന്നെ മുഴുവൻ സമയവും മുറിക്കുള്ളിൽ കട്ടിലിൽത്തന്നെ ഒതുങ്ങിപ്പോയതാണ്.

ഇതിനകം എന്റെ നാടും നഗരസഭയും ഉൾപ്പെടെ വിവിധ കലാ സാംസ്കാരിക കേന്ദ്രങ്ങളും പ്രസ്ഥാനങ്ങളും നിരവധി പരിപാടികളിൽ എന്നെ ആദരിച്ചിട്ടുണ്ട്. ഇങ്ങനെ ആദരവുകൾ സ്വീകരിക്കുന്നതിൽ വല്ല പ്രസക്തിയുമുണ്ടോ... അതേക്കുറിച്ച് ഇരുത്തി ചിന്തിച്ചപ്പോൾ ഒരുപാട് കാര്യങ്ങൾ എനിക്ക് വെളിപ്പെട്ടു. ഈ ലോകത്തിൽ എനിക്കെന്തു പ്രസക്തി എന്ന് നിസ്സംഗയായി ചിന്തിച്ചിരുന്ന നാളുകൾ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ഇന്നുള്ള ഞാനല്ല ഏകദേശം എട്ടോ പത്തോ വർഷം മുൻപുണ്ടായിരുന്ന ഞാൻ. ഒരു കിടപ്പുരോഗിയാണെന്ന് തുറന്നുപറയാൻ എനിക്കിന്ന് മടിയില്ല.

പുറംലോകം കാണാതെ മച്ചിന്റെ പന്തികൾ എണ്ണി നാറാണത്ത് ഭ്രാന്തനെപ്പോലെ എത്രയോ രാപ്പകലുകൾ ഇരുട്ടി വെളുപ്പിച്ചിരുന്നു. വീൽച്ചെയറിലും കസേരയിലും ഇരിക്കുന്ന ഫോട്ടോകളിലൂടെയാവും ഇന്ന് അധികംപേരും എന്നെ കണ്ടറിയുന്നത്. എന്നെ മുറിയിൽ വന്നുകണ്ടിട്ടുള്ളവർക്കറിയാം നിജസ്ഥിതി. അതെന്തുമാവട്ടെ.

മുൻകാലങ്ങളിൽ എന്റെ ഈ പേക്കോലം പിടിച്ച രൂപം മറ്റുള്ളവർ കാണുന്നതോ അറിയുന്നതോപോലും വളരെ വിഷമിപ്പിച്ചിരുന്നു. വല്ലാത്തൊരു അപകർഷതാബോധം അലട്ടിയിരുന്നു. കാണുന്നവരുടെ മുന്നിൽ ഒരു നോക്കുകുത്തിയെപോലെ. അതുകൊണ്ട് യാതൊരുകാരണവശാലും പുറംലോകം കാണാൻ ഞാനിഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ ഇവൾ  ഇങ്ങനെയൊന്നുമായിരുന്നില്ല എന്ന് മുൻപരിചയം ഉള്ള, ഒരുമിച്ചു പഠിച്ച സുഹൃത്തുക്കളോ, അയൽക്കാരോ, ബന്ധുക്കളോ കരുതുന്നതിൽ തെല്ല് ആശ്വാസമാണുണ്ടായിരുന്നത്. ചലന സംബന്ധമായ അസുഖത്തെ തുടർന്ന് പ്രീഡിഗ്രി പഠനകാലം മുതൽ ഞാൻ സമൂഹത്തിൽ നിന്നും വേർപെട്ട് പോന്നതാണ്.

വർഷങ്ങൾ 30 കഴിയുന്നു.

ഏതാനും വർഷംമുൻപ് നവസാങ്കേതിക വിദ്യ കൈവശത്താക്കാനും എഴുത്തിലേക്ക് സജീവമായി കടന്നുവരാനും തുടങ്ങിയതോടെയാണ് പതിയെ എന്നിലെ മറനീങ്ങിയത്. അക്ഷരവെളിച്ചം പകർന്നുതന്ന വാതിൽപ്പഴുതിലൂടെ സൗഹൃദകരങ്ങൾ നീണ്ടു. ഒരർത്ഥത്തിൽ എല്ലാവരും ഒറ്റയാണ്. വരുന്നതും പോവുന്നതും എല്ലാം നാം ഒറ്റയ്ക്കാണ്. എന്നാൽ ആരെങ്കിലുമൊക്കെ ചുറ്റും ഉണ്ടെന്ന ബോധ്യമാണ് നമ്മെ ഒറ്റപ്പെടൽ ഇല്ലാതെ സമൂഹത്തിൽ ചേർത്തു നിറുത്തുന്നത്. അതോടെ ആത്മവിശ്വാസവും ആർജ്ജവവും വർദ്ധിച്ചു. ആനുകാ

ലികങ്ങളിലും ഓൺലൈൻ മാധ്യമ ങ്ങളിലും എന്റെ എഴുത്തുകൾ വന്നു തുടങ്ങിയതോടെ പുറത്തേക്കുള്ള വാതിലുകളും തുറന്നു. എന്റെ രണ്ട് കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരി ക്കപ്പെടുകയും ചെയ്തു. ഒരു പരിധി വരെ എന്റെ അവസ്ഥയെ മറികട ക്കാൻ അതെന്നെ സഹായിച്ചു. എന്നി രിക്കിലും ശരീരത്തെ പ്രതി എന്നെ ഗ്രസിച്ചിരുന്ന അപകർഷത വിട്ടുമാറാ തെയുണ്ടായിരുന്നു.



എന്നാൽ ഫേസ്ബുക്കിലൂടെ സമാന അവസ്ഥയിൽ വീൽച്ചെയറിൽ ഇരിക്കുന്നവരെ പരിചയപ്പെടാൻ കഴി ഞ്ഞതും, അവർ ഫേസ്ബുക്കിലൂ ടെയും മറ്റും സ്വന്തം ഫോട്ടോ ഷെയർ ചെയ്യുന്നതും കണ്ടപ്പോൾ ഞാൻ കൂടുതൽ കൂടുതൽ സ്വതന്ത്ര യായപോലെ തോന്നി. അവിടംതൊട്ടു ഞാൻ എന്റെ അവസ്ഥയെ മറികട ക്കാൻ പഠിച്ചു കഴിഞ്ഞിരുന്നു.

ഇതുപോലൊരു മാനസിക സമ്മർദ്ദം ശാരീരിക പരിമിതികൾ ഉള്ള പലർക്കും ഉണ്ടാവാം. ഇത്തരം അപകർഷതാബോധം ! പ്രത്യേകിച്ചും ജീവിതത്തിന്റെ പാതിവഴിയിൽ സംഭ വിച്ചു പോകുന്നതെങ്കിൽ അതിനെ മറികടക്കുക എന്നത് ഒരു വെല്ലുവിളി തന്നെയാണ്....

വിവിധയിനം ശാരീരിക പരിമിതികൾ നേരി ടുന്നവരൊക്കെ ഇത്തരം പ്രതിസന്ധികളെ നേരിടു ന്നവരാകും. ഇങ്ങനെയൊരു മകൾ/മകൻ, അല്ലെ ങ്കിൽ സഹോദരൻ/സഹോദരി ഉണ്ടെങ്കിൽ കുടുംബം, നാട്ടുകാർ ചുറ്റുവട്ടം നമ്മളെ എങ്ങനെ നോക്കിക്കാണും, അവജ്ഞയാണോ, ഇകഴ്ത്തി പറ യില്ലേ, എന്നിങ്ങനെ മറ്റുള്ളവരിൽ നിന്നും രക്ഷ പ്പെടാൻ, ഒളിച്ചോടാൻ ഇവരെ ഒളിപ്പിച്ചുവയ്ക്കാൻ ശ്രമിക്കുന്നവരില്ലേ. കുടുംബാംഗങ്ങൾക്കുണ്ടാവുന്ന ഇത്തരം അപകർഷതകൊണ്ട് കുടുംബത്തിലോ, നാട്ടിലോ പൊതുചടങ്ങുകൾക്കോ, ഒരുമിച്ചുള്ള യാത്രകളിലോ അവരെ കൊണ്ടുപോയെന്നു വരില്ല. അവർ പൊതുസമൂഹത്തിന്റെ ഭാഗം അല്ലാതാവുന്ന അവസ്ഥ. സന്തോഷം എന്തെന്നോ സ്നേഹം എന്തെന്നോ അറിയാൻ അർഹരല്ലാതാവുന്നോ.....

കാലം മാറി. മാറ്റങ്ങൾ വന്നിട്ടുണ്ട്. എങ്കിലും ഒരുപരിധിവരെ ഇതൊക്കെ വിദ്യാഭ്യാസം ഉള്ളവരു ടെയും മാന്യരെന്ന് നമ്മൾ കരുതുന്നവരിലും സാധാരണക്കാരുടെയിലും ഇന്നും ഉണ്ട്. അവിടെ യാണ് മാറ്റങ്ങൾ വരേണ്ടത്. സമൂഹത്തിന്റെയും വ്യക്തികളുടെയും കാഴ്ച്ചപ്പാടിൽ മാറ്റംവരണം.

എന്നാൽ ഇതുപോലൊരു വ്യക്തിയെ അധികാര ശ്രേണിയിൽ ഉള്ളവർ അംഗീകരിക്കുന്നു, അവരുടെ പരിശ്രമങ്ങൾക്ക് പ്രോത്സാഹനം നല് കുന്നു എന്നു വരികിലോ...! അത്തരം മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്ന വ്യക്തിയിലും കുടുംബാംഗങ്ങളിലും അതുണ്ടാക്കുന്ന വെളിച്ചം, നേരിയതാവില്ല. എന്റെ കുട്ടിയുടെ, അല്ലെങ്കിൽ എന്റെ സഹോദരന്റെ പരിമിതികൾ ലോകം അംഗീ കരിക്കുന്നതാണ്. അത്തരം പരിമിതികൾ പലരിലും ഉണ്ട്. അത് സാധാരണമാണ്. അങ്ങനെയുള്ളവ ർക്കും പല കാര്യങ്ങളും ചെയ്യാം. അവന്റെ/അവ ളുടെ കഴിവുകൾ, അതിനുള്ള പരിശ്രമങ്ങൾ ചെറു തല്ല, അതു വിലമതിക്കപ്പെടേണ്ടതാണ്. ആരെയും പോലെ അവനെ നമ്മൾ ഒളിപ്പിച്ചുവയ്ക്കേണ്ടതല്ല. അവന്റെ കഴിവുകളെ കണ്ടെത്തി പുതിയ വഴികൾ തിരഞ്ഞെടുക്കാൻ അവനെ പ്രാപ്തനാക്കണം. വിദ്യാഭ്യാസം ചെയ്യിപ്പിക്കണം. ഏതെങ്കിലും വിദ്യ പഠിപ്പിച്ചെടുക്കണം. മാന്യമായി വസ്ത്രം ധരിപ്പിച്ചു നടത്താം. പൊതുയിടങ്ങൾ അവനും കൂടിയുള്ള താണ്. ആഹ്ലാദങ്ങളും സന്തോഷങ്ങളും നിറവും പൊലിമയുമൊക്കെ അവനുംകൂടി ഉള്ളതാണ്. അവനൊരു സാധാരണവ്യക്തിയാണ്. ഈ ലോക സന്തോഷങ്ങൾ കാണാനും അറിയാനും അവനും

> **സ്വന്തമായി വസ്ത്രം ധരിക്കാനോ ഭക്ഷണം എടുത്തുകഴിക്കാനോ കഴിയാത്ത എന്നെ വാഹനത്തിൽ ഏറ്റി കയറ്റിയിറക്കി പുറത്തേക്ക് കൂട്ടിക്കൊണ്ടു വരിക എന്നത് ചേട്ടൻ ഏറ്റെടുക്കുന്ന സാഹസികതയാണ്. എങ്കിൽത്തന്നെയും ചേട്ടന്റെ കഷ്ടപ്പാടുകൾക്ക് അർത്ഥമുണ്ടാവുകയാണ്. ആദ്യം നമ്മെ പരിഗണിക്കേണ്ടത് നമ്മുടെ കുടുംബം ആയിരിക്കണം. ചേട്ടന്മാരെ അധികം ഭാരമേറ്റിക്കാൻ എനിക്കും വിഷമമുണ്ട്. പലപ്പോളും മനസ്സ് ആഗ്രഹിക്കുന്നയിടത്ത് എത്താൻ എന്റെ ആരോഗ്യവും അനുകൂലമായെന്നു വരില്ല. അതുകൊണ്ട് എല്ലാവരും ആഗ്രഹിക്കുന്നയിടത്തെല്ലാം എത്താൻ കഴിയാറുമില്ല.**

യോഗ്യനാണ്. അത് അവനിലെ ആത്മാഭിമാനവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുകയേയുള്ളൂ.

ഇതുപോലെ വഴിമാറ്റിയൊരു ചിന്തയ്ക്ക് ഇത്തരം ചടങ്ങുകളും ഞാനും കാരണമാവുന്നു എങ്കിൽ ഞാൻ ഓരോ വേദിയിൽ വരുന്നതും അത്തരം വ്യക്തികളിലും കുടുംബാംഗങ്ങളിലും ആശ്വാസത്തിന്റെയും സന്തോഷത്തിന്റെയും പുതുവെളിച്ചം നിറയ്ക്കാൻ കാരണമാകുന്നില്ലേ....?

സ്വന്തമായി വസ്ത്രം ധരിക്കാനോ ഭക്ഷണം എടുത്തുകഴിക്കാനോ കഴിയാത്ത എന്നെ വാഹനത്തിൽ ഏറ്റി കയറ്റിയിറക്കി പുറത്തേക്ക് കൂട്ടിക്കൊണ്ടു വരിക എന്നത് ചേട്ടൻ ഏറ്റെടുക്കുന്ന സാഹസികതയാണ്. എങ്കിൽത്തന്നെയും ചേട്ടന്റെ കഷ്ടപ്പാടുകൾക്ക് അർത്ഥമുണ്ടാവുകയാണ്. ആദ്യം നമ്മെ പരിഗണിക്കേണ്ടത് നമ്മുടെ കുടുംബം ആയിരിക്കണം. ചേട്ടന്മാരെ അധികം ഭാരമേറ്റിക്കാൻ എനിക്കും വിഷമമുണ്ട്. പലപ്പോളും മനസ്സ് ആഗ്രഹിക്കുന്നയിടത്ത് എത്താൻ എന്റെ ആരോഗ്യവും അനുകൂലമായെന്നു വരില്ല. അതുകൊണ്ട് എല്ലാവരും ആഗ്രഹിക്കുന്നയിടത്തെല്ലാം എത്താൻ കഴിയാറുമില്ല.

ഉത്തരവാദപ്പെട്ട ഒരു സ്ഥാപനമോ സമൂഹമോ അധികാര ശ്രേണിയിലുള്ളവരോ ഇതുപോലെ ആദരിക്കുമ്പോൾ അവർ വലിയൊരു സന്ദേശമാണു സമൂഹത്തിനു നൽകുന്നത്. കാരണം ഞാനൊരു സാധാരണ വ്യക്തിയെന്നതിലുപരി ഒരു പ്രത്യേക വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നയാളാണല്ലോ. മനസ്സ് തളരാത്തിടത്തോളം ഒരു വൈകല്യവും ആരേയും ബാധിക്കില്ല. എന്നിരിക്കിലും കാഴ്ച്ചകളും കേൾവിയും ചലനവുമെല്ലാം കട്ടെടുത്ത ജീവിതത്തോട് എന്നും ഒരു കരുതൽ/പൊരുതൽ കാത്തുസൂക്ഷിക്കുന്നവരാണു ഭിന്നശേഷിക്കാരായിട്ടുള്ളവർ. സമൂഹത്തിൽ അരികുപറ്റി ജീവിക്കുന്നവർ ! സ്വന്തം കുടുംബത്തെമാത്രം ആശ്രയിച്ചു കഴിയുന്നവർ. പലപ്പോളും ചുറ്റുപാടുകൾ അവരെ കണ്ടില്ലെന്ന് നടിക്കുന്നു. എന്നാൽ അത്തരം സാഹചര്യത്തിൽ, നിങ്ങളും ഈ സമൂഹത്തിന്റെ ഭാഗമാണു എന്ന് പറയാനുള്ള, ആർജ്ജവമായിട്ടാണു ഞാൻ ഈ ആദരിക്കൽ ചടങ്ങുകളെ കാണുന്നത്. എപ്പോഴും മുകളിലുള്ളവരെ മാതൃകയാക്കുകയാണു സാമാന്യ ജനം ! അപ്പോൾ ഭരണതലത്തിൽ/അധികാരപ്പെട്ടവർ കാണിക്കുന്ന മാതൃക അത് സമൂഹത്തിനു നൽകുന്ന വലിയൊരു സന്ദേശമാണ്.

പലപ്പോളും ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ, അവകാശങ്ങൾ, എല്ലാം മടികൂടാതെ അവരിലേക്കെത്തിക്കാൻ, കുറച്ചൊക്കെ സമൂഹത്തിനും സാമാന്യ ജനങ്ങൾക്കും കഴിയും. പിന്നിലേക്കല്ല, മുന്നിലേക്ക് എന്നുപറഞ്ഞു കൈപിടിച്ചുയർത്താൻ, ഒപ്പം നിൽക്കാൻ, കൂടെ കൂട്ടാൻ, മുഖ്യധാരയിലേക്ക് കൂട്ടാൻ സമൂഹത്തിന്റെ ഭാഗമാക്കാൻ ആർക്കും ശ്രമിക്കാം !

ഒരു കൈത്താങ്ങായി കടന്നുവരാം. അതു ഉയർന്ന കാഴ്ച്ചപ്പാട്/ഉയർന്ന സാംസ്കാരിക മൂല്യബോധമാണ് വെളിപ്പെടുത്തുന്നത് !

അതുകൊണ്ടുതന്നെ അക്ഷരദീപ്തിയിലെ ഒരു ചെറുതിരിയായ എന്നിലൂടെ സമൂഹത്തിനു നൽകുന്ന വെളിച്ചമായി ഞാനിതിനെ കാണുന്നു. ഒപ്പം ഇത്തരം ആദരവുകൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന എല്ലാ ഭിന്നശേഷി/പാലിയേറ്റീവ് വിഭാഗത്തിൽ ഉൾപ്പെടുന്ന സഹോദരങ്ങൾക്കുമായി സമർപ്പിക്കുന്നതായി പ്രഖ്യാപിക്കാറുണ്ട്. അതു അവരിലെ ആത്മവിശ്വാസം ഉണർത്താൻ ഉപകരിക്കും എന്നാണ് പ്രതീക്ഷ.

■



നുസ്രത്ത് വഴിക്കടവ്

# കണ്ട് പരിഹസിക്കേണ്ട, ഞങ്ങളും മനുഷ്യരാണ്

ചില ജീവിതങ്ങൾ, ചില ജന്മങ്ങൾ, ചില സാഹചര്യങ്ങൾ, ചില അനുഭവങ്ങൾ ഒരു മനുഷ്യനെ കൊണ്ടെത്തിക്കുന്നത് പല തലങ്ങളിലാണ്.

ഒരിക്കലും എത്തിപ്പെടാൻ ആഗ്രഹിക്കുന്നിടത്തല്ല ദൈവം ചില ജീവിതങ്ങളെ എത്തിക്കുന്നത്.

മറ്റുള്ളവർക്ക് പരിഹസിക്കാനോ, പരീക്ഷിക്കാനോ, ചില മനുഷ്യജന്മങ്ങളെ സൃഷ്ടിക്കുന്നതെന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്.

ഒരു രോഗി, രോഗിയാവുന്നത് അയാളുടെ കുറ്റം കൊണ്ടല്ല. സാഹചര്യങ്ങൾ മൂലം സംഭവിച്ച് പോകുന്നതോ, അല്ലെങ്കിൽ ദൈവത്തിന്റെ വിധിയോ ആവാം. അത് എന്ത് ആയാലും അതിനെ അംഗീകരിച്ച് സ്വീകരിച്ച് ഉൾക്കൊണ്ട് മറികടന്ന് ജീവിക്കാൻ എത്രപേർ തയ്യാറാവുന്നു എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു?



രാഹുൽ ഗാന്ധി പുസ്തകം പ്രകാശനം ചെയ്യുന്നു

എന്തുകൊണ്ടാവാം ഭിന്നശേഷിയുള്ള ഒരാൾ സമൂഹത്തിലേക്ക് ഇറങ്ങാൻ മടിക്കുന്നത്...? ആളുകളുടെ സമീപനം ആണോ...? അതോ സഹതാപത്തോടെ ഉള്ള നോട്ടം നേരിടാനുള്ള മടി കൊണ്ടാണോ..? തങ്ങളുടെ അവസ്ഥ മറ്റുള്ളവർ കാണണ്ട എന്ന് കരുതിയിട്ടാണോ..? അതുമല്ലെങ്കിൽ ഭിന്നശേഷിയുള്ളവർക്ക് ഇറങ്ങിച്ചെല്ലാൻ പറ്റുന്ന ഇടങ്ങൾ ഇല്ലാഞ്ഞിട്ടാണോ..? എന്താണ് കാരണം എന്ന് അന്വേഷിച്ചാൽ.? ഈ പറയുന്നതിൽ പലതും പറയാതെ പറയുന്ന കാരണങ്ങൾ തന്നെയാണ്.

ഒരിക്കൽ ഞാൻ കടയിൽ ഇരിക്കുമ്പോൾ ഒരാൾ വന്നിട്ട് എന്നോട് ഒരു റീചാർജ് കൂപ്പൺ ചോദിച്ചു. കൂപ്പൺ വെച്ച പെട്ടി തുറന്നു കാർഡ് നീട്ടിയപ്പോൾ അയാൾ അയാളുടെ കൈ കുറച്ചു ഉയർത്തി പിന്നിലേക്ക് വലിച്ചു. ഞാൻ ഒന്നുകൂടി നീട്ടി കൊടുത്തപ്പോൾ അയാൾ പിന്നെയും ഉയർത്തി. ദേഷ്യം വന്ന ഞാൻ, നിങ്ങൾ എന്താ എന്നെ കളിയാക്കുകയാണോ എന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞ മറുപടി ഇതായിരുന്നു...? നിന്റെ കൈക്ക് എന്തെങ്കിലും കുഴപ്പമുണ്ടോ എന്ന് പരീക്ഷിച്ചതാണ്.!

പരീക്ഷണങ്ങൾ നടത്താൻ നിങ്ങളാരാ ഡോക്ടർ ആണോ എന്ന് ഞാൻ തിരിച്ചു ചോദിച്ചപ്പോൾ ഒരു ചിരി സമ്മാനിച്ച് അയാൾ നടന്നകന്നു.

ആ നിമിഷം ഞാൻ ചിന്തിക്കുകയായിരുന്നു, പലവിധ പ്രയാസങ്ങളിലും ഇരുന്നിട്ടാണ് ചെറുതാണെങ്കിലും ഒരു തൊഴിൽ ചെയ്യുന്നത്! അതിനെ

പിന്തുണയ്ക്കാതെ സപ്പോർട്ട് ചെയ്യാതെ കുറവുകളിലേക്ക് മാത്രം ദൃഷ്ടി പതിപ്പിക്കുന്ന ആളുകൾ ഉണ്ടെങ്കിൽ എങ്ങനെയാണ് സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുക...?

ഇനി സ്വതന്ത്രമായി സഞ്ചരിക്കാൻ ഇറങ്ങിയാൽ ഒറ്റയ്ക്ക് കയറി ചെല്ലാൻ പറ്റുന്ന എത്ര ഇടങ്ങളുണ്ട്...?

എത്രയൊക്കെ പുരോഗമിച്ചു എന്ന് പറഞ്ഞാലും പുരോഗമനം എങ്ങുമെത്തിയിട്ടില്ല എന്നതാണ് വാസ്തവം.! ഭിന്നശേഷിയുള്ള ഒരു കുട്ടി എത്ര കഷ്ടപ്പാടുകൾ സഹിച്ചാണ് പഠിക്കുന്നത് എന്നറിയോ.? രാവിലെ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ മൂത്രമൊഴിച്ചാൽ വീട്ടിലെത്തിയിട്ടേ ഒഴിക്കൂ. അതുമൂലം ഉണ്ടാകുന്ന അസ്വസ്ഥതകൾ സഹിച്ചാണ് കുനിഞ്ഞിരിക്കുന്നത്.! മറ്റുകുട്ടികൾ ഓടിച്ചാടി കളിക്കുന്നത് കണ്ട് നിരാശയോടെ വീൽ ചെയറിന്റെ ഒരു മൂലയിലേക്ക് ഒതുങ്ങിപ്പോകുന്നു.!

അഞ്ചാറു മണിക്കൂർ ഒരേ ഇരിപ്പ് ഇരുന്നിട്ട് ശരീരത്തിലെ പല ഭാഗങ്ങൾ വേദനിച്ചിട്ടും അതൊന്നും കാര്യമാക്കാതെ പഠിച്ചുയർന്ന് ഏതെങ്കിലും ഒരു സ്ഥാപനത്തിലോ സ്കൂളിലോ ജോലിക്ക് അപ്ലൈ ചെയ്താൽ ഇത്ര പേർസന്റേജ് വൈകല്യം ഉണ്ടെന്ന് പറഞ്ഞു തിരിച്ചയക്കുന്നു. എന്നാൽ, ഇതേ പേർസന്റേജ് വെച്ചിട്ടല്ലെ ഞങ്ങൾ ഈ സർട്ടിഫിക്കറ്റ് സ്വന്തമാക്കുന്നത്? അങ്ങനെ, പല മേഖലകൾ എടുത്തു നോക്കിയാലും ഭിന്നശേഷിയുള്ളവർ അവഗണിക്കപ്പെടുന്നു.! വേണ്ട രീതിയിലുള്ള പരിചരണം കിട്ടാതെ, സ്നേഹം കിട്ടാതെ, അംഗീകരിക്കപ്പെട്ടാതെ, അകത്തളങ്ങളുടെ ഇരുളറയിൽ സ്വയം നീറി കഴിയുന്ന ജീവിതങ്ങളെ നിങ്ങൾ കണ്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കാണണം! അടുത്തറിയണം! അവർക്ക് പറയാനുള്ളത് കേൾക്കണം ! അരികിൽ ചെന്നിരുന്നാൽ കർക്കിടകമാസത്തിൽ തിമിർത്തുപെയ്യുന്ന മഴ പോലെ പെയ്ത് ഒഴുകുന്ന മിഴികളെ നിങ്ങൾക്ക് കാണാം.

തണുത്തു വിറയ്ക്കുന്ന ചുണ്ടുകൾ വിതുമ്പലുകൾക്കിടയിൽ മന്ത്രിക്കുന്നത് വിധിയുടെ വികൃതിയിൽ തോറ്റു പോയതുകൊണ്ടാണ്. ഒരു ചെടിയിൽ വിരിയുന്ന പൂവിന് എല്ലാം ഒരേ മണമാണ് എന്ന് നമ്മൾക്കെല്ലാവർക്കുമറിയാം. അതുപോലെ തന്നെയല്ലേ ഓരോ മനുഷ്യമനസ്സും? ഒരു ശരാശരി മനുഷ്യന്റെ ഹൃദയത്തിലും, മനസ്സിലും, കുടികൊള്ളുന്ന അതേ ആഗ്രഹങ്ങളും, മോഹങ്ങളും, സ്വപ്നങ്ങളും, ഇഷ്ട്ടങ്ങളും, വിധി അതിന്റെ പടുകുഴിയിലേക്ക് തള്ളിയിട്ട ജന്മങ്ങളുടെ ഹൃദയത്തിലും മിടിക്കുന്നുണ്ടാവില്ലേ? ആരെങ്കിലും ഇതൊക്കെ അറിയുന്നുണ്ടോ.? ചിന്തിക്കാറുണ്ടോ.? ഓരോ ദിനവും എത്ര വേദന നിറഞ്ഞ നിമിഷങ്ങളിലൂടെയാണ് ഞങ്ങൾ കടന്നു പോകുന്നതെന്ന്...? അതിനെയെല്ലാം മറികടന്നിട്ടും, മറച്ചു വെച്ചിട്ടുമാണ് മുഖത്ത് വിടരുന്ന ചിരി നിങ്ങൾക്ക് സമ്മാനിക്കുന്നത്.! അതിജീവിക്കുക എന്നത് ആവശ്യമാണ്.! സ്വന്തം വിധി മറ്റുള്ളവരെ കൊണ്ടെഴുതിക്കാൻ അനുവദിക്കരുത് ! സ്വയം എഴുതണം! അതിന് തീരുമാനങ്ങളെടുക്കാനുള്ള കരുത്താർജ്ജിക്കണം. നമ്മളെ രക്ഷിക്കാൻ നമ്മൾക്ക് അല്ലാതെ മറ്റാർക്കുമാവില്ല.! മറ്റുള്ളവർ രക്ഷിക്കാൻ വരുമെന്ന് ചിന്തിക്കുന്നത് തന്നെ വിഡ്ഢിത്തമാണ്!

ഒരു വേര് സ്വയം ഭൂമിയിലേക്ക് ആഴത്തിൽ ഇറങ്ങി ചെന്ന് മണ്ണിലെ ഫലപുഷ്ടമായ വളങ്ങൾ വലിച്ചെടുത്താൽ മാത്രമേ ഒരു വൃക്ഷത്തിന് വളരാനാവൂ..! സ്വന്തം ജീവിതം എങ്ങനെയാവണമെന്ന് സ്വയം എപ്പോ തീരുമാനിക്കുന്നുവോ അപ്പോ മുതൽ വിജയിച്ചു തുടങ്ങുന്നു! വിജയിക്കാൻ പരിശ്രമങ്ങൾ കൂടിയേതീരൂ! അതില്ലാതെ വിജയിക്കാനാവില്ല. ആ പരിശ്രമങ്ങൾക്കിടയിൽ പരിഹസിച്ചവരുണ്ടാകും. അത് മുഖവിലക്ക് എടുക്കേണ്ട! ലക്ഷ്യം വെച്ച് അതിലേക്കു തന്നെ നടന്നു ചെല്ലണം. ലക്ഷ്യത്തിൽ എത്തുന്നത് വരെ പ്രവർത്തിക്കണം. പിന്തിരിയരുത്, എന്തെങ്കിലും ഒരു കുറവുള്ളവർ മാത്രമേ ജീവിതത്തിൽ വിജയിച്ചിട്ടുള്ളൂ! അവർ മാത്രമാണ് എവിടെയെങ്കിലും എത്തിയിട്ടുള്ളതും! നമ്മുടെ വൈകല്യം ഒരു രോഗമല്ല! അത് ഒരു അവസ്ഥയാണ്. നമ്മൾ അതിനെ എങ്ങനെ കാണുന്നു എന്നതനുസരിച്ചാണ് വിധികർത്താക്കളുടെ നിർണയം. എന്ത് വിധി വിധിക്കണം എന്ന് സ്വയം തീരുമാനിക്കണം. രക്ഷിക്കാനും ശിക്ഷിക്കാനും നമുക്ക് തന്നെയാണ് അവകാശം. അതുകൊണ്ട് ചിന്തിക്കേണ്ടതും നമ്മൾ തന്നെയാണ്. നമ്മൾ സ്വയം മുന്നിലേക്ക് വരുമ്പോൾ കൈ തന്ന് സഹായിക്കാൻ നൂറു കൈകൾ ഉണ്ടാകും. അതു വരെ കണ്ടിരുന്നതല്ല അനുഭവിച്ചിരുന്നതല്ല ലോകം എന്നറിയും. കാണാത്തതും, അറിയാത്തതും കേൾക്കാത്തതുമായ വലിയൊരു ലോകം നാല് ചുവരിനപ്പുറത്തുണ്ട്. ആ വിശാലതയിലേക്ക് വെളിച്ചത്തിലേക്ക് കടന്നു ചെല്ലണം കണ്ണുതുറന്ന് കാണണം. വർണ്ണങ്ങളുടെ മായിക ലോകവും പ്രകൃതിയുടെ പച്ചപ്പിൽ വിരിയുന്ന ഹരിത ഗണങ്ങളും പൂവും പൂമ്പാറ്റയും നദിയും അരുവികളുമൊക്കെ നിറഞ്ഞ ഈ പ്രപഞ്ചത്തെ. മൂടി വെച്ച കണ്ണിന്റെ കെട്ടഴിച്ച് കണ്ട് ആസ്വദിക്കൂ. ഈ ലോകം നമ്മുടേതു കൂടിയാണ് നമ്മുടെ പങ്കാളിത്തം തെളിയിക്കേണ്ടത് നമ്മുടെ കടമയാണ്. അതിന് നല്ല സൗഹൃദങ്ങൾ നമ്മൾ കെട്ടിപ്പടുക്കണം അവരിലൂടെ ജീവിതം മറ്റൊരു തലത്തിലേക്ക് പോവും. സുഹൃത്തുക്കൾ എന്നും കൂടെ ഉണ്ടാവുന്നത് വലിയൊരു മുതൽക്കൂട്ടാണ്. സൗഹൃദങ്ങളിലൂടെ ഉടലെടുക്കുന്നൊരു ആത്മബന്ധമുണ്ട്. ഹൃദയം ഹൃദയത്തെ തൊട്ടറിയുന്ന ബന്ധം. ഏത് ഇരുട്ടിലും വെളിച്ചമാകുന്ന ബന്ധം.

*(ശേഷം പേജ് 13)*


ഷീബ

# നിറഞ്ഞു പരക്കുന്ന മാതൃസ്പർശം



**ഞാ**ൻ 'മദർ ടച്ച്' എന്ന സ്ഥാപനത്തിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്നു. മുമ്പ് എടുക്കേണ്ടി വന്ന മരുന്നിന്റെ പാർശ്വ ഫലമായി കാഴ്ച്ച നഷ്ടപെട്ടു. എന്റെ മകൻ ജനിച്ചിട്ട് രണ്ടു വർഷങ്ങൾക്കു ശേഷം അവന്റെ പെരുമാറ്റത്തിൽ അസ്വാഭാവികത അനുഭവപ്പെട്ടു. മറ്റു കുട്ടികളിൽ നിന്നും അകലം പാലിക്കുന്നത് ശ്രദ്ധയിൽ പെട്ടത് ഞങ്ങൾക്ക് ആശങ്കകൾക്ക് വഴിവെച്ചു. തിരുവനന്തപുരം CDCയിൽ അവനെ കാണിച്ചപ്പോൾ തുടർച്ചയായ പരിശീലനം അവനു അത്യാവശ്യമാണെന്ന് പറഞ്ഞു. ഞങ്ങൾ അടുത്തുള്ള നിരവധി സ്ഥാപനങ്ങളിൽ അന്വേഷിച്ചെങ്കിലും തുടർച്ചയായ പരിശീലനം ലഭ്യമാക്കുന്നവർ ഇല്ലായിരുന്നു. മാത്രമല്ല, അധ്യാപകർ മാറ്റം വന്നു പോകുമ്പോൾ പകരം വരുന്നവർ മുമ്പുള്ളവർ തുടർന്ന് പോന്നിരുന്ന രീതിയിൽ ആയിരിക്കില്ല കാര്യങ്ങൾ നീക്കുന്നത്. ഇത്തരം ചുറ്റുപാട് എന്നെ തൽസംബന്ധമായ വിഷയങ്ങൾ കൂടുതൽ അവഗാഹത്തിൽ പഠിക്കാൻ പ്രേരിപ്പിച്ചു. ആദ്യം പരുങ്ങിയെങ്കിലും ആത്മവിശ്വാസം സംഭരിച്ചു ചേർത്തലയുള്ള KVM സ്പെഷ്യൽ എജ്യുക്കേഷൻ കോളേജിൽ ചെന്ന് പ്രിൻസിപ്പലിനെ കണ്ടു. അവരോടു ആവശ്യമുന്നയിച്ചപ്പോൾ അവർ പൂർണ്ണ പിന്തുണ തന്നു. എനിക്ക് മറ്റു ബുദ്ധിമുട്ടുകൾ ഒന്നും ഇല്ലാതെ, മൂന്നാം റാങ്കോടെ കോഴ്സ് പൂർത്തിയാക്കാൻ സാധിച്ചു. അങ്ങനെ കിട്ടിയ



ആത്മവിശ്വാസത്തിൽ ഞാൻ തുടർന്നും പഠിച്ചു, ക്ലിനിക്കൽ സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കുകയും ചെയ്തു. അപ്രകാരം എന്റെ മകന്റെ കാര്യങ്ങൾ തനിയെ മുന്നോട്ടു നീക്കാൻ ഞാൻ പ്രാപ്തയായി. അതിനു ശേഷം ആദർശ് ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള സ്ഥാപനത്തിൽ ജോലിക്ക് പ്രവേശിച്ചു. അവിടെ ഒരു വർഷം തുടർന്നു, എന്നാൽ അതിനിടയിൽ എന്റെ ഭർത്താവിനു സെറിബ്രൽ ഹെമറേജ് വന്നു ഞങ്ങളെ വിട്ടു പോയി. അങ്ങനെ ഒരു സന്ദർഭത്തിൽ ആ സ്ഥാപനത്തിൽ തുടരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. മകന്റെ കാര്യവും, പ്രായമായ മാതാപിതാക്കളെക്കുറിച്ചുള്ള ആകുലതകളും എല്ലാം ആയപ്പോൾ തിരിച്ചു വർക്കലയിലേക്ക് പോകാൻ തീരുമാനിച്ചു. അവിടെ തിരിച്ചെത്തിയപ്പോൾ എന്റെ മകന്റേതിനു സമാനമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വേറെയും ചില കുട്ടികളെ കാണാനായി. അവരുടെ മാതാപിതാക്കളുടെ അഭ്യർഥനപ്രകാരം, ഞാൻ അഞ്ചു കുട്ടികളുമായി ഈ സ്ഥാപനം ആരംഭിച്ചു. ഇപ്പോൾ ആറു വർഷം ആയിരിക്കുന്നു.

രക്ഷിതാക്കളുടെ സഹകരണം കൊണ്ട് കുട്ടികളിൽ കാര്യമായ മാറ്റം കൊണ്ടുവരാനായി എന്ന ആത്മവിശ്വാസമുണ്ട്. ഇപ്പോൾ പന്ത്രണ്ട് കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. പന്ത്രണ്ട് കുട്ടികൾ എന്ന് പറയുമ്പോൾ, അതിനെ 12 ക്ലാസ്സുകൾ എന്ന രീതിയിൽ തന്നെ മനസ്സിലാക്കേണ്ടതുണ്ട്. ഓരോരുത്തരും പല രീതിയിൽ സ്വഭാവസവിശേഷത ഉള്ളവരാണ്. അവരെയെല്ലാം, പരമാവധി സ്വയംപ്രാപ്തരാക്കുക എന്നതാണ് ഇവിടെ നടപ്പാക്കുന്ന പദ്ധതി. പരമാവധി ഇവരുടെ കഴിവുകൾ കണ്ടെത്തി അതിനെ പരിപോഷിപ്പിച്ചു മുന്നോട്ടേക്ക് കൊണ്ടുവരിക എന്നതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ശാസ്ത്രീയമായ പരിശീലനങ്ങളിലൂടെ





നമുക്കിവിടെ നിന്ന് കൊടുക്കാനാകുന്നുണ്ട്.

ഓട്ടിസം സെന്റർ ആയിട്ടാണ് തുടങ്ങിയതെങ്കിലും, ഇപ്പോൾ ഡൌൺ സിൻഡ്രോം, സെറിബ്രൽ പാൾസി തുടങ്ങിയ അവസ്ഥകളിൽ ഉള്ളവരും ഇവിടെ പരിശീലനം നേടുന്നുണ്ട്.

RPWD Act (Revised Person With Disability Act) പ്രകാരം ഇരുപത്തിയൊന്നു വിഭാഗങ്ങളെ പ്രത്യേക പരിഗണന അർഹിക്കുന്നവരായി കണക്കാക്കിയിട്ടുണ്ട്. അവരിൽ mentally challenged ആയിട്ടുള്ളവർക്കാണ് സ്വന്തമായി ഒരു ഇടം തേടിപ്പിടിക്കാൻ സഹായം വേണ്ടുന്നവർ. മറ്റുള്ള വിഭാഗങ്ങളിൽ പെടുന്നവരിൽ ബൗദ്ധികമായി വളരെയധികം ഉയർന്ന നിലവാരം ആവശ്യപ്പെടുന്ന തൊഴിലുകൾ ചെയ്യുന്നവരുണ്ട്. എന്നാൽ mentally challenged ആയുള്ളവർക്ക് പൊതുസമൂഹത്തിന്റെ കൂടെ പിന്തുണയോടു കൂടിയെ വർത്തിക്കാനാകുള്ളൂ. സമൂഹത്തിന്റെയും സർക്കാർ സ്ഥാപനങ്ങളുടെയും പങ്കു പ്രസ്തുത കാര്യത്തിൽ വളരെ നിർണായകമാണ്. ഈ കുട്ടികളുടെയെല്ലാം മാതാപിതാക്കൾ സ്ഥിരം പങ്കുവെക്കാറുള്ള ഒരു വിഷമമാണ് അവരുടെ കാലശേഷം എന്ത് എന്നുള്ളത്. ഇതിനു ഉത്തരം നല്കാൻ കാര്യപ്രാപ്തമായ ഭരണകൂട ഇടപെടലുകളിലൂടെ മാത്രമേ സാധിക്കുള്ളൂ. ധാരാളം സുമനസ്സുകളുടെ സഹകരണം കൊണ്ടാണ് കഴിഞ്ഞ ആറു വർഷക്കാലം ഈ സംരംഭം മുന്നോട്ടു കൊണ്ടു പോകാൻ ആയത്. ഇത് വരെ ഗവൺമെന്റ് ഭാഗത്ത് നിന്ന് യാതൊരു സഹായവും ലഭിച്ചിട്ടില്ല; എല്ലാം ചുവപ്പുനാടയിൽ കുരുങ്ങി കിടപ്പാണ്.

സാധാരണ ഗതിയിൽ ഓട്ടിസം ബാധിച്ച കുട്ടികളുടെ വളർച്ചയിലെ ഓരോ ഘട്ടങ്ങളും അഥവാ നടന്നു തുടങ്ങുന്ന പ്രായം, സംസാരിച്ചു തുടങ്ങുന്ന പ്രായം, എന്നിവ മറ്റു കുട്ടികളെ അപേക്ഷിച്ച് കൂടുതൽ വൈകും. ഇവർ മറ്റുള്ള കുട്ടികളുമായി ഇടപെടൽ വളരെ കുറവായിരിക്കും, സ്വന്തം ലോകത്ത് തന്നെ കളിച്ചിരിക്കാനായിരിക്കും ഇവർ താല്പര്യം കാണിക്കുക. ഇത്തരം ലക്ഷണങ്ങൾ കാണിക്കുന്ന കുട്ടികളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി പരിശീലനം നൽകുകയാണ് വേണ്ടത്. ഓട്ടിസം എന്നത് ഒരു അവസ്ഥയാണ്, അതിനു പ്രത്യേക ചികിത്സ

(ശേഷം പേജ് 22)

ഇവരിലെ കഴിവുകൾ വളർത്തുകയും ദൂഷ്യവശങ്ങൾ ദൂരീകരിക്കുന്നതിനും ആണ് ഇവിടെ ശ്രമം. ധാരാളം പരിശ്രമങ്ങൾക്കും പരിശീലനങ്ങൾക്കും ശേഷം അവർ സാധാരണ കുട്ടികളെക്കാളും കൃത്യനിഷ്ഠയോടെ കാര്യങ്ങൾ ചെയ്യുന്നത് കാണുന്നത് വളരെ സന്തോഷമുളവാക്കുന്നതാണ്. കുട്ടികൾക്കുള്ള പരിശീലനത്തോളം പ്രാധാന്യമർഹിക്കുന്നതാണ് രക്ഷിതാക്കൾക്കുള്ളതും. അതും


ചർച്ചാവിഷയം



സുനിത തൃപ്പാണിക്കര

# ചിത്രകലയുടെ ഭിന്നവഴികൾ

എന്റെ പേര് സുനിത തൃപ്പാണിക്കര. കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. കണ്ണൻ ദാർമന്റേയും ജാനകിയുടേയും ആറു മക്കളിൽ ഇളയവളാണ് ഞാൻ. ചെറുപ്പം മുതലേ എനിക്ക് മസ്കുലാർ അട്രോഫിയ എന്ന രോഗം ബാധിച്ച് നടക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. നാലാം ക്ലാസ് വരെ ട്രീറ്റ്മെന്റ് നടത്തിയതിനാൽ നടക്കാൻ കഴിഞ്ഞിരുന്നു. നാലാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു ദിവസം ഒരു വീഴ്ച സംഭവിക്കുകയും വീണ്ടും ശരീരം ക്ഷയിച്ചു ക്ഷയിച്ചു വരികയും ചെയ്തു കൊണ്ടിരുന്നു. അഞ്ചാം ക്ലാസിലെത്തിയപ്പോഴേക്കും എനിക്ക് ചിത്രകലയോട് വളരെയധികം താല്പര്യം തോന്നിത്തുടങ്ങിയിരുന്നു. അതിനു കാരണം എന്റെ ഏട്ടനായിരുന്നു. ഏട്ടൻ പ്രശസ്ത മൗത്ത് പെയിന്റർ ഗണേഷ്കുമാർ ആണ്. അദ്ദേഹത്തിന്റെ ചിത്രകല കണ്ടുകൊണ്ടാണ് ഞാൻ വളർന്നത്. പ്ലസ്ടു വരെ ഞാൻ സ്കൂളിൽ പോയി പഠിച്ചു. എന്റെ അമ്മ എന്നെ എടുത്താണ് സ്കൂളിൽ കൊണ്ടു പോയിരുന്നത്. എന്റെ അമ്മ എനിക്ക് നല്ല സപ്പോർട്ട് ആയിരുന്നു. പ്ലസ്ടു വരെ എങ്ങിനെയൊക്കെയോ ഞാൻ സ്കൂളിൽ പോയി. ഞാൻ വളർന്നു കൊണ്ടിരിക്കുന്നതിനാൽ അമ്മയ്ക്ക് എന്നെ എടുത്തു കൊണ്ടു പോകുന്നത് ബുദ്ധിമുട്ട് ആയതുകൊണ്ട് പ്ലസ്ടുവിന് ശേഷം വീട്ടിലിരുന്ന് പഠിക്കാൻ തീരുമാനിച്ചു. അങ്ങിനെ ഞാൻ ബി.എ.യും എം.എ.യും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കറസ്പോണ്ടൻസ് വഴി കരസ്ഥമാക്കി. എട്ടാം ക്ലാസ്സ് മുതൽ എന്റെ കൈകൾക്കും അസുഖം നന്നായി ബാധിച്ചു തുടങ്ങിയിരുന്നു. കൈകൾ കൊണ്ട് എഴുതാനോ വരക്കാനോ കഴിയാത്ത അവസ്ഥ ഉണ്ടായി. അതിനാൽ സ്ക്രൈബ്നെ വെച്ചിട്ടാണ് പരീക്ഷയൊക്കെ എഴുതിയത്. പ്ലസ്ടു കഴിഞ്ഞ് സ്കൂളിൽ പോകാതായപ്പോൾ ധാരാളം സമയം ഉണ്ടായി. ബോറടിക്കാൻ തുടങ്ങിയപ്പോൾ ആണ് ചിത്രകലയെ കൂടുതലായി ഇഷ്ടപ്പെടാൻ തുടങ്ങിയത്. അങ്ങിനെ ചിത്രം കൂടുതൽ വരക്കാൻ തുടങ്ങി. കൈകൊണ്ട് വരക്കാൻ കഴിയാതെ വന്നപ്പോൾ എനിക്ക് വല്ലാത്തൊരു ഫീലിംഗ് ഉണ്ടായി. വരക്കണം എന്നുള്ള ആഗ്രഹം ഉള്ളിൽ ഉണ്ടാവുകയും വരക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്തപ്പോൾ ഏട്ടനോട് പറഞ്ഞു. “ഏട്ടാ എനിക്ക് വരക്കാൻ കഴിയുന്നില്ല എന്ന്.” ഏട്ടൻ പറഞ്ഞു. “ഏട്ടൻ വരക്കുന്നതു പോലെ വായ കൊണ്ട് വരക്കാൻ ശ്രമിച്ചു നോക്കൂ” എന്ന്. അതുവരെ ഞാൻ വിചാരിച്ചിട്ടുണ്ടായിരുന്നില്ല എനിക്ക് വായ കൊണ്ട് വരക്കാൻ കഴിയുമെന്ന്. പക്ഷെ പിന്നീട് വരക്കാതിരിക്കാൻ പറ്റില്ല എന്ന സാഹചര്യത്തിൽ എനിക്ക് വായകൊണ്ട് വരക്കേണ്ടി വന്നു എന്ന് പറയാം. ഒരു ദിവസം ഒരു കാൻവാസ് എടുത്ത് ഒരു ലാൻഡ്സ്കേപ്പ് ആയിരുന്നു ആദ്യം ചെയ്തത്. എനിക്ക് തന്നെ അത് മനോഹരമായി എന്ന് തോന്നി. എനിക്ക് ഒരു ആത്മവിശ്വാസം ഉണ്ടായി. എന്തായാലും എനിക്ക് ഇങ്ങനെ വരക്കാൻ കഴിയും എന്ന്. അങ്ങിനെ ചിത്രകല വായ കൊണ്ട് തന്നെ തുടരാൻ തീരുമാനിച്ചു.




2016-ൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ വക എനിക്ക് ശ്രേഷ്ഠ വനിതാ പുരസ്ക്കാരം കിട്ടി. 2017 -ൽ നാഷണൽ അവാർഡ് ഫോർ ഔട്ട് സ്റ്റാന്റിംഗ് ക്രിയേറ്റീവ് അഡൽറ്റ് പേഴ്സൺ വിത്ത് ഡിസബി ലിറ്റി എന്ന അവാർഡ് കിട്ടിയിട്ടുണ്ട്. രാഷ്ട്രപതി യുടെ കൈയിൽ നിന്ന് അത് സ്വീകരിക്കാൻ കഴി ഞ്ഞത് എനിക്ക് മറക്കാൻ കഴിയാത്ത ഒരു അനു ഭവം ആയിരുന്നു. രാഷ്ട്രപതിയെ നേരിട്ട് കാണാനും അദ്ദേഹത്തിന്റെ കൈയ്യിൽ നിന്ന് ഗോൾഡ് മെഡലും സർട്ടിഫിക്കറ്റും വാങ്ങാൻ പറ്റിയതിൽ ഒരുപാട് സന്തോഷമുണ്ട്. അതിനുശേഷം എനിക്ക് ജ്യോതിഷ് 2018 എന്ന അവാർഡും ലഭിച്ചിട്ടുണ്ട്. 2016ൽ തന്നെ നെഹ്റു യുവക് കേന്ദ്രയുടെ അവാ ർഡ് ലഭിച്ചിട്ടുണ്ട്. അങ്ങിനെ ഒരുപാട് അവാർഡു കളും അനുമോദനങ്ങളും കിട്ടി. ചിത്രരചന കൂടാതെ കഥയും കവിതയും എഴുതുമായിരുന്നു. ആദ്യമായിട്ട് ഞാൻ എഴുതിയ ചെറുകഥ എട്ടാംക്ലാ സ്സിൽ പഠിക്കുമ്പോൾ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നിട്ടുണ്ട്. കടലാസ് എന്നാണ് അതിന്റെ പേര്. അതിനുശേഷം ഒരുപാട് കഥയും കവിതയും എഴു തിയിട്ടുണ്ട്. പല മാഗസിൻസിലും വന്നിട്ടുണ്ട്. കൂടാതെ ഡാൻസ് കൊറിയോഗ്രാഫി, ഡ്രാമാ ഡയ റക്ടിംഗ് എന്നിവയും ചെയ്യാറുണ്ട്. ഡ്രാമ എഴു താറും ഉണ്ട്. അങ്ങിനെ എനിക്ക് പറ്റാവുന്ന എല്ലാ മേഖലകളിലും ഇറങ്ങിച്ചെല്ലാൻ ഞാൻ പരമാവധി ശ്രമിക്കാറുണ്ട്. പിന്നെ ഫ്ളൈ എന്നു പേരുള്ള ഒരു ഓർഗനൈസേഷൻ ഉണ്ട് ഞങ്ങൾക്ക്. ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ള ആൾക്കാരുടേത്. അതിൽ ഒരു അംഗമാണ് ഞാൻ. അതിലൂടെ ഒരുപാട് പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. അവിടെ യുള്ള ആളുകൾക്കുവേണ്ടി പ്രോഗ്രാം കോ-ഓർഡി നേറ്റ് ചെയ്യാനും അവർക്കു വേണ്ടിയിട്ടുള്ള ഒരു മാഗസിൻ ആദ്യമായി ഇറക്കാനും എനിക്ക് സാധിച്ചു. ചിറക് എന്ന മാഗസിൻ ആയിരുന്നു അത്. ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ള ഒരുപാട് പേർ നന്നായി എഴുതുന്നത് കണ്ടിട്ട് അവരെ ഉയർത്തിക്കൊണ്ടുവരാനായുള്ള എന്റെ ശ്രമത്തിന്റെ ഭാഗമായിരുന്നു ചിറക് എന്ന മാഗസിൻ. അതിന്റെ എഡിറ്റർ ആയി മൂന്നാലു വർഷം ഞാൻ വർക്ക് ചെയ്തിട്ടുണ്ട്. അതിനു ശേഷം എന്നേക്കാൾ നന്നായി വർക്ക് ചെയ്യുന്ന ഷാജിത ലോറ എന്ന ആൾക്ക് കൈമാറുകയും ചെയ്തു. പിന്നെ എനിക്ക് ചെയ്യാൻ കഴിയുന്ന എല്ലാ മേഖലകളിലും പ്രവർ ത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പിന്നെ ഇപ്പോ ചിത്ര കാരന്മാരുടെ കൂട്ടായ്മയായ സർഗമംഗളയിലും പ്രവർത്തിക്കുന്നുണ്ട്. അതിലൂടെ ഒരുപാട് ചിത്രകാ രന്മാരെക്കുറിച്ചും ചിത്രരചനയിലെ പുതിയ മേഖല കളെക്കുറിച്ചും പഠിക്കാൻ എനിക്ക് കഴിയുന്നുണ്ട്. അങ്ങിനെ ലൈഫ് ഫുൾ ആയിട്ട് ഫിൽ ചെയ്യാൻ

**സിംഗപ്പൂരിൽ പോയി വലിയ കലാകാരന്മാരോടൊപ്പം ഉള്ള ആ ഒരു അനുഭവം മറക്കാനാവാത്തത് ആയിരുന്നു. ചിത്രകല എന്താണെന്നും ചിത്രകാരി എങ്ങിനെയായിരിക്കണം എന്നും ചിത്രകലാലോകം എങ്ങിനെയാണെന്നും എനിക്ക് മനസ്സിലാക്കി തന്ന ഒരു എക്സിബിഷൻ ആയിരുന്നു. അത്. അങ്ങനെ ചിത്രകലയോട് ഞാൻ കൂടുതൽ കൂടുതൽ അടുത്തു കൊണ്ടിരുന്നു. പിന്നീട് ഞാൻ കുറെ സോളോ എക്സിബിഷനുകൾ കണ്ണൂർ, പയ്യന്നൂർ, ബാംഗ്ലൂർ, പോണ്ടിച്ചേരി, മാംഗ്ലൂർ എന്നിവിടങ്ങളിൽ ചെയ്തു. ഏറ്റവും അവസാനം ചെയ്തത് ദുബായിൽ ആണ്. ആക്സസ്സെബിലിറ്റി എക്സ്പോ എന്ന വലിയൊരു എക്സ്പോയിൽ എനിക്കൊരു സ്റ്റാൾ ഉണ്ടായിരുന്നു. അതിൽ എല്ലാ രാജ്യക്കാരുടേയും സ്റ്റാളുകൾ ഉണ്ടായിരുന്നു.**

എനിക്ക് കഴിയുന്നുണ്ടെന്ന് തോന്നുന്നു. അങ്ങിനെ മൂവായിരത്തിലധികം ചിത്രങ്ങൾ ഫിനിഷ് ചെയ്തു. കുറെ എക്സിബിഷൻ ചെയ്തു. ധാരാളം വർക്ക് ഷോപ്പുകൾ ചെയ്തു. ഉദ്ഘാടനം ഒക്കെ ചെയ്തു. ആദ്യം ഞാൻ എക്സിബിഷൻ ചെയ്തത് പോണ്ടിച്ചേരിയിൽ ആയിരുന്നു. മുക്തി ഓർഗനൈസേഷന്റെ ഭാഗമായിട്ട് ഡിഫറന്റ്ലി ഏബിൾഡ് ആയ കുറച്ച് പേരുടെ കൂടെ ഒരു ഗ്രൂപ്പ് എക്സിബിഷൻ. 2012ൽ ആയിരുന്നു അത്. എന്റെ ചിത്രകലയിലെ ഇംപ്രൂവ്മെന്റ് കണ്ട എന്റെ ഏട്ടൻ എ.എം.ഒ.എഫ്.പി.എ. (AMOFPA) എന്ന സംഘടനയിലേക്ക് എന്നെയും കൂടെ ചേർത്തു. ഏട്ടൻ അതിൽ അംഗമായിരുന്നു. എന്നെ അവർ ആ ഗ്രൂപ്പിലേക്ക് സ്വീകരിച്ചു. അസോസിയേഷൻ ഫോർ മൗത്ത് ആന്റ് ഫൂട്ട് പെയിന്റിംഗ് ആർട്ടിസ്റ്റ്സ് എന്നാണ് അതിന്റെ ഫുൾഫോം. കാലുകൊണ്ടും വായ കൊണ്ടും വരക്കുന്നവരുടെ ഒരു ഓർഗനൈസേഷൻ ആയിരുന്നു അത്. അവരുടെ ഗ്രൂപ്പിലേക്ക് ഞാൻ എത്തിപ്പെട്ടതോടെ എന്റെ ചിത്രകലയുടെ ലോകം തന്നെ മാറിത്തുടങ്ങി. അവർ നമ്മുടെ പെയിന്റിംഗ്, സ്കെച്ചസ് ഒക്കെ കലണ്ടറും ഗ്രീറ്റിംഗ് കാർഡ്സും ഒക്കെയായി മാറ്റാറുണ്ട്. അങ്ങനെ ലോകത്ത് എല്ലായിടത്തും ടീ ഷർട്ട്സ് ആയും മറ്റും എല്ലാ വിപണന മേഖലയിലും എത്തിക്കുന്നുണ്ട്. അതിലൂടെ ഞങ്ങൾക്കൊരു വരുമാനം ഉണ്ടാകുവാൻ തുടങ്ങി.

മാസത്തിൽ പൈസ നമുക്ക് എത്തിച്ചു തരാനും ചിത്രകല കൂടുതൽ പഠിക്കാനുള്ള സ്കോളർഷിപ്പ് തരാനും അവർ ശ്രമിച്ചു കൊണ്ടിരുന്നു. അതിനുശേഷം പല സ്ഥലങ്ങളിലായി എക്സിബിഷൻ ഓരോ വർഷങ്ങളിലും സംഘടിപ്പിക്കാറുണ്ട് ഈ അസോസിയേഷൻ. ഇതിന്റെ ഭാഗമായി സിംഗപ്പൂരിൽ 2013ൽ ഒരു എക്സിബിഷൻ ഉണ്ടായിരുന്നു. ഗ്രൂപ്പ് എക്സിബിഷൻ ആയിരുന്നു. ലോകം മുഴുവൻ ഉള്ള ആർട്ടിസ്റ്റുകൾ ഉണ്ടായിരുന്നു. അത് വളരെ വലിയൊരു അനുഭവമായിരുന്നു. രണ്ടാമത്തെ പ്രാവശ്യമായിരുന്നു ഇങ്ങനെയൊരു എക്സിബിഷനിൽ ഞാൻ പങ്കെടുത്തത്. സിംഗപ്പൂരിൽ പോയി വലിയ കലാകാരന്മാരോടൊപ്പം ഉള്ള ആ ഒരു അനുഭവം മറക്കാനാവാത്തത് ആയിരുന്നു. ചിത്രകല എന്താണെന്നും ചിത്രകാരി എങ്ങിനെയായിരിക്കണം എന്നും ചിത്രകലാലോകം എങ്ങിനെയാണെന്നും എനിക്ക് മനസ്സിലാക്കി തന്ന ഒരു എക്സിബിഷൻ ആയിരുന്നു. അത്. അങ്ങനെ ചിത്രകലയോട് ഞാൻ കൂടുതൽ കൂടുതൽ അടുത്തു കൊണ്ടിരുന്നു. പിന്നീട് ഞാൻ കുറെ സോളോ എക്സിബിഷനുകൾ കണ്ണൂർ, പയ്യന്നൂർ, ബാംഗ്ലൂർ, പോണ്ടിച്ചേരി, മാംഗ്ലൂർ എന്നിവിടങ്ങളിൽ ചെയ്തു. ഏറ്റവും അവസാനം ചെയ്തത് ദുബായിൽ ആണ്. ആക്സസ്സെബിലിറ്റി എക്സ്പോ എന്ന വലിയൊരു എക്സ്പോയിൽ എനിക്കൊരു സ്റ്റാൾ ഉണ്ടായിരുന്നു. അതിൽ എല്ലാ രാജ്യക്കാരുടേയും സ്റ്റാളുകൾ ഉണ്ടായിരുന്നു.

പിന്നെ ഏഴ് സോളോ എക്സിബിഷൻ ഉണ്ടായിരുന്നു കാഞ്ഞങ്ങാട്, കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം അങ്ങനെ കുറെ സ്ഥലങ്ങളിൽ. ഇതു കൂടാതെ കഥ, കവിത എന്നിവ എഴുതാനും താല്പര്യമുണ്ട്.

■



സമീറ ഹനീഫ്

# അതിജീവനത്തിന്റെ കാൽപ്പാടുകൾ

ജീവിത പ്രാരാബ്ധങ്ങൾക്കും ശാരീരിക വൈകല്യങ്ങൾക്കും മനുഷ്യനെ നിരാശയുടേയും നിശബ്ദതയുടേയും പടുകുഴിയിലേക്ക് തള്ളിയിടാൻ സാധിക്കും. എന്നാൽ ഒരു ചെറു പുഞ്ചിരിയോടെ അവയെ അതിജീവിച്ച് സ്വജീവിതം കൊണ്ട് മായാജാലം തീർക്കാൻ കഴിവുള്ള ചിലരുണ്ട്. ചുറ്റുമുള്ളവരെ വല്ലാതെ അതിശയിപ്പിച്ചു കളയുന്നവർ. മലപ്പുറം ജില്ലയിലെ നിലമ്പൂർ ചുങ്കത്തറ സ്വദേശി സി.എച്ച് മാരിയത്ത് അത്തരത്തിലൊരാളാണ്. 'കാലം തന്റെ കാൽപ്പാടുകൾ' മായ്ക്കാൻ ശ്രമിച്ചപ്പോൾ ജീവിതയാത്രയിൽ ഉറച്ച ചുവടുകളോടെ വർണ്ണങ്ങൾ വാരി വിതറിയവൾ. പ്രസന്ന വദനയായി തന്റെ ശാരീരിക വൈകല്യങ്ങളെ മറികടന്ന് എഴുത്തുകാരിയും, ചിത്രകാരിയും, സാമൂഹിക പ്രവർത്തകയും ആയവൾ.

തന്റെ ഏഴാം വയസ്സിലാണ് ഒരു പനിയുടെ രൂപത്തിൽ വില്ലനായി വന്ന വിധി മാരിയത്തിന്റെ കാലുകളുടെ ചലനശേഷി അപഹരിച്ചെടുത്തത്. തന്റെ കുഞ്ഞി കാൽപാദങ്ങൾ വളരെ കുറഞ്ഞ കാലം മാത്രമേ ഈ ഭൂമിയിൽ പതിഞ്ഞുള്ളുവെങ്കിലും പകതയാർന്ന ജീവിത വീക്ഷണം കൊണ്ടും ഇച്ഛാശക്തികൊണ്ടും താൻ പതിപ്പിച്ച പാദമുദ്രകൾ കാലത്തിന് മായ്ക്കാനാവില്ലെന്ന ഓർമ്മപ്പെടുത്തലാണ് മാരിയത്തിന്റെ ആദ്യ പുസ്തകം 'കാലം മായ്ച്ച കാൽപ്പാടുകൾ'.

രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ കാലുകൾ തളർന്ന് വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ തളക്കപ്പെട്ട മാരിയത്ത് തന്റെ ഏകാന്തതയെ മറികടക്കാൻ കണ്ടെത്തിയ വഴി ചിത്രരചനയാണ്. തന്റെ ചിത്രങ്ങൾക്ക് ആസ്വാദകരും ആരാധകരും ഏറി വന്നത് മാരിയത്തിന്റെ ജീവിതത്തിന് പുതിയ പ്രതീക്ഷകൾ നൽകി. സഹോദരി റെജീനയും സുഹൃത്തുക്കളും ചിത്രരചനയുടെ വഴികളിൽ അവളെ ഏറെ പ്രോൽസാഹിപ്പിച്ചു.



മാരിയത്ത്

സ്കൂളിൽ പോയി പഠനം തുടരാൻ സാധിക്കാതിരുന്നതിനാൽ വീട്ടിലിരുന്നു പഠിക്കാൻ മാരിയത്ത് തീരുമാനിച്ചു. അതിന് എല്ലാവിധ പിന്തുണയും നൽകി അവളെ പ്രാപ്തയാക്കിയത് വീട്ടിൽ വന്ന് പഠിപ്പിക്കാൻ തയ്യാറായ കുഞ്ഞമ്മ ടീച്ചറായിരുന്നു. ബഷീർ മാഷിന്റെയും സുരേന്ദ്രൻ



**മലപ്പുറം കലക്ടറിൽ നിന്ന് തെരഞ്ഞെടുപ്പ്
യൂത്ത് ഐക്കൺ അവാർഡ് സ്വീകരിക്കുന്നു**

മാഷിന്റെയും പ്രോൽസാഹനവും സഹായവും കൂടിയായപ്പോൾ രണ്ടാം ക്ലാസ്സിൽ സ്കൂൾ പഠനം നിർത്തിയ മാരിയത്ത് പത്താം ക്ലാസ് പരീക്ഷ നല്ല രീതിയിൽ വിജയിച്ചു.

കോളേജിൽ ചേർന്നു പഠിച്ച പ്രീഡിഗ്രി കാലഘട്ടമാണ് മാരിയത്ത് തന്റെ ജീവിതത്തിലെ സുവർണ്ണ കാലമായി കണക്കാക്കുന്നത്. മാതൃ തുല്യയായ കുഞ്ഞമ്മ ടീച്ചറും സുഹൃത്ത് മിനി ടീച്ചറും ആയിരുന്നു അതിന് വഴിയൊരുക്കിയത്. നടക്കാൻ സാധിക്കാത്ത അവരെ കോളേജിലേക്ക് എടുത്ത് കൊണ്ടു പോകുന്ന ചുമതല അനുജൻ ഫിറോസും ഏറ്റടുത്തതോടെ തന്റെ സമപ്രായ ക്കാരോടൊന്നിച്ച് ഒരു കലാലയാന്തരീക്ഷത്തിൽ പഠിക്കുന്നതിന്റെ എല്ലാ നിറങ്ങളും മാരിയത്തിന്റെ ജീവിതത്തിലും വന്നെത്തി.



**കെ. ജയകുമാറിനൊപ്പം മാരിയത്ത്**

വായനയിലൂടെ അക്ഷര ലോകത്തേക്ക് കടന്നു വന്ന മാരിയ ത്തിന്റെ എഴുത്തുകൾക്ക് ആരാധ കരേറി വന്നു. കാലിക്കറ്റ് യൂണി വേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് വിമൻ സ്റ്റഡീസ് 2012-ൽ മാരിയത്തിനെ വുമൻ ഓഫ് ദി ഇയർ ആയി തിര ഞ്ഞെടുത്തു. ആ അവാർഡ് സ്വീക രിക്കാനായാണ് അവർ ആദ്യമായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എത്തുന്നത്. അവരെ കണ്ട അന്നത്തെ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ അബ്ദുൽ സലാം അവർക്ക് യൂണി വേഴ്സിറ്റിയിൽ ജോലി വാഗ്ദാനം ചെയ്യുകയായിരുന്നു. മാരിയത്തിന് സർവ്വകലാശാലയുടെ പബ്ലിക് റിലേ ഷൻസ് വകുപ്പിൽ ജോലി നൽകാ നുള്ള വൈസ് ചാൻസലറിന്റെ തീരു മാനം സിൻഡിക്കേറ്റ് ഒരേ സ്വരത്തിൽ പാസാക്കിയപ്പോൾ ഒരു വർഷത്തെ കരാർ നിയമനത്തിനു ശേഷം മാരിയ ത്തിന് ജോലി സ്ഥിരപ്പെടുക

*(ശേഷം 22-ാം പേജ്)*



ആഷ്‌ല റാണി

# ഔദാര്യമല്ലിത്, ഉത്തരവാദിത്വം!

**സാംസ്കാരിക കേരളം എന്ന് അഭിമാനിക്കുന്ന അഹങ്കരിക്കുന്ന ഞാനും നിങ്ങളും അടങ്ങുന്ന ഈ സമൂഹം ഇങ്ങനെയൊരു പരീക്ഷ ജയിക്കുമോ? എത്ര മാർക്ക് കിട്ടുമായിരിക്കും നമുക്ക്? ഇതൊന്നും അശ്രദ്ധമായി എറിഞ്ഞു കൊടുക്കേണ്ടുന്ന ഔദാര്യമല്ല, നമ്മുടെ ഉത്തരവാദിത്ത മാണെന്നും നമ്മൾ എന്നാണ് പഠിക്കുക?**



ഇത് എൺപതുകളിൽ കേരളത്തിലെ നാട്ടിൻപുറത്തു ജനിച്ചു വളർന്ന ഞാൻ എന്ന സ്ത്രീയുടെ കഥയാണ്. പെൺകുട്ടികൾ പുസ്തകങ്ങളേക്കാൾ അടുക്കളപ്പണിയെ ഇഷ്ടപ്പെടേണ്ടിയിരുന്ന കാലം. രണ്ടു പെൺമക്കൾ അച്ഛനും അമ്മയ്ക്കും ഭാരമാണെന്നു സമൂഹം വിശ്വസിച്ചിരുന്ന കാലം. 'വേറെ വീട്ടിൽ പോയി ജീവിക്കാൻ' പരിശീലിപ്പിക്കുന്ന എല്ലാത്തിനേയും വെറുത്തിരുന്ന ഞാൻ അന്ന് അതിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗമായി കണ്ടത് കുഞ്ഞമ്മാവന്റെ പുസ്തകശേഖരമായിരുന്നു. അങ്ങനെ സുഗതകുമാരിയും ഇടശ്ശേരിയും ബഷീറും എസ്.കെ.പൊറ്റക്കാടും എല്ലാം എന്റെ ജീവിതത്തിലേക്ക് വന്നു. ഞാൻ വായിച്ചു വളർന്നു. പഠിച്ചു ജോലി നേടി; സ്ത്രീയായി പിറന്നതിന്റെ എല്ലാ പരിമിതികളും അനുഭവിച്ചും അതിജീവിച്ചും തന്നെ. ചുറ്റുമുള്ളവർ എന്ത് പറയും എന്നതിനെ ഒരു പരിധി വരെ അവഗണിക്കാൻ ആ ജീവിതം എന്നെ പഠിപ്പിച്ചു.

ഇരുപത്തിയെട്ടാമത്തെ വയസ്സിൽ ഒരു അപകടത്തിൽ പെട്ട് നട്ടെല്ലിന് പരുക്ക് പറ്റി ജീവിതം വീണ്ടും ഒന്നിൽ നിന്ന് തുടങ്ങേണ്ടി വന്നപ്പോൾ തീർത്തും അവഗണിക്കപ്പെടുന്ന തികച്ചും വ്യത്യസ്തമായ മറ്റൊരു സമൂഹത്തിന്റെ ഭാഗമായി ഞാൻ. ഈ ലോകം എത്രത്തോളം ആരോഗ്യവാനായ




പുരുഷന് വേണ്ടി മാത്രം ഉണ്ടാക്കപ്പെട്ടതാണ് എന്ന് വീണ്ടും വീണ്ടും കാണിച്ചു തന്ന ദിവസങ്ങൾ.

കാലുകൾക്കു പകരം ചക്രങ്ങൾ ഉരുട്ടുമ്പോൾ മുന്നിൽ തടസ്സങ്ങൾ ഒരുപാടുണ്ട്. ഫുട്പാത്തുകളുടെ നാലിഞ്ചു കനം ഒരു വലിയ മല പോലെ മുന്നിൽ. കയറാൻ പറ്റുന്നിടത്തുകൂടെ കുറച്ചു ദൂരം പോകുമ്പോൾ കുറുകെ നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങൾ.

ഒന്നും ചെയ്യാനില്ലാതെ ഒരു ദിവസം മുഴുവൻ കട്ടിലിൽ തന്നെ കിടക്കുന്ന കാര്യം ഒന്നാലോചിച്ചു നോക്കൂ. ബോറടിക്കുമായിരിക്കും അല്ലേ? ശരി. ഇനി ഒരു ദിവസം അല്ല. ആഴ്ചകളോ മാസങ്ങളോ ആണെങ്കിൽ? ഒരു ജീവിതകാലം മുഴുവൻ ആണെങ്കിൽ? ഒരു അപകടത്തിൽ കാലിന് സ്വാധീനം നഷ്ടപ്പെടുന്നവർക്കോ മറ്റെന്തെങ്കിലും രീതിയിൽ കാര്യമായ പരിമിതികൾ ഉണ്ടാവുകയോ ചെയ്യുന്നവരുടെ ഭാഗത്തു നിന്ന് ഒരു നിമിഷം ആലോചിച്ചു നോക്കൂ. റോഡ് മുറിച്ചു കടക്കുമ്പോൾ തടയാൻ ശ്രമിക്കുന്ന, "വീട്ടിൽ ഇരുന്നാൽ പോരെ, നിനക്കൊക്കെ" എന്ന് മുഖത്തു പോലും നോക്കാതെ ചോദിക്കുന്നവരോട് ഒന്ന് ചോദിക്കട്ടെ? നിങ്ങൾക്കാണെങ്കിൽ അത് സാധിക്കുമോ?

കൂട്ടുകാരോടൊപ്പം വെറുതെയൊന്ന് പുറത്തേക്കിറങ്ങുമ്പോൾ "ബുദ്ധിക്ക് എന്തെങ്കിലും കുഴപ്പമുണ്ടോ?" എന്ന് കൂടെ ഉള്ളവരോട് ചോദിക്കുന്ന വരെ കണ്ടിട്ടുണ്ട്. ഹോട്ടലിൽ കഴിക്കാൻ പോയപ്പോൾ എന്നെയൊന്ന് നോക്കുക പോലും ചെയ്യാതെ കൂടെയുള്ള എല്ലാവർക്കും മെനു കാർഡ് കൊടുത്ത അനുഭവവും എനിക്കുണ്ട്. ആരും വരാത്തതുകൊണ്ടാണ് ഇവിടെ റാമ്പ് ഒന്നും പണിയാത്തത് എന്ന് പറയുന്നു കടയുടമകൾ.

എളുപ്പമല്ല ഈ ജീവിതം. എനിക്ക് മാത്രമല്ല, എന്റെ കൂടെ, എന്നപ്പോലെ ഇത് അനുഭവിക്കുന്ന ആർക്കും എവിടെയാണ്, എങ്ങനെയാണ് മാറേണ്ടത് എന്ന് ചോദിച്ചാൽ അവനവന്റെ ഉള്ളിൽ നിന്ന് തന്നെയാണ് തുടങ്ങേണ്ടത് എന്നതാണ് ഉത്തരം. ജീവിതം തീർന്നു പോയിട്ടില്ലെന്നും തളർന്നു പോകരുതെന്നും സ്വയം ഓർമ്മിപ്പിക്കുക; ഭിന്നശേഷി ഒരു കുറ്റമല്ല എന്നും ഭിന്നശേഷിയുള്ളവരും ഈ സമൂഹത്തിന്റെ ഭാഗമാണെന്നും എല്ലാവരെയും പോലെ





സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ അവകാശമുണ്ടെന്നും ആരോഗ്യത്തോടെ ജീവിക്കുന്നവരൊക്കെയും ഓർക്കുക; കാൽനടയിൽ നിന്ന് കാളവണ്ടിയിലേക്കും അവിടെ നിന്ന് കാറിലേക്കും വിമാനത്തിലേക്കും മാറിയപ്പോൾ അതിനൊത്തു പൊതുവഴികളും മാറ്റിയപോലെ വീൽചെയറുകളും ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്ന മറ്റുപകരണങ്ങളും കാലത്തിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞു അതിനുള്ള വഴികളും ഒരുക്കിയെടുക്കുക. ഇവിടെയൊക്കെയാണ്, ഇങ്ങനെയൊക്കെയാണ് നമ്മൾ തുടങ്ങേണ്ടത്. ഞാൻ എന്ന വ്യക്തിയെ ചുവരുകൾക്കുള്ളിൽ ഒതുക്കുന്നതു എന്റെ അംഗപരിമിതിയല്ല. സമൂഹം അതിന്റെ മനോഭാവം കൊണ്ടും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കൊണ്ടും എന്റെ മുന്നിൽ ഉയർത്തിക്കെട്ടിയിരിക്കുന്ന ഒരു വലിയ മതിൽ ആണ് എന്റെ ജീവിതം ഇല്ലാതെയാക്കുന്നത്.

തിരുവനന്തപുരം ആസ്ഥാനമാക്കി സാന്ത്വന പരിചരണം നൽകി വരുന്ന പാലിയം ഇന്ത്യയുടെ സന്നദ്ധ പ്രവർത്തകയാണ് ഞാൻ ഇപ്പോൾ. പാലിയം ഇന്ത്യയുടെ ചെയർമാൻ ഡോ. രാജഗോപാലിന്റെ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ആണ്. അതോടൊപ്പം തന്നെ നട്ടെല്ലിന് പരിക്ക് പറ്റിയവരെ ജീവിതത്തിലേക്ക് തിരിച്ചുവരാൻ സഹായിക്കുന്ന 'ഹാഫ് വേ ഹോം' എന്ന പ്രോജക്ടിന്റെയും മാതാപിതാക്കളിൽ ആരെങ്കിലും അസുഖം മൂലം നഷ്ടപ്പെട്ടുപോയ കുട്ടികളുടെ കൂട്ടായ്മയുടെയും ഭാഗമായും പ്രവർത്തിക്കുന്നു.

ഇരുപത്തിയെട്ട് വയസ്സ് വരെ ഞാൻ ജീവിച്ച ജീവിതത്തേക്കാൾ അർത്ഥവത്തായൊരു ജീവിതം ഈ പരിമിതികൾക്കുള്ളിൽനിന്നും ഞാൻ ഇന്ന് ജീവിക്കുന്നു. അല്ലെങ്കിൽ ജീവിക്കാൻ ശ്രമിക്കുന്നു. ഈ കാലയളവിൽ ഒരുപാട് വ്യക്തികളെ കണ്ടുമുട്ടാൻ സാധിച്ചു. ആര് ആരെയാണ് സഹായിക്കുന്നതെന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല. പാലിയം ഇന്ത്യയിൽ വന്നിട്ട് ആദ്യം പരിചയപ്പെട്ട ആളെ ഞാൻ ഒരിക്കലും മറക്കില്ല. നട്ടെല്ലിന് ഒരു അസുഖം ബാധിച്ചു അരയ്ക്കു താഴേക്കു തളർന്നു പോയതായിരുന്നു അവൾക്ക്. വേദനയും മറ്റു ചില ബുദ്ധിമുട്ടുകളും കാരണം കുറച്ചുദിവസമായി ഞങ്ങളുടെ കിടത്തിചികിത്സാ വിഭാഗത്തിൽ ആയിരുന്നു. ജോലി ചെയ്യാൻ വേണ്ടിയാണ് ഞാൻ കൊച്ചിയിൽ നിന്ന് തിരുവനന്തപുരം വരെ വന്നതെന്ന് കേട്ടപ്പോൾ അവൾക്ക് അത്ഭുതമായിരുന്നു. കൈ വിരലുകൾപോലും അനക്കാനാവാത്ത ഞാൻ ചെയ്യുന്നെങ്കിൽ ആരോഗ്യമുള്ള കൈകൾ ഉപയോഗിച്ച്

*(ശേഷം പേജ് 25)*



പെൺപക്ഷം



അജിത കെ.

# ഇന്ത്യയിലെ ഭീകരവിരുദ്ധ നിയമങ്ങൾ എന്തിനുവേണ്ടി?

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ നാൾ തൊട്ട് നാം പരിശോധിക്കുകയാണെങ്കിൽ, ഇന്ദിരാഗാന്ധിയുടെ കാലംതൊട്ട് പല ഭീകര വിരുദ്ധ നിയമങ്ങളെക്കുറിച്ചും നാം കേട്ടിട്ടുണ്ട്. പാക്കിസ്ഥാൻ, ചൈന യുദ്ധ കാലത്ത് മിസ (രാഷ്ട്രീയ കുറ്റവാളികൾക്ക്) കോഫേപോസ (സാമ്പത്തിക കുറ്റവാളികൾക്ക്) തുടങ്ങിയ നിയമങ്ങളെക്കുറിച്ച് കേട്ടിട്ടില്ലേ? പിന്നെയാണ് ടാഡാ നിയമങ്ങൾ. കോൺഗ്രസ് സർക്കാർ കേന്ദ്രം ഭരിച്ചിരുന്ന അവസാനത്തെ ഭീകരവിരുദ്ധ നിയമമാണ് യു.എ.പി.എ. മാവോവാദികൾക്കെതിരേയും മറ്റു തീവ്രവാദ വിഭാഗങ്ങൾക്കെതിരേയുമാണ് ഈ നിയമങ്ങൾ പ്രയോഗിക്കുക എന്നാണ് ഭരണകൂടം പറഞ്ഞു കൊണ്ടിരുന്നത്.

ഇന്ത്യയിൽ നടക്കുന്ന ക്രിമിനൽ കുറ്റങ്ങൾക്ക് ഇവിടെ ഇപ്പോൾ നടപ്പിലാക്കുന്നത് ഇന്ത്യൻ ശിക്ഷാ നിമയം (ഐ.പി.സി.) എന്ന പേരിൽ ബ്രിട്ടീഷ് ഗവൺമെന്റ് അവരുടെ കാലത്ത് കൊണ്ടുവന്ന നിയമവ്യവസ്ഥിതിയാണ്. നേരത്തെ ഞാൻ പറഞ്ഞ ഭീകരവിരുദ്ധ നിയമങ്ങൾ പക്ഷെ ഐ.പി.സി.യുടെ പരിധിയിൽ പെടുന്നില്ല. നാടിന്റെ സുരക്ഷയ്ക്ക് അപകടമുണ്ടാക്കുന്നുവെന്ന് സർക്കാർ തീരുമാനിക്കുന്ന ഏത് വിഭാഗത്തേയും യാതൊരു വിചാരണയും കൂടാതെ എത്രകാലം വേണമെങ്കിലും ജയിലിലിടാൻ കഴിയുന്ന നിയമങ്ങളാണിവയെല്ലാം. വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങളിലൂടെ ഇല്ലാതാക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ എത്ര കാലം വേണമെങ്കിലും കാരാഗൃഹത്തിലടയ്ക്കാൻ പറ്റുന്ന നിയമമാണ് ഇപ്പോൾ നാം കേൾക്കുന്ന യു.എ.പി.എ. അത് കൊണ്ടുവന്നത് കോൺഗ്രസ് ഗവൺമെന്റാണ്.

എന്നാൽ, ഇത്തവണ മൃഗീയ ഭൂരിപക്ഷത്തിലൂടെ അധികാരത്തിലേറിയ ബി.ജെ.പി. സർക്കാർ, തങ്ങളുടെ ഹിന്ദുരാഷ്ട്ര അജണ്ട ജനങ്ങൾക്കുമേൽ അടിച്ചേല്പിക്കുന്ന നയങ്ങൾ കൊണ്ടുവരുന്നതിനുമുമ്പ്, ഇന്ത്യയിലെ ജനങ്ങൾ ഭരണഘടന വാഗ്ദാനം ചെയ്യുന്ന ജനാധിപത്യ അവകാശങ്ങളും മൗലിക അവകാശങ്ങളും ആവശ്യപ്പെടുന്നതിനെതിരെ ഭീതിയുടെ ചട്ടുകം കൊണ്ട് ഇല്ലാതാക്കാൻ യു.എ.പി.എ. ഒന്ന് പരിഷ്ക്കരിച്ചു. അതു പ്രകാരം, സംസ്ഥാന സർക്കാർ അറിയാതെ, അവരോട് അനുവാദം ചോദിക്കാതെ ഇന്ത്യയിലെ ഏത് പൗരനേയും കേന്ദ്ര ഇന്റലിജൻസ് ഏജൻസിയായ എൻ.ഐ.എ.യ്ക്ക് അറസ്റ്റു ചെയ്യാമെന്നും, അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടാമെന്നുമുള്ള ഭേദഗതി കൊണ്ടുവന്നു പാർലമെന്റിൽ പാസാക്കി.

വർഷങ്ങളും ദശകങ്ങളും തങ്ങൾ ചെയ്ത കുറ്റമെന്തെന്ന് അറിയാതെ കേരളത്തിലും കർണാടകത്തിലും മറ്റു സംസ്ഥാനങ്ങളിലും അതിക്രൂരമായി, അങ്ങേയറ്റം ഇരുളടഞ്ഞ സാഹചര്യങ്ങളിൽ ജീവിതം തള്ളിനീക്കുന്ന കുറെയേറെ ചെറുപ്പക്കാർ ഇന്ന് ഇന്ത്യൻ ജയിലിലുകളിലുണ്ട്. കേരളത്തിലെ അവസാനത്തെ കണ്ണികളായി ഇതാ അലനും താഹയും. കൗമാരം വിട്ടുമാറാത്ത ഈ കുട്ടികളെ നമ്മുടെ ഇടയിൽ നിന്നാണ് തട്ടിക്കൊണ്ടുപോയത്. അവരിനി എന്നാണ് വിട്ടയയ്ക്കപ്പെടുക?



(തുടർച്ച പേജ് 13)

ഒന്നും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. എത്രയും നേരത്തെ പരിശീലനം കൊടുത്തു തുടങ്ങുന്നുവോ അത്രയും നല്ലത് എന്നേ ഈ കാര്യത്തിൽ പറയാൻ ആവൂ.

ഓട്ടിസം എന്ന് പറയപ്പെടുന്നത് ഒരു Pervasive Developmental Disorder, അഥവാ ഒരുവന്റെ/ഒരുവളുടെ സമസ്ത മേഖലകളെയും ചര്യകളെയും ബാധിക്കുന്ന ഒരു അവസ്ഥ. രക്ഷിതാക്കളുടെ പിന്തുണ വളരെ അത്യാവശ്യമെങ്കിൽ കൂടിയും, കുട്ടികൾക്ക് വേണ്ടതെല്ലാം ചെയ്തു കൊടുത്തു കൊണ്ടാകരുത് അത്. മറിച്ചു അവരെക്കൊണ്ട് ചെയ്യാനൊക്കുന്ന കാര്യങ്ങൾ അവരെക്കൊണ്ടു തന്നെ ചെയ്യിക്കുക. ദൈനംദിനചര്യകൾ സ്വയം ചെയ്യാൻ അവരെ പ്രാപ്തരാക്കുക എന്നതിനാവണം പ്രഥമ പരിഗണന. അതിന്റെ ഉദ്ദേശം എന്തെന്നാൽ, രക്ഷിതാക്കൾക്ക് എന്തെങ്കിലും അടിയന്തിര സാഹചര്യം വന്നു മാറിനില്ക്കേണ്ടി വന്നാൽ, ആ സമയം കുട്ടികളെ നോക്കുന്നവർക്ക് യാതൊരുവിധ അധികബാദ്ധ്യതയും ഇല്ലാതാക്കുക എന്നതാണ്. ഇതിലൂടെ ഓട്ടിസ്ട്രിക് ആയ കുട്ടികളുടെ മാതാപിതാക്കളുടെ, "ഞങ്ങളുടെ കാലശേഷം എങ്ങിനെ?" എന്ന അങ്കലാപ്പിനും ഉത്തരം കണ്ടെത്താനാകും. ഏതൊരു രക്ഷിതാവിനും അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള കാര്യമാണ് തന്റെ മകൻ/മകൾ mentally challenged ആണെന്നത്. ഈ വിചാരം അവരുടെ കുട്ടികളെ പ്രത്യേക ശ്രദ്ധയും പരിശീലനവും കൊടുക്കുന്നതിൽ നിന്ന് അകറ്റാൻ ഇടവന്നാൽ അത് ബാധിക്കുക കുട്ടിയുടെ ഭാവിയെത്തന്നെയാണ്. ■

---

(തുടർച്ച പേജ് 18)

യായിരുന്നു. അതോടെ അവരുടെ ലോകം കുറെക്കൂടി വിശാലമാകുകയും ധാരാളം ആളുകളുമായി ഇടപഴകുന്നതിനുള്ള അവസരം ലഭിക്കുകയും ചെയ്തു.

'കാലം മായ്ച്ച കാൽപ്പാടുകൾ ' എന്ന മാരിയത്തിന്റെ ബ്ലോഗ് വളരെയധികം ജനശ്രദ്ധ നേടിയതാണ്. സാമൂഹിക സമകാലിക വിഷയങ്ങളിൽ തന്റെ അഭിപ്രായങ്ങളും നിലപാടുകളും വ്യക്തമാക്കുന്നത് ഈ ബ്ലോഗെഴുത്തുകളിലൂടെയാണ്. സമൂഹമാധ്യമങ്ങളിലും അവർ സജീവ എഴുത്തുകാരിയാണ്. മീഡിയാ വൺ സംപ്രേക്ഷണം ചെയ്തിരുന്ന 'ഞാൻ സ്ത്രീ' എന്ന റിയാലിറ്റി ഷോയിൽ മൽസരാർത്ഥിയായെത്തിയത് അവരുടെ ജനപിന്തുണ വർദ്ധിപ്പിച്ചു.

നിലമ്പൂർ ചുങ്കത്തറ ചോലശ്ശേരി സെയ്തലവി ഹാജിയുടേയും സൈനബയുടേയും ഈ മകൾ ഇന്ന് ഒരുപാട് പേർക്ക് പ്രതീക്ഷയും പ്രചോദനവും പകർന്നു നൽകുകയാണ്. തന്റെ ജീവിത വിജയത്തിന് കാരണം മാതാപിതാക്കളും സഹോദരങ്ങളും മാത്രമല്ല, തനിക്ക് ചുറ്റുമുള്ള എല്ലാ നല്ല മനുഷ്യരുമാണെന്ന് മാരിയത്ത് പറയുന്നു. തന്റെ ശാരീരികമായ പരിമിതികളെ മറികടന്നു കൊണ്ട് എഴുത്തുകാരിയായി, ചിത്രപ്രദർശനശാലകളിൽ ആസ്വാദകരെ അതിശയിപ്പിക്കുന്ന ചിത്രകാരിയായി, തുണികളിൽ വിസ്മയം തീർക്കുന്ന ഡിസൈനറായി, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എത്തുന്നവർക്ക് പ്രസന്നവദനത്തോടെയുള്ള സഹായമായി, ശാരീരിക വൈകല്യങ്ങൾ നേരിടുന്ന മലയാളികളുടെ അതിജീവനത്തിന്റെ 'യൂത്ത് ഐക്കൺ ആയി മാരിയത്ത് നമ്മെ വിസ്മയിപ്പിച്ചു കൊണ്ടേ ഇരിക്കുന്നു.

■



ആശാലത

# ഗാർഹസ്ഥ്യത്തിന്റെ ചോദ്യങ്ങൾ

**ഞാ**ൻ ജനിച്ചു വളർന്ന ഇന്ത്യൻ സമൂഹത്തിലെ ധർമ്മസ്ഥിരതയെ അടിസ്ഥാനമാക്കി പറയുകയാണെങ്കിൽ വീട്ടമ്മ എന്ന എന്റെ റോൾ, ഇരുപതാം വയസ്സിൽ, എന്റെ വിവാഹം തൊട്ട് (മുറച്ചെക്കനുമായി) ആരംഭിക്കുന്നു. എന്റെ ബന്ധുക്കളെല്ലാം മറ്റൊരു കാര്യത്തിലും പരാതി പറഞ്ഞിരുന്നില്ല. എന്നാൽ ഇവളുടെ കൈയിൽ നിന്നും ഒരു ഗ്ലാസ് വെള്ളം ഭർത്താവിന് കിട്ടുമോ എന്ന ആശങ്കയുണ്ടായിരുന്നു. പല പുരുഷമേധാവിത്വ സമൂഹങ്ങളിലും ഭിന്നശേഷിക്കാരായ സ്ത്രീകൾ അനുഭവിക്കുന്ന മാനസിക സംഘർഷവും ഇതു തന്നെയായിരിക്കും. പാശ്ചാത്യ സമൂഹത്തിലെ ഭിന്നശേഷിക്കാരായ സ്ത്രീകൾ ഇത്തരം പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടോ എന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. കാരണം പുരുഷാധിപത്യം എല്ലാ സമൂഹങ്ങളിലും അന്തർലീനമാണല്ലോ. എന്റെ വിവാഹം കഴിഞ്ഞ് ഇരുപത്തഞ്ചു വർഷമായിട്ടും, സമൂഹത്തിന്റെ മനോഭാവത്തിൽ വലിയ മാറ്റമൊന്നും വന്നിട്ടുണ്ടെന്ന് എനിക്ക് തോന്നിയിട്ടില്ല. കാഴ്ചവൈകല്യമുള്ള ഒരു പെൺകുട്ടിയെ വിവാഹം ആലോചിക്കുമ്പോൾ, അവർ ജോലിക്കാരിയാണോ ആരോഗ്യവതിയാണോ എന്നതിലും അപ്പുറം അവൾക്ക് ഗാർഹസ്ഥ്യം എത്രത്തോളം പ്രാപ്തമാകും എന്നതാണ് പലരും ചിന്തിക്കുന്ന പ്രശ്നം. അതുകൊണ്ടുതന്നെ എന്റെ ജീവിതാനുഭവങ്ങൾ താഴെ ചേർക്കട്ടെ.

ഒരദ്ധ്യാപികയായും വീട്ടമ്മയായും ഞാൻ ഇരുപത്തഞ്ചു വർഷമായി സേവനം ചെയ്യുന്നു. വീടുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ഏറെക്കുറെ എനിക്ക് തനിച്ച് നിർവഹിക്കാനാകുന്നുണ്ട്. അന്ധരായ ധാരാളം സ്ത്രീകൾ ചിലപ്പോൾ എന്നേക്കാളും വളരെ ഭംഗിയായി ഈ ചുമതലകൾ നിർവ്വഹിക്കുന്നതായി എനിക്ക് നേരിട്ടറിയാവുന്നതുമാണ്.

ഞാൻ വിവാഹത്തിന് ശേഷമാണ് ഡിഗ്രി, പിജി, ബിഎഡ്സ്, സെറ്റ് എന്നിവ പൂർത്തീകരിച്ചത്. വിവാഹസമയത്ത് പ്രീഡിഗ്രി, ടി.ടി.സി. എന്നീ യോഗ്യത മാത്രമാണുണ്ടായിരുന്നത്. അദ്ധ്യാപികയായി ഇരുപത്തിരണ്ടു വർഷമായി സ്ഥിര സേവനം നിർവഹിച്ചു വരുന്നു. എനിക്ക് മൂന്ന് ആൺമക്കളുണ്ട്. മൂത്തമകൻ ഗൾഫിൽ ജോലി ചെയ്യുന്നു. മറ്റവർ ഇരട്ടകളാണ്, സ്കൂൾ വിദ്യാർത്ഥികൾ.

ഒരു സ്ത്രീ എന്ന രീതിയിൽ ഞാൻ എന്നെ ഒരുപാട് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. പിതൃമേധാവിത്വ സമൂഹത്തിനോട് എനിക്ക് എതിർപ്പുണ്ടെങ്കിലും ചിലപ്പോൾ ആ പാരമ്പര്യം എനിക്ക് നൽകിയ ചുമതലകൾ കൊണ്ടായിരിക്കാം എനിക്ക് ഇത്രയും കാര്യങ്ങൾ ഒരുമിച്ച് നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ടാവുക. ഭിന്നശേഷിയുള്ള സ്ത്രീകൾ മാത്രമല്ല പുരുഷന്മാരും അടുക്കള ജോലികൾ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും സ്വയം പര്യാപ്തരാകാൻ ശ്രമിക്കണമെന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. 'രാവണീശ്വരം' എന്ന ഗ്രാമത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. ഒരു ഗ്രാമീണ അന്തരീക്ഷം ഒരു സാധാരണക്കാർക്ക് പോലും ബുദ്ധിമുട്ടുള്ള പല ജോലികളും ചെയ്യാൻ എന്നെ പ്രാപ്തരാക്കിയിട്ടുണ്ട്. തേങ്ങ, അടയ്ക്ക എന്നിവ പൊതിക്കുക, ചക്ക മുറിക്കുക തുടങ്ങിയ കുറച്ച് അദ്ധ്വാനമുള്ള ജോലിയും ഞാൻ ചെയ്യാറുണ്ട്.

**കഥയിലും ജീവിതത്തിലും ആദ്യം പോലെ തന്നെ പ്രധാനമാണ് അവസാനവും. അതുകൊണ്ടു തന്നെ എന്റെ ജീവിതത്തിലെ സുപ്രധാന കാര്യം അവസാനം പറയട്ടെ. ഒരു കാഴ്ച വൈകല്യ മുള്ള കുട്ടി എന്ന നിലയിൽ ഒരു അവഗണനയോ മുറിവേല്പിക്കലോ എന്റെ രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. പ്രത്യേകിച്ച് എന്റെ അച്ഛൻ എന്നെ കൂടുതൽ അംഗീകരിക്കുകയാണ് ചെയ്തത്. എനിക്ക് പ്രചോദനം നൽകികൊണ്ട് അവർ ഇന്നും എന്റെ കൂടെ യാത്ര ചെയ്യുന്നു.**

സമൂഹം നിർമ്മിക്കപ്പെട്ടിട്ടുള്ളത് പരസ്പര ആശ്രയത്വത്തിന് വേണ്ടിയാണല്ലോ. അപ്പോൾ ഭിന്ന ശേഷിയുള്ള ഒരാളുമായൊത്തുള്ള കുടുംബജീവിത ത്തിന് എന്തു പ്രശ്നമുണ്ടാകാനാണ്. ആധുനിക സാങ്കേതികവിദ്യ ഇന്ന് എല്ലാ ജോലികളും ആയാ സരഹിതമാക്കുന്നുണ്ടല്ലോ. പക്ഷെ ചില വീട്ടുപകര ണങ്ങൾ കുറേക്കൂടി ഭിന്നശേഷി സൗഹൃദമാകേണ്ട തുണ്ട്. ഇന്ന് കാഴ്ചാവൈകല്യമുള്ള സ്ത്രീകളെ കാഴ്ചയുള്ളവർ വിവാഹം ചെയ്യാൻ തയ്യാറായിവ രുന്ന അവസ്ഥ നിലവിലുണ്ട്. എന്നെപോലെയുള്ള സ്ത്രീകളുടെ ഇത്തരം സാക്ഷ്യപ്പെടുത്തലുകൾ സമൂഹത്തിന്റെ മനോഭാവത്തിൽ ചെറിയ മാറ്റമെ ങ്കിലും ഉണ്ടാക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. മൊബൈൽ ഫോൺ എന്റെ കുടുംബജീവിത ത്തേയും ഔദ്യോഗികജീവിതത്തേയും ഒരുപാട് സമ്പന്നമാക്കുന്നു. രാവിലെ നാലര മുതൽ അടു ക്കളയിൽ വാട്സാപ്പ് വഴി പത്രവാർത്തകൾ എന്റെ കൂടെയുണ്ടാകും. 'ശ്രവ്യം', 'ദ്യുതി' തുടങ്ങിയ വാട്സാപ്പ് കൂട്ടായ്മയിലെ പ്രിയപ്പെട്ട വളണ്ടി യേഴ്സ് എന്റെ വിനോദത്തേയും വിജ്ഞാന ത്തേയും സമ്പന്നമാക്കുന്നു.

കഥയിലും ജീവിതത്തിലും ആദ്യം പോലെ തന്നെ പ്രധാനമാണ് അവസാനവും. അതുകൊണ്ടു തന്നെ എന്റെ ജീവിതത്തിലെ സുപ്രധാന കാര്യം അവസാനം പറയട്ടെ. ഒരു കാഴ്ച വൈകല്യമുള്ള കുട്ടി എന്ന നിലയിൽ ഒരു അവഗണനയോ മുറിവേ ല്പ്പിക്കലോ എന്റെ രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. പ്രത്യേകിച്ച് എന്റെ അച്ഛൻ എന്നെ കൂടുതൽ അംഗീകരിക്കുകയാണ് ചെയ്തത്. എനിക്ക് പ്രചോദനം നൽകികൊണ്ട് അവർ ഇന്നും എന്റെ കൂടെ യാത്ര ചെയ്യുന്നു.

ഇന്ന് വീട്ടിലോ ജോലിസ്ഥലത്തോ എന്നെ കാഴ്ചാവൈകല്യമുള്ള ഒരാളായി കണക്കാക്കാൻ എന്റെ സഹജീവികൾ മറന്നുപോകാറുണ്ട്. അതു തന്നെയായിരിക്കാം, എന്റെ ശാരീരികവും മാനസിക വുമായുള്ള അദ്ധ്വാനത്തിന്റെ ഏറ്റവും വലിയ നേട്ടം.

■

---

*(തുടർച്ച പേജ് 21)*

തനിക്കും ഒരുപാട് ചെയ്യാൻ കഴിയും എന്ന് അത വളെ ചിന്തിപ്പിച്ചു. വീട്ടിൽ പോയതിനു ശേഷം വീൽചെയറിൽ ഇരുന്നു കൊണ്ട് കുട്ടികൾക്കിഷ്ട പ്പെട്ട ഭക്ഷണം ഉണ്ടാക്കിക്കൊടുക്കാൻ തുടങ്ങി, അവരെ മുടി ചീകി ഒരുക്കി സ്കൂളിൽ വിടാൻ തുട ങ്ങി, അങ്ങനെ കുട്ടികൾക്ക് അവരുടെ അമ്മയെ തിരിച്ചു കിട്ടി. അവൾക്കു സ്വന്തം കുടുംബത്തേ യും. രണ്ടുവർഷം മുന്നെ മരിച്ചു പോകും വരെ അവളെന്നെ ഒരു സഹോദരിയെപ്പോലെ സ്നേഹി ച്ചു. കൂടെയുള്ളവർക്ക് സുഹൃത്തെന്നു പറഞ്ഞു പരിചയപ്പെടുത്തി. എന്നെക്കുറിച്ചു ഈ ലോകത്തു ഏറ്റവും കൂടുതൽ അഭിമാനിച്ചത് അവളാണെന്നു എനിക്ക് പലപ്പോഴും തോന്നാറുണ്ട്. ഇത് പോലെ ഒരുപാട് ജീവിതങ്ങൾ. എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്തയിൽ വിഷാദത്തിന്റെ അടിത്തട്ടു വരെ എത്തി അവിടെ നിന്ന് ജീവിതത്തിലേക്ക് തിരിച്ചു വന്നവർ, എത്ര തളരുമ്പോഴും ജീവിതത്തെ പ്രണയിച്ചവർ, ഓരോ വീഴ്ചയിൽ നിന്നും വീണ്ടും വീണ്ടും എഴു ന്നേറ്റു വന്നവർ, അപൂർവ്വം ചിലപ്പോഴെങ്കിലും ഈ ജീവിതം മതിയായി എന്ന് വിട്ടു കൊടുത്തവർ...

അസുഖങ്ങളും അപകടങ്ങളും അയൽവാ സിക്ക് മാത്രം വരുന്നതാണെന്ന കാഴ്ചപ്പാട് മാറേ ണ്ടിയിരിക്കുന്നു. എനിക്കു വരുമ്പോൾ ഞാൻ നോക്കിക്കോളാം, അതുവരെ ഞാൻ ഇതിനെക്കുറി ച്ചൊന്നും വേവലാതിപ്പെടേണ്ടതില്ല എന്ന ചിന്താ ഗതി മാറേണ്ടിയിരിക്കുന്നു. ഇത് നമ്മൾ ഒരുമിച്ചു ജീവിക്കുന്ന സമൂഹമാണ്. അമേരിക്കൻ രാഷ്ട്രതന്ത്ര ജ്ഞനായ ഹ്യൂബർട് ഹംഫ്രി പറഞ്ഞിട്ടുണ്ട്, ഒരു സമൂഹത്തിന്റെ സംസ്കാരം വെളിവാകുന്നത് ജീവി തത്തിന്റെ പ്രഭാതങ്ങളിലുള്ള കുഞ്ഞുങ്ങളെയും ജീവിതത്തിന്റെ സായന്തനങ്ങളിൽ ഉള്ള വയോജന ങ്ങളെയും ഭിന്നശേഷിയുള്ളവരെയും അത് എങ്ങനെ കാണുന്നു അല്ലെങ്കിൽ എങ്ങനെ പരിഗ ണിക്കുന്നു എന്നതിനാലാണ് എന്ന്. സാംസ്കാരിക കേരളം എന്ന് അഭിമാനിക്കുന്ന അഹങ്കരിക്കുന്ന ഞാനും നിങ്ങളും അടങ്ങുന്ന ഈ സമൂഹം ഇങ്ങ നെയൊരു പരീക്ഷ ജയിക്കുമോ? എത്ര മാർക്ക് കിട്ടുമായിരിക്കും നമുക്ക്? ഇതൊന്നും അശ്രദ്ധമായി എറിഞ്ഞു കൊടുക്കേണ്ടുന്ന ഔദാര്യമല്ല, നമ്മുടെ ഉത്തരവാദിത്തമാണെന്നും നമ്മൾ എന്നാണ് പഠി ക്കുക?

■



രജുല കെ.കെ.

# പല കണ്ണിലൂടെയുള്ള കാഴ്ചകൾ

ഓരത്താക്കപ്പെട്ടവർ അതിജീവനത്തിനു വേണ്ടിയും തങ്ങളുടെ മൃദുശബ്ദമെങ്കിലും കേൾപ്പിക്കുന്നതിനു വേണ്ടിയും നടത്തുന്ന വലിയ-ചെറിയ പോരാട്ടങ്ങളുടെ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സ്ത്രീകൾ, ഭിന്നലിംഗക്കാർ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, കുടിയൊഴിപ്പിക്കപ്പെട്ടവർ, അസുഖബാധിതർ ഇങ്ങനെ നീളും ആ പട്ടിക. ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ പോരാട്ടം ഇക്കാലത്തും തുടരുന്നതേ ഉള്ളൂ എന്ന യാഥാർത്ഥ്യം പരിഷ്കൃത സമൂഹത്തിന് അഭിമാനമല്ല, അപമാനം തന്നെയാണ്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെടുന്നതിന്റെ പലവിധ കാരണങ്ങൾ സമൂഹം ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും സ്ത്രീ-പുരുഷ സമത്വം ഇന്നും മരിചീകയായി തുടരുകയാണ്. അങ്ങനെയിരിക്കെ സ്ത്രീ ശാരീരിക വെല്ലുവിളി നേരിടുന്നവൾകൂടി ആണെങ്കിലോ! തീർച്ച അവൾ രണ്ടു തവണ പിൻതള്ളപ്പെടുന്നവളാണ്. അവൾക്ക് ഇരട്ടി ശക്തിയോടെ സമൂഹത്തോട് പോരാടേണ്ടിയിരിക്കുന്നു. അവൾക്ക് പോരാടാൻ പല്ലും നഖവും പോരെന്നു വരുന്നു.

എല്ലാ അവയവങ്ങളും ഇന്ദ്രീയങ്ങളും സജീവമായ മനുഷ്യർക്ക് വേണ്ടി സംവിധാനം ചെയ്യപ്പെട്ട ഈ ലോകത്തിൽ ഇതിൽ ഏതിന്റെയെങ്കിലും അഭാവം അല്ലെങ്കിൽ സ്വാധീനക്കുറവ് അവരെ വ്യത്യസ്തരാക്കുക തന്നെ ചെയ്യും. പെണ്ണെന്ന നിലയിലും കാഴ്ചയില്ലാത്ത വ്യക്തി എന്ന നിലയിലും കാഴ്ചയില്ലാത്ത പെണ്ണെന്ന നിലയിലും ഇതിനുപരിയായും ജീവിതത്തിൽ പ്രശ്നങ്ങൾ നിരവധി നേരിടേണ്ടി വന്നിട്ടുണ്ട്. പ്രതിസന്ധികൾ തരണം ചെയ്യാൻ മനക്കരുത്ത് ഒരു പ്രധാനഘടകമാണെങ്കിലും എന്റെ അഭിപ്രായത്തിൽ സുപ്രധാനമായ മറ്റൊരു ഘടകമുണ്ട്. സാമ്പത്തിക സ്വാതന്ത്ര്യമാണത്. സാമ്പത്തിക ഭദ്രത നേടുമ്പോൾ നമ്മുടെ ജീവിത നിലവാരം ഉയരുകയും പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടുകയും ചെയ്യും.

ഒരു സാധാരണ വിദ്യാലയത്തിൽ പഠനം തുടങ്ങിയ കാഴ്ചയില്ലാത്ത എന്നിലെ ബാലികയോട് എനിക്കിപ്പോൾ സഹതാപം തോന്നാറുണ്ട്. ഓടാനും ചാടാനും ഒക്കെ ഉള്ള അല്പകാഴ്ച കാരണം കാഴ്ചപരിമിതി ഉള്ളവളാണ് ഞാനെന്ന സത്യം എനിക്കറിയാതെ പോയി. പക്ഷെ അദ്ധ്യാപകരിൽ ചിലർ സഹതാപതരംഗത്തിൽ എന്നെ മുക്കിക്കളഞ്ഞപ്പോൾ മറ്റൊരു കൂട്ടർ അവഗണനയുടെ ചുഴിയിലേക്ക് എന്നെ വലിച്ചെറിഞ്ഞു. രണ്ടാമത്തെ കൂട്ടരുടെ ചില പ്രകടനങ്ങൾ മനസ്സിൽ ഇപ്പോഴും തികട്ടി വരാറുണ്ട്. മൂന്നാം ക്ലാസ്സിലെ മലയാളം ടീച്ചർ ഒരു ദിവസം ചോദിച്ചു. 'പശുവിന്റെ എതിർലിംഗം എന്താണ്? എനിക്ക് ഒരു സംശയവും ഉണ്ടായില്ല. നാട്ടിൽ പശു പ്രസവിച്ചാൽ ആൺകുട്ടിയാണെങ്കിൽ 'കുട്ടൻ' എന്നു വിളിക്കാറുണ്ട്. ഉറക്കെ ഞാൻ വിളിച്ചു പറഞ്ഞു "കുട്ടൻ" എല്ലാവരും എന്നോടൊപ്പം ചേരുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷെ തെറ്റി, ആരും മിണ്ടിയില്ല. എട്ടുവയസ്സിന്റെ നിഷ്ക്കളങ്കത തികഞ്ഞ ആ ശബ്ദത്തെ ടീച്ചർ പാടെ അവഗണിച്ചു. തെറ്റെന്നു പോലും പറഞ്ഞില്ല. അന്ന് ഞാൻ പുതിയൊരു പാഠം പഠിച്ചു. പൊതുഇടങ്ങളിൽ "ഞാൻ മിണ്ടരുത്". ആറാം തരത്തിൽ കാസർകോഡ് കാഴ്ചയില്ലാത്തവർക്കുള്ള സ്പെഷൽ സ്കൂളിൽ എത്തിയപ്പോൾ അവിടുത്തെ അദ്ധ്യാപകരാണ് അന്ന് നഷ്ടപ്പെട്ട എന്റെ ശബ്ദം തിരിച്ചു തന്നത്. ബഹുമാന്യരായ ഉണ്ണികൃഷ്ണൻ മാസ്റ്റർ, കെ.രാജൻ മാസ്റ്റർ, ടി.ഒ. ജോൺ മാസ്റ്റർ എന്നീ അദ്ധ്യാപകരെ പ്രത്യേകം സ്മരിക്കുന്നു.

കോളേജിൽ പഠിക്കുന്ന കാലത്ത് പോലും എന്റെ പഠനം വെറും ഒരു നേരംപോക്കായി കണ്ടവരുണ്ട്. ബുദ്ധിക്കു കൂടി കുഴപ്പമുണ്ടെന്ന മട്ടിലാണ് ചിലരുടെയൊക്കെ പെരുമാറ്റം. കാരുണ്യം പുരട്ടിയ ഒരു നീളൻ വിളിയോടെ താടിക്കു പിടിക്കുകയോ, കവിളിലോ പുറത്തോ താടിയിലോ തലോടുകയും ചെയ്തവരുണ്ട്. ഇത്തരം പ്രകടനങ്ങളൊന്നും എന്നേക്കാൾ പ്രായം കുറഞ്ഞവരിൽ ചൊരിയാത്തത് എന്തുകൊണ്ടാണ്.

“ഇങ്ങനെയൊരു കുട്ടിയെ കിട്ടിയിട്ട് എങ്ങനെയാണവൾ എണീറ്റു നടക്കുന്നത്? മനസ്സ് കരിങ്കല്ല് പോലെയാണ്” എന്ന് ഒരു സ്ത്രീ അമ്മയെ ഉദ്ദേശിച്ച് എന്റെ മുന്നിലിരുന്ന് പറഞ്ഞത് ഇന്നും കാതിൽ ഇരമ്പുന്നു. എന്റെ മുന്നിൽ വെച്ച് അങ്ങനെ പറയുന്നതിൽ അവർക്ക് അല്പം പോലും മടി തോന്നാത്തതിന്റെ യുക്തിയും മറ്റൊന്നല്ല.

ഇന്ന് ഞാൻ ഹയർസെക്കന്ററി അദ്ധ്യാപികയും ഒരു കുടുംബിനിയുമാണ്. പല ചോദ്യങ്ങളുടേയും ഉത്തരമാണ്. സംശയങ്ങളുടെ നിവാരണമാണ്. എന്നാൽ ഈ കാര്യങ്ങളൊന്നും അറിയാത്ത ആളുകളുടെ ഭാഗത്ത് നിന്ന് ഇപ്പോഴും ഇത്തരം അവഗണനകൾ ഉണ്ടാകാറുണ്ട്. ഈയ്യിടെ വീട്ടിൽ പണപ്പിരിവിന് വന്ന ഒരാൾ ഇവിടെ വേറെ ആരും ഇല്ലേ എന്ന് എന്നോട് ചോദിക്കുകയുണ്ടായി. എനിക്ക് തീർച്ചയായും പറയാൻ കഴിഞ്ഞു. “ഞാൻ തന്നെ ഇവിടുത്തെ ആള്” റേഷൻകാർഡ് എന്റെ പേരിലാണ്, ഞാൻ ശമ്പളവും വാങ്ങുന്നുണ്ട്” തുടർന്നുള്ള പെരുമാറ്റം തികച്ചും വ്യത്യസ്തമായിരുന്നു. നമ്മുടെ അവകാശങ്ങളെ പലരും സൗകര്യപൂർവ്വം അവരുടെ ഔദാര്യമാക്കി മാറ്റാറുണ്ട്. പല സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ അജ്ഞത ഭാരമായി തോന്നിയിട്ടുണ്ട്. “നിങ്ങളാണോ? നിങ്ങൾക്കാണോ? എന്ന ആശ്ചര്യമാണ് ആദ്യം വരിക. നിങ്ങളാണെങ്കിൽ, നിങ്ങൾക്കാണെങ്കിൽ സാധ്യമാകില്ല എന്ന നിഷേധത്തിന്റെ ധ്വനി അതിൽ മുഴച്ചിരിപ്പുണ്ടാകും. പറഞ്ഞ് പതം വരുത്തി വേണം പല കാര്യങ്ങളും സാധിച്ചെടുക്കാൻ. വിലപ്പെട്ട കുറേ സമയവും ഊർജ്ജവും ചിലവഴിക്കേണ്ടി വരും. ഇങ്ങനെയൊക്കെ ആണെങ്കിലും അവസാനം കാര്യം സാധിച്ചത് അവരുടെ ഔദാര്യമായി പരിണമിക്കുകയും ചെയ്യും.

അവഗണിച്ചവരുടെ പട്ടിക നീളുമ്പോൾ പരിഗണിച്ചവരെ മറക്കുകയല്ല. കൈ പിടിച്ച് കൂടെ കൂട്ടുന്നവർ, കണ്ണായി നിൽക്കുന്നവർ, മനസ്സറിഞ്ഞ് സ്നേഹിക്കുന്നവർ, കൂടെ പഠിച്ചവർ, കൂടെ തൊഴിൽ ചെയ്തവർ, ചെയ്യുന്നവർ, മിത്രങ്ങൾ, കുടുംബം. സ്വയം സ്വരുക്കൂട്ടിയതിനേക്കാൾ ഇവരൊക്കെ പകർന്നു തരുന്ന ഇന്ധനമാണ് എന്നിലെ അഗ്നി. ഇന്നിൽ ജീവിക്കാൻ, അഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും വിദ്യാർത്ഥികളുടെ മുന്നിൽ നിൽക്കുവാൻ എന്നെ പ്രാപ്തയാക്കുന്നത് വായനയാണ്. ശ്രവ്യമെന്ന് വാട്സ്ആപ്പ് കൂട്ടായ്മയിൽ നിസ്വാർത്ഥരായ ഏറെപേർ ഞങ്ങൾക്ക് അവരുടെ ശബ്ദം നൽകുന്നു. സമാനമായ മറ്റ് കൂട്ടായ്മകളും ഉണ്ട്. ആനുകാലികങ്ങളും പുസ്തകങ്ങളും ഇവരുടെ ശബ്ദത്തിലൂടെ ഞങ്ങൾ വായിക്കുന്നു. സാധാരണ മനുഷ്യർ ഇരു കണ്ണുകളിലൂടെ കാണുന്നത് ചിലപ്പോഴൊക്കെ എന്നെ പോലുള്ളവർ പല കണ്ണിലൂടെയും കാണുന്നു. ■

**അവഗണിച്ചവരുടെ പട്ടിക നീളുമ്പോൾ പരിഗണിച്ചവരെ മറക്കുകയല്ല. കൈ പിടിച്ച് കൂടെ കൂട്ടുന്നവർ, കണ്ണായി നിൽക്കുന്നവർ, മനസ്സറിഞ്ഞ് സ്നേഹിക്കുന്നവർ, കൂടെ പഠിച്ചവർ, കൂടെ തൊഴിൽ ചെയ്തവർ, ചെയ്യുന്നവർ, മിത്രങ്ങൾ, കുടുംബം. സ്വയം സ്വരുക്കൂട്ടിയതിനേക്കാൾ ഇവരൊക്കെ പകർന്നു തരുന്ന ഇന്ധനമാണ് എന്നിലെ അഗ്നി. ഇന്നിൽ ജീവിക്കാൻ, അഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും വിദ്യാർത്ഥികളുടെ മുന്നിൽ നിൽക്കുവാൻ എന്നെ പ്രാപ്തയാക്കുന്നത് വായനയാണ്. ശ്രവ്യമെന്ന് വാട്സ്ആപ്പ് കൂട്ടായ്മയിൽ നിസ്വാർത്ഥരായ ഏറെ പേർ ഞങ്ങൾക്ക് അവരുടെ ശബ്ദം നൽകുന്നു. സമാനമായ മറ്റ് കൂട്ടായ്മകളും ഉണ്ട്. ആനുകാലികങ്ങളും പുസ്തകങ്ങളും ഇവരുടെ ശബ്ദത്തിലൂടെ ഞങ്ങൾ വായിക്കുന്നു. സാധാരണ മനുഷ്യർ ഇരു കണ്ണുകളിലൂടെ കാണുന്നത് ചിലപ്പോഴൊക്കെ എന്നെ പോലുള്ളവർ പല കണ്ണിലൂടെയും കാണുന്നു.**





ഡോ.ജാൻസി ജോസ്

## വാസ്തവം

# പേരന്റിങ്ങ് എന്ന സൂക്ഷ്മകല

**മാ**താപിതാക്കൾ വളരെ ഗൗരവത്തിൽ കാണേണ്ട ചില കാര്യങ്ങൾ പങ്കുവെയ്ക്കുവാനാണ് ഈ ആഴ്ച ഞാൻ ഉദ്ദേശിക്കുന്നത്.

പാരന്റിംഗ്(കുട്ടികളെ വളർത്തുന്ന രീതി) നെക്കുറിച്ചല്ല കേട്ടോ ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നത്. കുട്ടികളുടെ പ്രശ്നങ്ങൾ പരാതിയായി പറയാൻ വരുന്ന മാതാപിതാക്കളെക്കുറിച്ചാണ്.ഒരു ക്ലാസിലോ കൗൺസലിങ്ങിലോ മക്കളുടെ പ്രശ്നങ്ങൾ പറയുന്ന മാതാപിതാക്കൾ 'തങ്ങൾ ശരിയായ' രീതിയിൽ വളർത്തിയിട്ടും കുട്ടികൾ ചീത്തയാകുന്നു എന്നാണ് പറഞ്ഞു തുടങ്ങുക. ശരിയായി വളർത്തുക എന്നു പറഞ്ഞാൽ എന്താണ്? എല്ലാ കുട്ടികൾക്കും എല്ലാമാതാപിതാക്കൾക്കും ഒരു ശരിയാണ് ഉള്ളതെന്ന് കരുതരുത്.

മക്കൾക്ക് അതതു സമയത്ത് വേണ്ടത് കൊടുക്കുക. (ഭക്ഷണം വസ്ത്രം വിദ്യാഭ്യാസം, നേര്, കനിവ് മാനവികത എന്നിങ്ങനെ എല്ലാം) ഓരോ കുട്ടിക്കും ഓരോ തരത്തിലാണ് കൊടുക്കേണ്ടത്. അവ പകർന്നു കൊടുക്കണമെങ്കിൽ നാം നമ്മെത്തന്നെ അറിഞ്ഞിരിക്കണം. നമ്മളാരായിരുന്നു എന്നു മനസിലാക്കിയാൽ നമുക്ക് കുട്ടികളെ നന്നായി വളർത്താൻ കഴിയും. നമ്മുടെ പഴയ കാലം ഓർമ്മിക്കുക എന്നതല്ല അതിനർത്ഥം. നാം കുട്ടികളിൽ നിന്ന് ആവശ്യപ്പെടുന്ന ഗുണങ്ങൾ നമുക്ക് ഉണ്ടായിരുന്നോ? ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞോ എന്നിവ കണ്ടെത്തേണ്ടതുണ്ട്. അവയില്ലായിരുന്നെങ്കിൽ ഈ ഓർമ്മിച്ചെടുക്കലിൽ അവ തനിയേ രൂപപ്പെട്ടേക്കും. അങ്ങനെ രൂപാന്തരം വന്ന മാതാപിതാക്കൾ ഒരിക്കലും കുട്ടികളുടെ മേൽ സമ്മർദ്ദം ചെലുത്തില്ല. യാതൊരു സമ്മർദ്ദവുമില്ലാതെ വളർന്നോട്ടെ എന്നതല്ല ഈ പറഞ്ഞതിനർത്ഥം. എരിവും പുളിയും മധുരവും ചൂരൽ കഷായവും ദാരിദ്ര്യവും എല്ലാം അറിഞ്ഞു വളരണം കുട്ടികൾ. എല്ലാം കൊടുത്തു വളർത്തുന്ന വളരെ ശാന്തരായ കുടുംബങ്ങളിലെ പെൺകുട്ടികൾ എന്തുകൊണ്ട് മൂന്നാഴ്ച മാത്രം പരിചയമുള്ള ഏതോ ചെറുപ്പക്കാരന്റെ കൂടെ ഇറങ്ങി പോകുന്നു എന്നാലോചിച്ചപ്പോഴാണ് എനിക്ക് ഇങ്ങനെ ചിലതു പറയാൻ തോന്നിയത്. കുട്ടികളുമായി നല്ല ബന്ധം സ്ഥാപിക്കേണ്ടതുണ്ട് എന്നും അവരുടെ ഉറ്റ സുഹൃത്താകണമെന്നും പറയുമ്പോൾ ഞങ്ങളങ്ങനെയാണ്. അവൾ എല്ലാം എന്നോടു വന്നു പറയും എന്ന് മറുപടി വരും. നമ്മളോട് വന്നു പറയുമ്പോൾ നമ്മൾ എങ്ങനെയാണ് അവരോട് പെരുമാറാറുള്ളത്? അവർക്കെന്തെങ്കിലും പ്രശ്നം വരുമ്പോൾ നമ്മൾ അവരുടെ കൂടെ നിൽക്കാറുണ്ടോ? ഉണ്ടെങ്കിൽ അവർ നമ്മുടെ കൂടെ നിൽക്കും. ഇല്ലെങ്കിൽ അവർ അവരുടെ കൂടെ നിൽക്കുന്ന, അവരെ ആശ്വസിപ്പിക്കുന്ന, അവരുടെ സങ്കടം കാണാൻ കഴിയുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ കൂടെ പറ്റിച്ചേരും. ആരാണ് എന്താണ് എന്നൊന്നും നോക്കാറില്ല അവർ.. ഈ സമയത്തും നമുക്ക് അവരുടെ കൂടെ നിൽക്കേണ്ടി വരും. നമ്മൾ ജീവിച്ചു പോന്ന കാലമല്ല ഇത്. നിയന്ത്രണങ്ങളല്ല ഇവിടെ ഫലപ്രദമാവുന്നത്. വിവേകവും കൂടെ നിൽക്കാനുള്ള മനസ്സുമാണ്. നീ അവനെ വിവാഹം കഴിച്ചോളൂ എന്നു പറഞ്ഞാൽ പല കുട്ടികൾക്കും വീണ്ടുവിചാരം വരാറുണ്ട്. സ്വയം തീരുമാനമെടുക്കേണ്ടി വരുമ്പോൾ അവർ ആലോചിച്ചു തീരുമാനിക്കുന്നതു കാണാം. നമ്മൾ തീരുമാനമെടുത്താൽ (നീ അവനെ വിവാഹം കഴിക്കില്ല) അവർക്ക് ഒറ്റ തീരുമാനമേ ഉണ്ടാവൂ. അവർക്ക് ആലോചിക്കാനുള്ള സമയം പോലും കൊടുക്കാതെ പെട്ടെന്ന് എടുത്തുചാടി നമ്മളെടുക്കുന്ന തീരുമാനങ്ങളാണ് നമ്മുടെ മക്കളുടെ എടുത്തു ചാട്ടത്തിന് കാരണമാവുന്നത് എന്നറിഞ്ഞാൽ കൊള്ളാം മാതാപിതാക്കളേ.

നമ്മുടെ തന്നെ മക്കളായതുകൊണ്ട് നമ്മൾ ചെയ്യുന്നത് അവരും ചെയ്യാതിരിക്കില്ല. ആലോചിക്കാനും തീരുമാനമെടുക്കാനുമുള്ള സമയം കൊടുക്കുകയും അവരെ അതിന് സഹായിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. അല്ലാതെ നമ്മുടേതായ താല്പര്യങ്ങൾ അവരിൽ അടിച്ചേൽപ്പിക്കുക എന്നതല്ല. ഫലം എന്തായാലും ഏറ്റുവാങ്ങാനുള്ള കരുത്ത് അവരിൽ ഉണ്ടാക്കിയെടുക്കുകയും വേണം. അങ്ങിനെയാണെങ്കിൽ വീണിടത്ത് തന്നെ കിടക്കാതെ ആരുടെയും സഹായം കൂടാതെ തന്നെ അവർ എഴുന്നേൽക്കും, മുന്നോട്ടുപോകും. ■



സുമയ്യ മാഹിൻ

# ദുഃഖിക്കേണ്ട, പടച്ചോൻ കൂടെയുണ്ട്!

**ഞാ**ൻ സുമയ്യ മാഹിൻ, എല്ലു നുറുങ്ങുന്ന വേദനയിലും ഞാൻ ചിരിച്ചുകൊണ്ട് എന്നോട് പറയാറുണ്ട് - ഈ വേദനയും എന്നിൽ നിന്നും കടന്നു പോവും. കാരണം ഇതൊന്നും എന്റെ മനസ്സിനെ ബാധിക്കില്ല... പ്ലാസ്റ്ററുകളുടെ ലോകത്തു മാസങ്ങൾ നീണ്ട് കിടന്നപ്പോൾ ജീവിതത്തോട് 'More' എന്നല്ലാതെ ഒരിക്കൽ പോലും ഞാൻ മതി എന്ന് പറഞ്ഞിട്ടില്ല. ഈ ജീവിതത്തോട് എനിക്ക് മുഹബത്തായിരുന്നു, കാരണം ഞാൻ വേദനിച്ച ഓരോ നിമിഷവും ഞാൻ ഇന്ന് ഓർക്കുമ്പോൾ അതാണ് എന്റെ വിജയം എന്ന് ഞാൻ കരുതുന്നു, എന്നെ സ്വപ്നം കാണാൻ പഠിപ്പിച്ചത്, എന്നെ എന്റെ ലക്ഷ്യത്തിൽ എത്തിച്ചത്, എന്റെ വളർച്ചയെ ഞാൻ ആസ്വദിച്ചത്, ആ വേദനകളിൽ കൂടെയാണ്...

ബ്രിട്ടിൽ ബോൺ ഡിസീസ് എന്ന ജന്മനാൽ ഉണ്ടാവുന്ന രോഗമുള്ള ഒരാളാണ് ഞാൻ, എല്ലുകൾക്ക് ബലം ഇല്ലാത്ത ഒരവസ്ഥ. ജനിക്കുമ്പോൾ തന്നെ ഡോക്ടർമാർ എന്റെ ആയുസ്സ് കുറിച്ച് നൽകി. കൂടി വന്നാൽ പതിനഞ്ച് ദിവസം, പിന്നെ അത് മൂന്നു മാസമായി, ഇപ്പോൾ ഞാൻ അതൊക്കെ പിന്നിട്ട് ഇരുപത്തഞ്ചിൽ എത്തി നിൽക്കുന്നു. പതിമൂന്ന് വയസ്സിനിടയിൽ ഇരുപത്തിമൂന്നു വട്ടം എന്റെ ശരീരത്തിലെ എല്ലുകൾ പൊട്ടി, ശേഷം മണിപ്പാൽ ഹോസ്പിറ്റൽ ചികിത്സ എല്ലു പൊട്ടുന്നതിന് ശമനം നൽകി, ആദ്യമൊക്കെ ഞാൻ കരുതി എനിക്ക് മാത്രമാണ് ഈ അവസ്ഥ എന്നാണ്. എന്നാൽ 2013ൽ അമൃതവർഷിണി എന്ന സംഘടനയിൽ ചേർന്നപ്പോൾ എനിക്ക് മനസ്സിലായി ഞാൻ ഒറ്റയ്ക്കല്ലെന്നും, എന്നെപ്പോലെ ഒരുപാട് പേർ ഉണ്ടെന്നും അവർക്കൊക്കെ തണലായി അതിലെ അമ്മക്കിളി ലത നായർ



എന്നെ പോലെ ചിറകൊടിഞ്ഞ ഒരു കൂട്ടം പക്ഷി കുഞ്ഞുങ്ങൾക്ക് ചിറക് തുന്നി കൂട്ടുകയാണെന്നും. അതിൽ അംഗമായതിൽ പിന്നെയാണ് ഞാൻ സ്വയം ആരാണെന്ന് തിരിച്ചറിഞ്ഞത്.



ഓഗസ്റ്റ് 15 ന് ഞങ്ങളുടെ വിവാഹം കഴിഞ്ഞു. എന്റെ പരിമിതിക്കുള്ളിൽ നിന്ന് എന്നെ മനസ്സിലാക്കി എന്നെ എല്ലാത്തിലും സപ്പോർട്ട് ചെയ്ത് ഞങ്ങൾ പരസ്പരധാരണയിൽ ഇന്ന് ജീവിക്കുന്നു, ജീവിതത്തിൽ ഒരു പ്രയാസം വരുമ്പോൾ എന്നും ചിരിച്ചുകൊണ്ട് ഞാൻ സ്വയം പറയും: ദുഃഖിക്കേണ്ട തീർച്ചയായും പടച്ചോൻ കൂടെയുണ്ട്. ■

എല്ലു നുറുങ്ങുന്ന വേദനയിലും എന്റെ ആയുധം വിദ്യാഭ്യാസമായിരുന്നു, ആ ആയുധം മുറുകെ പിടിച്ചു മുന്നോട്ട് നീങ്ങി. അങ്ങനെ മാഹി സുമയാസിൽ ഹനീഫയുടെയും സുലൈഖയുടെയും മൂത്ത മകൾ വിദ്യകൊണ്ട് പറക്കാൻ തുടങ്ങി. എന്റെ പിൻബലം എന്റെ ഉമ്മയാണ്, ഉമ്മയേക്കാൾ ഭാരമുള്ള മകളെ എടുത്തോണ്ട് പഠിപ്പിക്കുന്ന ആ ഉമ്മയോട് പലരും ചോദിച്ചിട്ടുണ്ട്: എന്തിനാണ് ഇതിനെ പഠിപ്പിക്കുന്നേ എന്ന്. അന്ന് ആ ഉമ്മ മറുപടി പറഞ്ഞില്ലെങ്കിലും ഇന്ന് ആ ഉമ്മാക്ക് അഭിമാനിക്കാം. വിധിയെ തരണം ചെയ്ത സുമയ്യടീച്ചറുടെ ഉമ്മയാണ് താൻ എന്ന്. അതെ, ഒരുപാട് പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഞാൻ പഠിച്ചു, ഇന്ന് ഞാൻ ഒരു ടീച്ചർ ആണ്. അറുപത് കുട്ടികൾക്ക് ട്യൂഷൻ നൽകുന്ന ഒരു സ്വന്തം ട്യൂഷൻ ക്ലാസ്സ് ഉണ്ട്. കുട്ടിക്കാലത്തു ഒരു സൈക്കിൾ പോലും ഓടിക്കാൻ പറ്റിയിട്ടില്ല എന്നാൽ ഇന്ന് ഞാൻ മുച്ചക്രവാഹനം ഓടിച്ചാണ് ജോലിക്ക് പോവുന്നത്, ഒരുപാട് വേദനകൾക്കിടയിൽ ഒരുപാട് അനുഗ്രഹം എനിക്ക് ദൈവം നൽകി, അതിൽ ഒന്നാണ് എന്റെ ഭർത്താവ് മാഹിൻ ശാഹുൽ. കോട്ടയം സ്വദേശി. 2018



**ഭർത്താവ് മാഹിനോടൊപ്പം**

കവിത

# ജൈവ ബുദ്ധൻ



സ്മിത നെരവത്ത്

വരണ്ട കുന്നിൻ മുകളിൽ
മുൾപ്പടർപ്പുകൾക്കിടയിൽ
ഏകാകിയായ ഒരു ബുദ്ധൻ
വെയിലു കത്തുന്ന കണ്ണുകൾ തുറന്ന്
കാലുകൾ നീട്ടിവെച്ച്
കൈകൾ ആകാശത്തേക്കുയർത്തി
അഴിച്ചിട്ട മുടി കാറ്റിൽ പറത്തി
ധ്യാനത്തിലിരിക്കുന്നു.

മുൾപ്പടർപ്പിലിരുന്ന ഒരു മഞ്ഞ പൂമ്പാറ്റ
മെല്ലെ ആ മുഖത്ത് ഉമ്മ വെയ്ക്കുന്നു.

ആകാശം ഒരൊറ്റത്തുള്ളികൊണ്ട്
ആ ചുണ്ടുകളിൽ നനവു പടർത്തുന്നു.

വിണ്ടുകീറി മുറിഞ്ഞ പാദങ്ങളിൽ
കാറ്റ് ഊതി കൊടുക്കുന്നു.

ഉച്ഛ്വാസത്തിൽ
ജീവന്റെ പിടപ്പ്.

വിടർത്തിവെച്ച കാലുകൾക്കിടയിൽ
അനാസക്തിയുടെ പാടുകൾ നിറഞ്ഞ്
വരണ്ടു കിടക്കുന്ന ലിംഗം.

തുറന്നു വെച്ച കണ്ണുകളിൽ നിന്ന്
ജ്ഞാനത്തിന്റെ  ഉപ്പുനീരുറകൊണ്ടു.
അപ്പോൾ താഴെ പുൽമേട്ടിൽ
മേഞ്ഞുനടന്ന ആട്ടിൻ പറ്റങ്ങൾ
വരിവരിയായ്., മണികൾ കിലുക്കി
കുന്നുകയറിപ്പോയ്.

നഷ്ടപ്പെട്ട ആടുകളെ തേടാതെ
ഇടയന്മാരെല്ലാം വീട്ടിലേക്കും തിരിച്ചു.

ബുദ്ധനോ, ആട്ടിൻപറ്റത്തേയും
തെളിച്ച്  കുന്നിറങ്ങി തെരുവിലേക്കും.

കഥ



മുബീന വിളത്തൂർ

# കടൽ

സ്കൂൾ വിട്ടു വന്ന് ചോറ് കഴിച്ചുകൊണ്ടിരിക്കുന്ന അപ്പു അമ്മേ അടുത്ത ആഴ്ച ഞങ്ങളുടെ ക്ലാസ്സിലെ എല്ലാ കുട്ടികളെയും കടൽ കാണാൻ കൊണ്ടുപോകുന്നുണ്ട്...!

ആണോ....?

അതേ അമ്മേ...

കുട്ടികളെല്ലാവരും പേര് കൊടുത്തു കഴിഞ്ഞു. ഞാനും വേറെ ഒരു കുട്ടിയും മാത്രം കൊടുത്തിട്ടില്ല....

അതെന്തേയ് നിങ്ങള് രണ്ടാളും കൊടുക്കാതിരുന്നത്....?

ഞാൻ അമ്മയോട് ചോദിച്ചിട്ട് ആവാമെന്ന് കരുതി. അവൾക്ക് ചോദിക്കാനാണെങ്കിൽ ഉപ്പയും ഉമ്മയും ഇല്ല അമ്മേ....!

എല്ലാവരുടേയും മുഖം സന്തോഷം കൊണ്ട് പ്രകാശിക്കുമ്പോൾ അവളുടെ തല മാത്രം നിരാശയുടെയും സങ്കടങ്ങളുടെയും ഭാരം കൊണ്ട് താഴ്ന്നിരിക്കുന്നത് കണ്ടപ്പോൾ ആ നിമിഷം എന്റെയടുത്ത് കുറച്ച് കാശുണ്ടായിരുന്നെങ്കിൽ അവൾക്ക് കൊടുക്കാമായിരുന്നു എന്ന് തോന്നിപ്പോയി അമ്മേ.....

നന്മ നിറഞ്ഞ മനസ്സിന് മുകളിൽ പ്രാരാബ്ധത്തിന്റെ പനമരം ഉയർന്നു നിന്നൊരു പ്രതീകമായി അപ്പുവിന്റെ കണ്ണിൽ നനവ് പരക്കാൻ തുടങ്ങി...!

അമ്മ അവന്റെ അടുത്തേക്ക് ചേർന്നിരുന്നു കൊണ്ട് ചോദിച്ചു.

'അപ്പൊ എന്റെ അപ്പുവിന് അവരുടെ കൂടെ പോകാൻ ആഗ്രഹമില്ലേ...?'

ഉണ്ട്..

എന്നാലും എനിക്ക് പിന്നെയും അമ്മയുടെ കൂടെയും മറ്റും പുറത്തൊക്കെ പോകുമ്പോൾ കടൽ കാണാമല്ലോ....

അവളെ കൊണ്ടു പോകാൻ ആരാണുള്ളത് അമ്മേ.....?

അവളുടെ ഉപ്പയും ഉമ്മയും വാഹനാപകടത്തിൽ മരിച്ചു പോയിട്ടില്ലായിരുന്നെങ്കിൽ അവർ കൊണ്ടുപോകുമായിരുന്നില്ലേ....?

ഒരു ആറാം ക്ലാസുകാരന്റെ മനസ്സിൽ ഇല്ലായ്മയുടെയും വല്ലായ്മയുടെയും തിരിച്ചറിവ് നന്മയുടെ ഉറവിടമായി പൊട്ടുന്നത് കണ്ടപ്പോൾ നാളെയുടെ പ്രതീക്ഷ അവനിലൂടെ കിളിർക്കുന്നതു പോലെ ആ അമ്മക്ക് തോന്നി...!

അപ്പുവിനെ നെഞ്ചോട് അണച്ച് അഭിമാനത്തോടെയും അതിലേറെ സ്നേഹത്തോടെയും നെറ്റിയിലും കവിളത്തും മുത്തങ്ങളാൽ നിറച്ചു.

എന്റെ കുട്ടി വിഷമിക്കേണ്ട ട്ടോ, നമുക്ക് എന്തെങ്കിലുമൊരു വഴി ഉണ്ടാക്കാം....

ഒരു കുട്ടിക്ക് പോകാൻ എത്രയാണ് അപ്പൂ ഫീസ്..?

നൂറ് രൂപയാണ് അമ്മേ.....

ആണോ...

അമ്മ ജോലിക്ക് പോകുന്ന വീടുകളിൽ നിന്നും ശമ്പളത്തിലെക്കായി കുറച്ചു കാശ് മുൻകൂട്ടി ചോദിച്ചു നോക്കട്ടെട്ടോ.. അപ്പുവിന്റെ കൂടെ അമ്മയില്ലേ പിന്നെയെന്തിനാണ് സങ്കടം...

അവന്റെ മുഖം പിടിച്ചുയർത്തി കൊണ്ട് പറഞ്ഞു. ഇനി സ്കൂളിൽ നിന്നും പോകാൻ പറ്റിയില്ലെങ്കിൽ നിന്നെയും നിന്റെ കൂട്ടുകാരിയെയും അമ്മ കൊണ്ടുപോകും.. എന്തേയ് മോന് സന്തോഷായോ?

അത് കേട്ടപ്പോൾ മഴക്കാറ് പോലെ കറുത്ത്



ക്കുന്ന കൂട്ടുകാരുടെ മടിയുള്ള വിളികൾക്ക് മങ്ങിയൊരു പുഞ്ചിരിയും നൽകി

അവൻ അകത്തെ മുറിയിലേക്ക് നടന്നു. തെങ്ങിന്റെ മണ്ടയിൽ നിന്നും വീണ് അരയ്ക്കു താഴെ തളർന്ന് കിടക്കുന്ന അച്ഛന്റെ അടുത്തേക്കായ്.. !

'ഹാ ആരാ ഇത്... അച്ഛന്റെ അപ്പുക്കുട്ടനോ... ഇന്ന് ഇവിടെക്കൊന്നും കണ്ടില്ലല്ലോ എന്തുപറ്റി ന്റെ അപ്പുവിന്....?'

വാക്കുകൾക്ക് പ്രയാസപ്പെട്ട് നിക്കറിൽ തിരിപ്പുടിച്ചു കൊണ്ട് ദയനീയമായി അച്ഛന്റെ മുഖത്തേക്ക് നോക്കി.

'അച്ഛാ...
അ.. അത്...'

'മ്മ്.. മതി നിന്നു പരുങ്ങിയത്. എല്ലാം അമ്മ പറഞ്ഞു... മോൻക്ക് അറിയില്ലേ ഇവിടുത്തെ അവസ്ഥയൊക്കെ....? അച്ഛൻ ജോലിക്കൊന്നും പോവാൻ കഴിയാതെ കിടക്കുന്നു. പിന്നെ എല്ലാത്തിനും അമ്മയ്ക്ക് കിട്ടുന്ന ഈ തുച്ഛമായ വരുമാനല്ലേ നമ്മുടെ നിലനിൽപ്പ്..? അതിൽ നിന്ന് കഴിയണം എന്റെ മരുന്ന്, ചികിത്സ, നിന്റെയും മിനുന്റെയും പഠിത്തം, വീട്ടിലെ മറ്റു ചിലവുകൾ. അങ്ങനെ എന്തല്ലാം...

'അച്ഛാ.., എനിക്ക് വേണ്ടിയല്ല ആ കുട്ടിക്ക്...'

'മ്..., അച്ഛൻ പറഞ്ഞെന്നേയുള്ളൂ. കഴുത്തിനു താഴെ തൂക്കിയ അവന്റെ ദയനീയ മുഖത്തേക്ക് നോക്കി ഈ അച്ഛൻ ന്റെ അപ്പൂട്ടനെ കുറ്റപ്പെടുത്തിയതല്ലാട്ടോ.. മോൻക്ക് പ്രയാസമായോ..? '

'ഇല്ല അച്ഛാ....'

'എന്നാ അച്ചന്റെ പൊന്നൂട്ടൻ ഒന്ന് ചിരിച്ചെ....'

ഇല്ലാത്ത ചിരിയുണ്ടാക്കി അവൻ ചുണ്ടിനെയൊന്ന് ചലിപ്പിച്ചു കൊണ്ട് പതിവുപോലെ അച്ഛന്റെ നെറ്റിയിൽ ഉമ്മ കൊടുത്തു....!

നിറഞ്ഞു തുളുമ്പി ഒഴുകിയൊലിക്കാൻ ധൃതികൂട്ടുന്ന കണ്ണുനീരിനെ അവൻ കാണാതിരിക്കാൻ ആ അച്ഛനും ഒരുപാട് കഷ്ടപ്പെടുന്നുണ്ടായിരുന്നു...

'മോൻ അപ്പുറത്തേക്ക് ചെല്ല്.. പോകുമ്പോൾ ആ വാതിലൊന്ന് ചാരിയേക്ക് ട്ടോ..

അടുത്ത ദിവസം സ്കൂൾ കഴിഞ്ഞ് വന്നതിനുശേഷം ഒന്നും കഴിക്കാതെയും ആരോടും മിണ്ടാതെയും വിഷാദം കലർന്ന മൗനത്തെ കൂട്ടുപിടിച്ച് അപ്പു നടക്കുമ്പോൾ....

'മോനെ നിനക്കേറെ ഇഷ്ടമുള്ള ഇലയിൽ പരത്തിയ പലഹാരം ഉണ്ടാക്കിയിട്ടുണ്ട് അമ്മ... ഇത്തിരി എടുക്കട്ടെ...?'

'വേണ്ടമ്മേ.... എന്തോ തീരെ വിശപ്പ് തോന്നുന്നില്ല...'

ഇരുണ്ട അപ്പുവിന്റെ നിഷ്കളങ്കമായ മുഖം പെയ്തൊഴിഞ്ഞ ആകാശമായി തെളിയാൻ തുടങ്ങി. ഒപ്പം മഴവില്ലായി ചിരി വിരിയാനും.

അതൊന്നും ഓർത്തു മനസ്സ് വിഷമിക്കാതെ അമ്മടെ പൊന്നുമോൻ പോയി കളിച്ചോ...

സ്നേഹം തുളുമ്പുന്ന അമ്മയുടെ വാക്കുകൾക്ക് മുന്നിൽ തലയാട്ടിക്കൊണ്ട് അവൻ എണീറ്റു..

ഉമ്മറപ്പടിയിൽ കാലും നീട്ടി ഇരിക്കുന്ന അമ്മയുടെ പുറകിലൂടെ വന്ന് അപ്പു കഴുത്തിൽ കയ്യിട്ടു വട്ടം പിടിച്ച് കാതിൽ 'എന്റെ ഭാഗ്യമാണ് ഈ സുന്ദരിയമ്മ' എന്നും പറഞ്ഞ് അവൻ ആവേശത്തോടെ മുറ്റത്തേക്ക് ഓടി. അപ്പോഴും തല കുനിച്ചിരിക്കുന്ന ആ കൂട്ടുകാരിയുടെ രൂപമായിരുന്നു അവന്റെ മനസ്സുനിറയെ....!

കുറച്ചുനേരം മുറ്റമൊക്കെ ചുറ്റി കറങ്ങി, പശുക്കളോടും പൂച്ചകളോടും, തള്ളക്കോഴിയും പുറകെ കൂട്ടംകൂടി കിയോം കിയോം എന്ന് പാടി നടക്കുന്ന കോഴിക്കുഞ്ഞുങ്ങളോടും, ധാന്യങ്ങളും വെള്ളവും കൊടുത്ത് വളർത്തുന്ന ഏറ്റവും പ്രിയപ്പെട്ട കുഞ്ഞിക്കിളികളോടും അവനെ അലോസരപ്പെടുത്തുന്ന കഥ പറഞ്ഞും അവിടെ കളിച്ചു രസി

'ന്തെ ന്റെ കുട്ടിക്ക്.... ?'

'അറിയില്ല...'

ഇനിയും ചോദ്യങ്ങൾ കൊണ്ട് വീർപ്പുമുട്ടി കാത്തിരിക്കാൻ അവൻ പടിഞ്ഞാറേ പുറത്തെ ചെണ്ടുമല്ലി ചെടികളുടെ അടുത്തേക്ക് മെല്ലെ നടന്നു നീങ്ങി. ഓറഞ്ചും മഞ്ഞയും നിറത്തിൽ ഉണ്ടയായി വിരിഞ്ഞു നിൽക്കുന്ന മല്ലിപ്പൂവിനെയും ഇലകളെയും തലോടിക്കൊണ്ട് 'നല്ലതുപോലെ പഠിച്ചു വലുതായി നിറയെ കാശുണ്ടാക്കി അച്ഛനെയും അമ്മയെയും നല്ലപോലെ പരിചരിക്കണം, ഒരുപാട് പാവങ്ങളുടേയും വിഷമങ്ങൾക്കും പ്രയാസങ്ങൾക്കും പരിഹാരം കണ്ടെത്തണം...' എന്നവൻ സ്വയം പറഞ്ഞു....!

രാത്രി അപ്പു വളരെ നേരത്തെ കിടന്നെങ്കിലും ഉറക്കം അവനെ പുണർന്നില്ല...

അടുക്കളയിലെ അവസാന പാത്രവും കഴുകി കമഴ്ത്തി അവശേഷിക്കുന്ന വെട്ടത്തെ ഇരുട്ടിനെ ഏൽപ്പിച്ച് ജനൽ വാതിലുകളുടെ ഭദ്രതയെ ഉറപ്പു വരുത്തി അവർ അടുക്കളയിൽ നിന്നും ഒരു മൊന്തയിൽ വെള്ളവുമായി കയറി. അതുവരെയും നെട്ടോട്ടമോടാൻ അടക്കിപിടിച്ചിരുന്ന നിശ്വാസം സമാധാനത്തോടെ ഒരു നെടുവീർപ്പായി വിട്ട് കിടക്കപ്പായിലേക്ക് അവർ നടുനിവർത്താൻ എത്തിയപ്പോൾ എങ്ങനെയെങ്കിലും രാത്രിയൊന്ന് തീർന്നു കിട്ടാൻ കഷ്ടപ്പെടുന്നത് പോലെ കിടന്ന് കുത്തിമറിയുന്ന അപ്പുവിനെയാണ് കണ്ടത്.....!

'സമയം എന്തോരമായെന്നോ.. മോനെന്താ ഉറങ്ങിയിട്ടില്ലേ ഇതുവരെയും....?'

'ഉറക്കം വരുന്നില്ലമ്മേ...'

'ന്തെ...?'

'ഇന്ന് ക്ലാസ്സിൽ ഒരു കാര്യമുണ്ടായി...'

'എന്താ കാര്യം....?'

'ഷാനിമോളെ കടൽ കാണാൻ കൊണ്ട് പോവാൻ വേണ്ടി ഞാൻ എല്ലാ കുട്ടികളോടും കാശെടുക്കാൻ പറഞ്ഞു. പക്ഷേ.... ആരും അതിന് തയ്യാറായില്ല. ചിലർ എന്നോട് നിനക്കിത്ര ദണ്ണമുണ്ടെങ്കിൽ ഫുൾ കാശും നീയെടുത്തോ എന്ന്...! എന്താ അമ്മേ അവരൊക്കെ ഇങ്ങനെ....?'

'മോനേ... മനുഷ്യരൊക്കെ അങ്ങനെയാണ്. ആയിരം പേരിൽ പത്തുപേർ മാത്രമേ മറ്റുള്ളവരുടെ വേദനകളും സങ്കടങ്ങളും കാണുകയും അവർക്ക് നേരെ കൈ നീട്ടുകയും ചെയ്യുകയുള്ളൂ...! ഇപ്പൊ ന്റെ അപ്പു ഉറങ്ങിക്കോ, അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. നമ്മളാൽ കഴിയുന്നത് ചെറുതാണെങ്കിലും ഏപ്പോഴും സഹായിക്കാനുള്ള മനസ്സ് കാണിക്കുക. അതാണ് മറ്റേത് വിദ്യാഭ്യാസത്തിനേക്കാളും നമുക്ക് ലഭിക്കേണ്ട അറിവ്...'

അമ്മ ഉറങ്ങിയതിനുശേഷവും കണ്ണുതുറന്ന് കിടന്നത് കൊണ്ട് എന്നത്തേക്കാളും നേരത്തെ അവൻ എണീറ്റു. കോഴികൾക്കും പക്ഷികൾക്കും തീറ്റ കൊടുത്തും മറ്റും വീടിന് ചുറ്റും നടക്കുന്ന അപ്പുവിനെ അമ്മ അരികിലേക്ക് വിളിച്ചു.

'നിനക്ക് ഇന്ന് സ്കൂളിലൊന്നും പോവണ്ടേ, ഇങ്ങനെ കളിച്ചു നടന്നാൽ മതിയോ...?'

'ഞാൻ പോകുന്നില്ലമ്മേ...'

'അതെന്താ..?' ഇന്നാണ് അവരെല്ലാവരും കടൽ കാണാൻ പോകുന്നത്....'

'ആയിക്കോട്ടെ.. ന്റെ മോൻ ഇന്ന് പോവണം. അവരെയൊക്കെ ബസ്സ് കയറ്റി വിട്ടതിനുശേഷം തിരിച്ചു വന്നാൽ മതി ട്ടോ.'

'വേണ്ട അമ്മേ.. അതെനിക്ക് ഒരുപാട് സങ്കടമായാലോ...?'

'മോൻ തീർച്ചയായും പോവണം...'

ഉള്ളതിൽ വെച്ച് ഏറ്റവും നല്ല ഡ്രസ്സ് അവൻക്ക് ഇടാൻ എടുത്തപ്പോൾ ഒന്ന് രണ്ടു കുടുക്കുകൾ പോയിട്ടുണ്ട്. പോരാത്തതിന് തുന്നും വിട്ടിരിക്കുന്നു.

'അമ്മ ഇത് ഇപ്പൊ ശരിയാക്കിത്തരാട്ടോ മോന് കുളിച്ചു റെഡിയാവുമ്പോഴേക്കും'

മനസ്സില്ലാമനസ്സോടെ അമ്മയുടെ നിർബന്ധത്തിനു വഴങ്ങി അവൻ ഒരുങ്ങിയിറങ്ങി. ഓരോ കുട്ടികളും പോകുന്ന സന്തോഷത്തിൽ ഓടിച്ചാടി കളിക്കുന്നതിനിടയിലേക്ക് പ്രധാന അധ്യാപിക വന്ന് പറഞ്ഞു..

'പോവുന്നവരെല്ലാവരും വികൃതികളൊന്നും കാണിക്കാതെ അനുസരണയോടെ വണ്ടിയിൽ പോയി കയറൂ...'

പിന്നെ അവിടെ കണ്ണു ചെവി കേൾക്കാത്ത ബഹളമായിരുന്നു.

അപ്പു മാത്രം ദൂരെയുള്ള കള്ളിച്ചെടിയുടെ അടുത്തേക്ക് മാറിയിരുന്നു.

എല്ലാമൊന്ന് ശാന്തമായപ്പോ ടീച്ചർ അപ്പുവിനെയും വിളിച്ചു.

'അപ്പു വാ.. പോവാൻ സമയമായി.'

അത്ഭുതത്തോടെ ടീച്ചർ 'ഞാൻ..'

'നിന്റെ അമ്മ എല്ലാം സംസാരിച്ചിട്ടുണ്ടായിരുന്നു. നീ വാ...'

വിശ്വസിക്കാൻ കഴിയാതെ ബസ്സിൽ കയറിയിരുന്നപ്പോൾ അപ്പുറത്തെ സീറ്റിൽ നിന്നും ഒരു കിളിനാദം അപ്പൂ....

തിരിഞ്ഞുനോക്കിയപ്പോ സന്തോഷം തിരതല്ലുന്ന മുഖവുമായി ചിരിച്ചുകൊണ്ട് ഷാനിമോൾ...

അവിടുന്നങ്ങോട്ട് ആനന്ദത്തിന്റെ നിമിഷങ്ങളായിരുന്നു. കളിചിരികൾ മാലപ്പടക്കങ്ങളും പൂത്തിരികളുമായ്.... കടൽ കരയിലെ മണൽ വാരിയും കക്ക പെറുക്കിയും തിരകൾ കുണുങ്ങിക്കുണുങ്ങി ഉൾവലിയുമ്പോൾ അതിന്റെ പുറകെ പോയും ഇരട്ടി ശക്തിയോടെ ആർത്തലച്ച് തിരിച്ചു കരയിലേക്ക്

വരുമ്പോൾ തൊടാൻ കിട്ടില്ലയെന്ന ഭാവത്തോടെ ഓടിയും രസിച്ചു....

നേരം പോയതേ ആരും അറിഞ്ഞില്ല. ഒരിക്കലും മറക്കാത്തൊരു ദിവസമായി. വീട്ടിൽ തിരിച്ചെത്തിയ അപ്പുവിന് അച്ഛനോടും അമ്മയോടും വിശേഷങ്ങൾ പറയാനുള്ള തിടുക്കം കൊണ്ട് മനസ്സ് വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു.... !

'അമ്മേ...'

അടുക്കളയിൽ നോക്കി കാണുന്നില്ല. കോലായിലുമില്ല. ഈ അമ്മ ഇതെവിടെപ്പോയി...?

അപ്പോഴാണ് അച്ഛന്റെ മുറിയിൽ നിന്നും അവരുടെ വർത്താനം കേൾക്കുന്നുത്. അവൻ വേഗം അങ്ങോട്ട് അവരേയും വിളിച്ചോണ്ട് അകത്തേക്ക് കയറി.

'ഹായ് ന്റെ കുട്ടൻ പോയി വന്നോ.... എങ്ങനെയുണ്ടായിരുന്നു യാത്രയൊക്കെ..?'

'ബഹു രസമായിരുന്നമ്മേ.... ഇതു പോലെ ഞാൻ സന്തോഷിച്ച വേറൊരു ദിവസം ഉണ്ടായിട്ടില്ല മ്മേ.. അവൻ അച്ഛനെയും അമ്മയെയും കെട്ടിപ്പിടിച്ച് സന്തോഷത്തിന്റെ ഒരു പങ്ക് ഉമ്മകളായി അവർക്കും പകുത്തുനൽകിയപ്പോൾ അവിടെ വിരിഞ്ഞതും സന്തോഷത്തിന്റെ നിർവൃതിയായിരുന്നു.

'നിന്റെ കൂട്ടുകാരി...?'

അച്ഛന്റെ ചോദ്യത്തിന് മറുപടിയായി 'ഞങ്ങളുടെ കൂട്ടത്തിൽ ഏറ്റവുമധികം സന്തോഷിച്ചിട്ടുണ്ടാവുക ഷാനിമോളായിരിക്കും. അവൾ പറയുന്നുണ്ടായിരുന്നു ഇങ്ങനൊരു അവസരമൊരുക്കി കൊടുത്തവർക്കുവേണ്ടി എന്നും പ്രാർത്ഥിക്കും. അവർക്കൊരു ആപത്തും വരുത്തരുതേ അസുഖങ്ങളൊന്നും കൊടുക്കരുതേ എന്റെ ഉപ്പന്റെയും ഉമ്മന്റെയും കൂടെ അവരെയും സ്വർഗത്തിലാക്കണേ എന്നൊക്കെയാണത്രെ പ്രാർത്ഥിക്കുക....!'

നാലുവർഷം മുമ്പ് വിധി അനാഥത്വത്തിന്റെ പട്ടം ചാർത്തിയതിനു ശേഷം അൽപ്പനേരത്തെക്കെങ്കിലും എല്ലാം മറന്ന് ഷാനിമോൾ ഒന്ന് ചിരിച്ചത് തിരമാലകളെ നോക്കി നിൽക്കെ ഇളങ്കാറ്റ് അവളുടെ മുടിയിഴകളിലൂടെ കയറിയിറങ്ങി ഇക്കിളിപ്പെടുത്തിയപ്പോളായിരുന്നു....

'അതുതന്നെയല്ലേ മോനെ നമുക്കും വേണ്ടത്. ഇന്നലെ വന്ന എന്റെ സുഹൃത്തുക്കൾ മരുന്നു വാങ്ങിക്കോയെന്നും പറഞ്ഞ് തന്ന കാശ് ഇവിടെ എടുത്തുവച്ചാലോ അതുകൊണ്ട് മരുന്നുവാങ്ങി കഴിച്ചാലോ ഇത്രയും വലിയൊരു ആശ്വാസം കിട്ടിയെന്ന് വരില്ല....'

'എന്താ മാഷേ... കടലിന്റെ പരപ്പ് നോക്കി സ്വപ്നം കാണുകയാണോ...?'

വലിയ ഫ്രെയിമുള്ള കണ്ണട മുഖത്തുനിന്ന് എടുത്ത് നനഞ്ഞൊട്ടിയ കൺപീലികളും വെള്ളം വീണ് പരന്ന വെളുപ്പും കറുപ്പും ഇടകലർന്ന താടിരോമങ്ങളും തുടച്ച് നിവർത്തിപ്പിടിച്ച പേഴ്സിന്റെ മുന്നിൽ ചിരി മായാതിരിക്കുന്ന രണ്ടു ഫോട്ടോകളിൽ വിരലുകളോടിച്ചുകൊണ്ടയാൾ.....

'അതെടോ... സ്വപ്നം കാണുകയല്ല ഇനിയൊരിക്കലും തിരിച്ചുകിട്ടാത്ത സുന്ദരമായ ഒരോർമ്മ പുതുക്കലായിരുന്നു....'

'അതൊക്കെപോട്ടെ മക്കളോ...?'

'അവരതാ കടല കൊറിച്ചും ഐസ്ക്രീം കഴിച്ചും അടിച്ചുപൊളിക്കുന്നു.'

'വരാൻ പറയൂ.... അവരെവിട്ടിട്ട് വേണ്ടേ നമുക്ക് തിരിക്കാൻ......!'

ഉണങ്ങാത്ത ഓർമ്മകളെ താലോലിക്കാൻ ഇതിലും നല്ല സ്ഥലം വേറെ എവിടെയാ...?

സന്ധ്യചുവപ്പ് തുള്ളികളായിറ്റിവീണു ഇളകിമറിയുന്ന കടലിന്റെ സൗരഭ്യത്തെയും അമ്മയുടെ മാറിലേക്കണയാൻ വെമ്പൽകൊള്ളുന്ന കുഞ്ഞിനെപ്പോലെ അസ്തമയ സൂര്യൻ മങ്ങി താഴ്ന്ന് കടലമ്മയുടെ മടിത്തട്ടിൽ ഒളിക്കാൻ വെപ്രാളപ്പെടുന്ന മനോഹര കാഴ്ചയും പുറകിലാക്കി അവർ നടന്നു......

യാത്ര പറഞ്ഞിറങ്ങുമ്പോ നീനുമോൾ അപ്പുയേട്ടൻ ഇനി എപ്പോഴാ..? വാത്സല്യത്തോടെ എല്ലാവരുടെയും കവിളിൽ തലോടി അടുത്ത ലീവിന് ഞാൻ വരുമ്പോൾ പോവാനുള്ള സ്ഥലം ഇപ്പോൾതന്നെ ആലോചിച്ചു തുടങ്ങിക്കോളൂ ട്ടോ....

പൊട്ടിച്ചിരിയുടെ ബൊക്കകൾ സ്വീകരിച്ച് കാറിന് അടുത്തെത്തിയപ്പോൾ മേരി സിസ്റ്റർ അവരെ പിറകിൽ നിന്നും വിളിച്ചു

'അപ്പൂ....., ഇതുവരെയും സ്വന്തമെന്ന് പറയാനൊരു.....?'

നിറപുഞ്ചിരിയോടെ ലക്ഷ്മി കുറച്ചകലേക്ക് ചൂണ്ടി 'ആ നിരന്നു നിൽക്കുന്നവരെല്ലാം ഞങ്ങളുടെ സ്വന്തമല്ലേ....?'

ആ മറുപടിക്കു മുന്നിൽ സിസ്റ്റർക്ക് പറയാൻ വാക്കുകളുണ്ടായിരുന്നില്ല....

സ്വന്തം ഭാര്യയുടെ മറുപടിയിൽ പൂർണ്ണ തൃപ്തനെന്ന മട്ടിൽ അപ്പു അവളെ ഒന്ന് ചേർത്തു പിടിച്ചു. കാറിൽ കേറി സിസ്റ്ററോട് യാത്രയും പറഞ്ഞു ആ പഴകിയ കെട്ടിടം കടന്ന് റോഡിലേക്ക് കയറിയപ്പോൾ അവർ ഒന്ന് തിരിഞ്ഞുനോക്കി. തുരുമ്പ് പിടിച്ചു തുടങ്ങിയ ഇരുമ്പിന്റെ ബോർഡിൽ വലിയ അക്ഷരത്തിൽ എഴുതിയ ആ ബോർഡിലേക്ക്...

'ബത്‌ലഹേം അനാഥ അഗതിമന്ദിരം'

അധികനേരം നോക്കി നിൽക്കാൻ കഴിയാതെ അപ്പു അവന്റെ വഴിയോരക്കാഴ്ചകളെയും മിന്നൽവേഗത്തിൽ മറികടന്ന് മുന്നോട്ടു കുതിച്ചു പാഞ്ഞു.......

■



സൗമ്യ സി.

**സ്ത്രീപക്ഷ രചനകളിൽ സാധാരണമല്ലാത്ത സ്ത്രീയുടേതായ ചില അനുഭവലോകങ്ങളെയും ഈ നോവൽ തുറന്നിടുന്നു. സ്ത്രീ ശരീരത്തെ അപ്രസക്തമാക്കുന്ന ഒരു കാഴ്ചപ്പാടായി അത് മാറുന്നു. ഏതർദ്ധരാത്രിയിലും പുറത്തുനടക്കാൻ കൊതിക്കുന്ന, ആരോടും ചോദിക്കാതെ പുറത്തിറങ്ങാൻ കഴിയുന്ന സ്ത്രീകൾ ഇതിലെ പ്രത്യേകതയാണ്.**

# നവീന ആഖ്യാനതലങ്ങൾ നോവലിൽ

പതിനാറാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യ സാഹിത്യത്തിൽ ആവിർഭവിക്കുന്ന 'നോവൽ' എന്ന സാഹിത്യപ്രസ്ഥാനം പത്തൊമ്പതാം നൂറ്റാണ്ടിലാണ് മലയാളത്തിലേക്ക് രംഗപ്രവേശം ചെയ്യുന്നത്. കോളിൻസിന്റെ 'ഘാതകവധ' പരിഭാഷയിൽ നിന്ന് തുടങ്ങുന്നു മലയാള നോവലിന്റെ ആരംഭം. മലയാളസാഹിത്യത്തിൽ വളരെ സജീവമായ ഒരു പ്രസ്ഥാനമായിട്ടും കുറച്ച് സ്ത്രീ നോവലിസ്റ്റുകളെ നമുക്കുള്ളൂ. 1914 ൽ പാറുക്കുട്ടിയമ്മ 'ശ്രീ ശക്തിമയീ അഥവാ ആപൽക്കരമായ മാല' എന്ന നോവൽ എഴുതി മലയാളനോവലിലെ ആദ്യ സ്ത്രീ സാന്നിദ്ധ്യമാവുന്നുണ്ടെങ്കിലും മലയാളനോവലിൽ ശക്തമായ രീതിയിൽ സ്ത്രീസ്വരം കേൾക്കാൻ തുടങ്ങിയത് പിന്നേയും വർഷങ്ങൾ കഴിഞ്ഞാണ്.



രാജശ്രീ ആർ.

പക്ഷെ സ്ഥാപനവൽക്കരിക്കപ്പെട്ട സാഹിത്യത്തിന്റെ പൊതുമണ്ഡലം മലയാളി എഴുത്തുകാരികളെ പുറത്തു നിർത്തുന്നു. മലയാളത്തിലെ ആദ്യകാല എഴുത്തുകാരികളുടെ ആഖ്യാന പരിസരം പരിശോധിച്ചാൽ ഇത് വ്യക്തമാകും. കെ. സരസ്വതിയമ്മ അമ്പത് വർഷം മുമ്പ് പുരുഷൻമാരില്ലാത്ത ലോകത്തെപ്പറ്റി പറഞ്ഞ് പരിഹാസ്യയും അവഗണിതയും ആവുകയും ഒടുവിൽ ദുഃഖിതയും രോഗിണിയുമായി മരിക്കുകയും ചെയ്യുന്നു. ലളിതാംബികാഅന്തർജ്ജനമാവട്ടെ അടുക്കളയിലെ മഞ്ഞൾപ്പാത്രത്തിൽ ചുരുട്ടിയിട്ട കടലാസിൽ പെൻസിൽ കൊണ്ട് കഥ കുറിച്ചിടുന്നു. ഇടത്തെ കൈകൊണ്ട് തൊട്ടിലാട്ടു

മ്പോൾ വലത്തെകൈകൊണ്ട് കുറിച്ചിടുന്ന എഴുത്തിൽ പലപ്പോഴും 'ഞാൻ' പ്രത്യക്ഷപ്പെട്ടിരുന്നു. മക്കൾ, ഭർത്താവ്, കുടുംബാംഗങ്ങൾ തുടങ്ങിയ വക്കകത്തു നിന്നുകൊണ്ടാണ് അവർ പുരുഷാധിപത്യത്തെ തൊട്ടറിയുന്നത്. രാജലക്ഷ്മിക്കാവട്ടെ എഴുതി മുഴുമിക്കാത്ത കഥക്കുമുമ്പിൽ ആത്മഹത്യ ചെയ്യേണ്ടി വരുന്നു. മാധവിക്കുട്ടിക്ക് തന്റെ കഥയെ ആദ്യം 'എന്റെ കഥ' എന്നും പിന്നീട് 'ഫാന്റസി' എന്ന് തിരുത്തേണ്ടിയും വന്നു. ഇങ്ങനെ സാഹിത്യത്തിന്റെ പൊതുമണ്ഡലം മലയാളി എഴുത്തുകാരികളെ അകറ്റിനിർത്തുന്നു. ഈ ഒരു പശ്ചാത്തലത്തിലാണ് സ്ത്രീ എഴുത്തിന്റെ ആഖ്യാനപരിസരത്തെ വ്യത്യസ്തമായി അടയാളപ്പെടുത്തുന്ന രാജശ്രീയുടെ 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത' യെ ഈ ലേഖനം ചർച്ച ചെയ്യുന്നത്.

'നായികാനിർമിതി: വഴിയും പൊരുളും', 'അപസർപ്പകാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും' എന്നീ പുസ്തകങ്ങളെഴുതിയ ആർ. രാജശ്രീയുടെ ആദ്യത്തെ നോവലാണ് 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത'. ശീർഷകംകൊണ്ട് മലയാളനോവലിന്റെ ബാല്യദശയിൽ പ്രസിദ്ധീകരിക്കപ്പെട്ട 'ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ' എന്ന നോവലിനെ ഓർമ്മിപ്പിക്കുന്നു ഈ നോവൽ. ഇത് കേവലമായ ഒരു യാദൃശ്ചികതയായല്ല ഈ ലേഖനം പരിഗണിക്കുന്നത്. മറിച്ച് ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ എന്ന നോവൽ ഭാവപരമായി അവതരിപ്പിക്കാൻ ശ്രമിക്കുന്നത് സ്ത്രീശരീരങ്ങളെ സംബന്ധിച്ചുള്ള ആധുനികമായ അവബോധമാണ്. വിക്ടോറിയൻ സദാചാര്യമൂല്യങ്ങളാൽ അധിഷ്ഠിതവും മധ്യവർഗ്ഗ കുടുംബത്തിനിണങ്ങുന്നതുമായ ശരീരങ്ങളെയാണ് ആ നോവൽ ഉദാത്ത കഥാപാത്രങ്ങളായവതരിപ്പിക്കുന്നത്. നിശ്ചയമായും അതിന്റെ പ്രത്യയശാസ്ത്രാടിത്തറ, ഗാർഹികകേന്ദ്രമായി മാറുന്ന പുതിയ ഇന്ത്യൻ സ്ത്രീയായിരുന്നു. സാമൂഹിക പ്രയോജനം ധ്വനിപ്പിക്കുന്ന സാഹിത്യസങ്കൽപ്പത്തിന്റെ വ്യാവഹാരിക സീമകൾക്കുള്ളിലാണ് 'ഫുൽമോനി' കൃതി സാക്ഷാൽക്കാരം നേടുന്നത് തന്നെ. ആധുനികതയിലെ പ്രമേയങ്ങളായ സാമൂഹിക പുരോഗതി, പരിഷ്കരണത്വം, കുടുംബഭദ്രത, സ്ത്രീസ്വതന്ത്യം തുടങ്ങിയവയാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ എല്ലാ നോവൽ കൃതികളിലേയും മുഖ്യ വിഷയം. ഫുൽമോനിയുടെ ഇതിവൃത്തത്തെ അവലോകനം ചെയ്താൽ ഇതു മനസ്സിലാവും.

ഇവിടെ ചർച്ചക്കെടുക്കുന്ന നോവലാവട്ടെ ശരീരത്തിന്റെ ഒതുക്കങ്ങളെ പരിഗണിക്കാത്തതും

**ഏതാണ്ട് അമ്പതോളം വർഷം മുമ്പ് കണ്ണൂർ ജില്ലയിലെ ഒരു കുഗ്രാമത്തിൽ ജീവിച്ച കല്യാണിയുടെയും ദാക്ഷായണിയുടെയും അവരുമായി ബന്ധപ്പെട്ട് പ്രത്യക്ഷപ്പെടുന്ന അനേകം സ്ത്രീകളുടെയും പുരുഷൻമാരുടെയും സങ്കീർണ്ണമായ ജീവിതസന്ധികൾ പ്രതിപാദിക്കുന്ന ഒരാഖ്യായികയായാണ് നോവൽ അവതരിപ്പിക്കപ്പെടുന്നത്. സമകാലികമായ അനുഭവരാഷ്ട്രീയത്തിലേക്കാണ് ആഖ്യാതാവിന്റെ ഇടപെടലുകൾ വഴി അതുചെന്നുചേരുന്നത്. നോവലിൽ ആവിഷ്കൃതമാകുന്ന ചരിത്രം സംഭവങ്ങളുടെ ചിത്രീകരണമല്ല. സമകാലികതയെ പ്രശ്നവൽക്കരിക്കാനായി കണ്ടെത്തപ്പെടുന്ന അനുഭവങ്ങളുടേയും ഓർമ്മകളുടേയും പുനരെഴുത്താണ്. ആ അർത്ഥത്തിൽ ആനുഭവിക ചരിത്രത്തെയാണ് നോവൽ അന്വേഷിക്കുന്നതെന്നു പറയാം.**

തുറന്ന് സംസാരിക്കുന്നതുമായ സ്വതന്ത്രകർത്താക്കളായ സ്ത്രീകളെ സംബന്ധിച്ചുള്ള ആഖ്യാനങ്ങളാണ്. ആ അർത്ഥത്തിൽ ഫുൽമോനിയുടെ ഒരു പ്രതിനോവൽ (Counter Novel) എന്ന് ഇതിനെ വിളിക്കാം. പാഠാന്തരബന്ധമല്ല, മറിച്ച് പ്രതിപാഠബന്ധമാണ് ഫുൽമോനിയും കല്യാണിയും തമ്മിലുള്ളത് എന്നർത്ഥം.

2019 ഒക്ടോബറിൽ ആദ്യപതിപ്പ് പുറത്തിറങ്ങിയ 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത' ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മൂന്നാംപതിപ്പിൽ എത്തി നിൽക്കുന്നു. ഈ നോവലിന്റെ ഉയർന്ന ബഹുജനപ്രീതിയുടെ ഉദാഹരണമാണിത്. രൂപപരമായും ഈ നോവൽ വ്യവസ്ഥാപിത മാനദണ്ഡങ്ങളേയും സ്ഥാപനവല്ക്കരണത്തിന്റെ ക്രമീകൃതത്വത്തേയും നിഷേധിക്കുന്നു. സാഹിത്യ പൊതുമണ്ഡലത്തെ (Literary Public Sphere) നിർണയിക്കുന്ന ഘടകങ്ങളായി പരിഗണിച്ചുപോരുന്ന ആനുകാലികങ്ങൾ, മുഖ്യധാരാപ്രസിദ്ധീകരണ സംരഭങ്ങൾ, വായനക്കൂട്ടങ്ങൾ എന്നിവയിലൂടെയൊന്നുമല്ല ഈ നോവൽ പ്രാരംഭഘട്ടത്തിൽ ആഖ്യാനം ചെയ്യപ്പെട്ടത്.

സൈബർസ്പേയ്സിലെ ദിനസരിക്കുറിപ്പുകളായി പുറത്തിറങ്ങിയ ആഖ്യാനങ്ങളെ ക്രോഡീകരിച്ചാണ് 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത' പുസ്തകരൂപത്തിൽ പുറത്തിറങ്ങുന്നത്. ലിറ്ററേച്ചർ എന്ന പുരുഷാധികാര സ്ഥാപനത്തെ രൂപപരമായി ആക്രമിച്ചുകൊണ്ടാണ് ഈ നോവലിന്റെ വരവ്. രണ്ട് കാര്യങ്ങൾകൊണ്ട്, ടൈറ്റിൽ, പ്രത്യക്ഷപ്പെടുന്ന ഇടം. ഇവകൊണ്ട് ഈ നോവലിനെ കൗണ്ടർനോവൽ എന്നു പറയാം.

ഏതാണ്ട് അമ്പതോളം വർഷം മുമ്പ് കണ്ണൂർ ജില്ലയിലെ ഒരു കുഗ്രാമത്തിൽ ജീവിച്ച കല്യാണിയുടെയും ദാക്ഷായണിയുടെയും അവരുമായി ബന്ധപ്പെട്ട് പ്രത്യക്ഷപ്പെടുന്ന അനേകം സ്ത്രീകളുടെയും പുരുഷൻമാരുടെയും സങ്കീർണ്ണമായ ജീവിതസന്ധികൾ പ്രതിപാദിക്കുന്ന ഒരാഖ്യായികയായാണ് നോവൽ അവതരിപ്പിക്കപ്പെടുന്നത്. സമകാലികമായ അനുഭവരാഷ്ട്രീയത്തിലേക്കാണ് ആഖ്യാതാവിന്റെ ഇടപെടലുകൾ വഴി അതുചെന്നുചേരുന്നത്. നോവലിൽ ആവിഷ്കൃതമാകുന്ന ചരിത്രം സംഭവങ്ങളുടെ ചിത്രീകരണമല്ല. സമകാലികതയെ പ്രശ്നവൽക്കരിക്കാനായി കണ്ടെത്തപ്പെടുന്ന അനുഭവങ്ങളുടേയും ഓർമ്മകളുടേയും പുനരെഴുത്താണ്. ആ അർത്ഥത്തിൽ ആനുഭവിക ചരിത്രത്തെയാണ് നോവൽ അന്വേഷിക്കുന്നതെന്നു പറയാം.

മന:ശാസ്ത്രജ്ഞന്റെ മുമ്പിലാണ് ആഖ്യാ

**ഏതാണ്ട് അമ്പതോളം വർഷം മുമ്പ് കണ്ണൂർ ജില്ലയിലെ ഒരു കുഗ്രാമത്തിൽ ജീവിച്ച കല്യാണിയുടെയും ദാക്ഷായണിയുടെയും അവരുമായി ബന്ധപ്പെട്ട് പ്രത്യക്ഷപ്പെടുന്ന അനേകം സ്ത്രീകളുടെയും പുരുഷൻമാരുടെയും സങ്കീർണ്ണമായ ജീവിതസന്ധികൾ പ്രതിപാദിക്കുന്ന ഒരാഖ്യായികയായാണ് നോവൽ അവതരിപ്പിക്കപ്പെടുന്നത്. സമകാലികമായ അനുഭവരാഷ്ട്രീയത്തിലേക്കാണ് ആഖ്യാതാവിന്റെ ഇടപെടലുകൾ വഴി അതുചെന്നുചേരുന്നത്. നോവലിൽ ആവിഷ്കൃതമാകുന്ന ചരിത്രം സംഭവങ്ങളുടെ ചിത്രീകരണമല്ല. സമകാലികതയെ പ്രശ്നവൽക്കരിക്കാനായി കണ്ടെത്തപ്പെടുന്ന അനുഭവങ്ങളുടേയും ഓർമ്മകളുടേയും പുനരെഴുത്താണ്. ആ അർത്ഥത്തിൽ ആനുഭവിക ചരിത്രത്തെയാണ് നോവൽ അന്വേഷിക്കുന്നതെന്നു പറയാം.**




താവിന് ഇത്തരത്തിലൊരു കഥ പറയേണ്ടിവരുന്നത്. തന്റെ കഥ പറയാതെ കല്യാണി ദാക്ഷായണിമാരുടെ കഥ പറയുകയും അതിലൂടെ തന്റെ സ്വത്വപ്രകാശനം നടത്തുകയും ചെയ്യുകയാണ് ആഖ്യാതാവ്.

ചരിത്രത്തിൽ സ്ത്രീ എഴുത്തുകാരുടെ ഇടയിൽ വളരെ വ്യത്യസ്തമായ നിലപാടുകളാണ് കാഴ്ചപ്പാടുകളാണ് കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കതയിലൂടെ ആർ. രാജശ്രീ അവതരിപ്പിക്കുന്നത്. പുരുഷകേന്ദ്രിതമായ ഭാഷ, പുരുഷ തർജ്ജമയിലൂടെ അവതരിപ്പിക്കപ്പെടുന്ന ശരീരം, ഉൽപ്പാദനപരമായ അന്യവൽക്കരണം ഇവയിലെല്ലാം ഒരു പ്രതിപാഠമാണ് ഈ നോവൽ അവതരിപ്പിക്കുന്നത്. അങ്ങനെ മലയാളനോവലിലെ സ്ത്രീ എഴുത്തിൽ പുതിയ ആഖ്യാനപരിസരം തുറന്നിടുകയാണ് ഈ നോവൽ.

**ഭാഷ**

സൈബർ ഇടത്തിൽ പ്രത്യക്ഷപ്പെട്ട ഈ നോവൽ സ്ത്രീജീവിതത്തിന്റെ ആനുഭവിക ചരിത്രമാകുന്നത്, പ്രാഥമികമായി ഭാഷാപരമായ സവിശേഷതകൊണ്ടാണ്. ഈ നോവലിനെ വ്യത്യസ്തമാക്കുന്ന ഏറ്റവും പ്രധാന ഘടകം അതിലെ ഭാഷയാണ്. ഭാഷ അഭിസംബോധന ചെയ്യുന്നത് പുരുഷൻമാരെയാണ്. ഒരു പുല്ലിംഗവാക്യം രണ്ട് ലിംഗഭേദങ്ങളെയും പ്രതിനിധീകരിക്കുമ്പോൾ, സ്ത്രീലിംഗമായ ഒരു വാചകം സ്ത്രീകളെ മാത്രമെ അഭിസംബോധന ചെയ്യുന്നുള്ളൂ. പുരുഷന്മാർ! ആധിപത്യമുള്ളവരായിരിക്കണം സ്ത്രീകൾ കീഴ്പ്പെടണം എന്നുമുള്ള ഭാഷയുടെ Ptariarchy സ്വഭാവത്തെ ഈ നോവൽ നിരാകരിക്കുന്നു.

ആരെയും കൂസാത്ത കുറച്ചൊരു ധിക്കാരപരമായ ഭാഷ, 'കല്യാണികീഞ്ഞാ, കീഞ്ഞതാന്ന് അമ്മേ', 'അനക്ക് അമ്മ, അച്ഛൻ, കുഞ്ഞീന്നൊന്നൂല്ല, എന്റെ മുമ്പില് ചെറ്റത്തരം പറഞ്ഞാ കാല് തച്ചൊടിക്കും ഞാൻ'എന്ന് പറയുന്നിടത്തൊക്കെ കൂസലില്ലായ്മയുടെയും ധിക്കാരത്തിന്റെയും സ്വരം വ്യക്തമാകുന്നുണ്ട്.

സ്ത്രീ ഭാഷയെ മുൻനിർത്തി ഇത്തരത്തിൽ ലോകം നിർമ്മിക്കപ്പെടുന്ന മിത്തുകളെ അനുഭൂതിപരമായി എതിരിടുന്നുണ്ട് ഇതിലെ ഭാഷ. 'അയിറ്റാലൊന്നിന അടുത്ത ജന്മത്തിലെങ്കും അനക്ക് കിട്ടീനെങ്കില് പണീം അറീല്ല പണിക്കോലുല്ലങ്കിലും ഞാൻ സയിച്ചിനേനും' എന്നുള്ള ഭാഷണ സന്ദർഭം ഉദാഹരണമാണ്. കല്യാണിയിലൂടെയും ദാക്ഷായണിയിലൂടെയും മറ്റും പുറപ്പെടുന്ന വാക്കുകളിൽ, വിലക്കു വാക്കുകൾ (Taboo words) പോലും ഉൾപ്പെടുന്നുണ്ട്.

**'ശരീരത്തിന്റെ ആനന്ദകരമായ അവസ്ഥകളെക്കുറിച്ചെഴുതാൻ സ്ത്രീ മടിക്കുന്നു. ആനന്ദാനുഭവങ്ങൾ അവരുടെ ബോധമണ്ഡലത്തിലേക്ക് വരുന്നതുമില്ല. അഥവാ വന്നാൽതന്നെ പാപബോധമാണ് അത് ഉയർത്തുന്നത്. അതുകൊണ്ടുതന്നെ പെണ്ണിന് ഭാഷ അവളുടെ വേദനകളും പരിമിതികളും വർണ്ണിക്കാനുള്ളതാണ്. ആരോടും ഒരുളുപ്പും കൂടാതെ സ്വന്തം സങ്കടങ്ങൾ വേഗത്തിൽപറഞ്ഞ് ഒഴുക്കിക്കളയുന്ന സ്ത്രീകൾ സ്വന്തം സന്തോഷങ്ങളും മാനസികലഹരികളും ഒരു തെറ്റു പോലെ ഒതുക്കിക്കളയുന്നു' എന്ന ശാരദക്കുട്ടിയുടെ നിരീക്ഷണത്തെ രാജശ്രീയുടെ നോവൽ നിരാകരിക്കുന്നു. ശരീരത്തിന്റെ ആനന്ദകരമായ അവസ്ഥകളെക്കുറിച്ചെഴുതാൻ നോവൽ മടികാണിക്കുന്നില്ല.**

ആധുനിക മലയാളസാഹിത്യത്തിൽ ഒരുപക്ഷേ ബഷീറായിരിക്കണം അതുവരെ സാഹിത്യത്തിന് അന്യം നിന്ന വാക്കുകളെയും ഭാഷണപ്രയോഗങ്ങളേയും സാഹിത്യത്തിനകത്തേക്ക് കൊണ്ടുവരുന്നത്. അത്തരത്തിൽ ഒരവതരണമാണ് ഭാഷയുടെ കാര്യത്തിൽ രാജശ്രീ നടത്തുന്നത്. അതിനുവേണ്ടിയാണോ കുല സ്ത്രീയെ മാറ്റിനിർത്തിയത് എന്ന് തോന്നിക്കും വിധമുള്ള പ്രയോഗങ്ങൾ നോവലിലുടനീളം കാണാം. 'നിന്റെ കുണ്ണ ഞാങ്കരിക്കും നായിന്റെ മോനേ.....' മുതലായ പ്രയോഗങ്ങൾ നടത്താൻ 'പെണ്ണ്ങ്ങളെ' കൊണ്ടല്ലേ പറ്റൂ. കല്യാണി അല്പം. നാണം കുണുങ്ങുമ്പോൾ, അപൊളിറ്റിക്കലായി സംസാരിക്കരുത് എന്നാണ് ആഖ്യാതാവ് പറയുന്നതുതന്നെ.

പാവാടപൊക്കി തുടയിൽ നുള്ളിയ മാഷെ, 'നീ പുയ്ത്ത് പോവ്വടാ നായിന്റെ മോനേ' എന്ന് പറഞ്ഞ് സ്കൂളിൽ നിന്ന് ഇറങ്ങിപ്പോന്ന ദാക്ഷായണിയുടെയും പഠിക്കാൻ വയ്യാത്തതിനാൽ ദാക്ഷായണിയെ അനുഗമിക്കുന്ന കല്യാണിയുടെയും പ്രവൃത്തി, ആൺകുട്ടികളിൽ മാത്രം കാണാറുള്ളപ്രവണതയുടെയും ധൈര്യത്തിന്റെയും സ്ത്രീ വിവർത്തനം മാത്രമല്ല ശരീരത്തെ മുൻനിർത്തി രൂപപ്പെടുത്തുന്ന ആത്മബോധമാണത്. തങ്ങളാണ് തങ്ങളുടെ അവകാശികൾ എന്നുള്ള പ്രഖ്യാപനത്തിന്റെആ ഭാഷണ ആവിഷ്കാരമാണ് ഇതിലെ ഭാഷ. അനാവശ്യമായി ഒന്നിനും കീഴ്പെടാത്ത കീഴ്പെടാനറിയാത്ത പെണ്ണുങ്ങളാണ് കല്യാണിയും ദാക്ഷായണിയും. സമൂഹത്തിനുവേണ്ടി ജീവിക്കാതെ തങ്ങൾക്ക് വേണ്ടി ജീവിക്കുകയും അതിൽ മനസ്സുഖം കാണുകയും ചെയ്യുന്നു അവർ.

ഒരു പുരുഷന്റെ മുഖത്ത്നോക്കി അവനെ പുരുഷനാക്കുന്ന അവയവത്തെ 'കൊണ്ടുച്ചാടിയാട്ടെ നനഞ്ഞ ബെളക്ക്ത്തിരി പോലത്തെ സാതനം, കുരിപ്പ്' എന്ന് പറയാനുള്ള ആർജ്ജവം കാണിക്കുന്നുണ്ട് കല്യാണിയുടെ ഭാഷ. പുരുഷന്റെ മേൽക്കോയ്മയെ അംഗീകരിക്കാൻ തയ്യാറല്ലാത്ത ആഖ്യാതാവിനെ ഇവിടെ കാണുന്നു. തങ്ങളുടെ കിടപ്പറ രംഗങ്ങളുടെ വിവരണവും അതിനുപയോഗിക്കുന്ന ഭാഷയും തികച്ചും വ്യത്യസ്തമാണ്. കിടപ്പറയിൽവെച്ച് ദാക്ഷായണിയെ വാക്കുകൾ കൊണ്ട് ആക്രമിക്കുന്ന 'എന്തുണ്ടെടീ രൂപായ്ക്കുണ്ടോ?', 'എന്റെ കട്ടിലിക്കെടക്കാനുള്ള ഫാഗ്യമൊണ്ടായല്ലോ നെനക്ക്', 'എന്തിയേടീ നിന്റെ കാശ്' ആണിക്കാരനെ; തന്റെ, കഴിവില്ലായ്മ മറച്ചുവെക്കാനാണോ ഇത്തരത്തിൽ പെരുമാറുന്നത് എന്ന് മറുചോദ്യം ചോദിക്കുന്ന സ്ത്രീയായി ഉയരാൻ ദാക്ഷായണിക്കാവുന്നു.

ഓരോ വീടിന്റെയും മുമ്പിലെ അധികാരത്തിന്റെ കസേര, പുരുഷനുമാത്രം കാലുകേറ്റിവെച്ച് ഇരിക്കാവുന്ന മടിയൻ കസേര വലിച്ചിട്ട് അതിലിരിക്കുന്ന ദാക്ഷായണി; ഇരിക്കുക മാത്രമല്ല വരാന്തയിലെ മടിയൻ കസേരയിൽ വന്നിരുന്ന് വീട്ടുകാരേയും നാട്ടുകാരേയും തേച്ചാലും കുളിച്ചാലും പോകാത്ത തെറിവിളിക്കുന്നു. ഇതെല്ലാം ഭാഷകൊണ്ട് സ്ത്രീരചനയിൽ രാജശ്രീ നടത്തുന്ന പ്രതിഭാവനകളാണ്.

പ്രാദേശിക ഭാഷയിൽ എഴുതപ്പെട്ട നോവലിൽ, പ്രയോഗങ്ങൾ മനസ്സിലാവാൻ ഒറ്റ അടി

**ഇതിലെ ആഖ്യാതാവ് സ്ത്രീയാണ്. എന്നാൽ ആഖ്യാതാവിന്റെ ജെൻഡർ നിഷ്കാസനം ചെയ്യപ്പെടുന്ന കാഴ്ച യാണ് കാണുന്നത്. ആണും പെണ്ണും തമ്മിലുള്ള ഏറ്റുമുട്ടലായി അത് രൂപാന്തരപ്പെടുന്നു. കല്യാണി ദാക്ഷാ യണിമാരും അവരുടെ ഭർത്താക്കൻ മാരും തമ്മിലുള്ള ഏറ്റുമുട്ടൽ ഇത് വ്യക്തമാക്കുന്നു. പക്ഷെ അവരാരും, ഈ നോവലിലെ സ്ത്രീകളാരും കല്യാണി, ദാക്ഷായണി, ചേയിക്കുട്ടി, കുഞ്ഞിപ്പെണ്ണ് പുരുഷ വിരോധികളല്ല. പുരുഷൻ കാണിക്കുന്ന പ്രത്യേക മായ അധികാരത്തെയാണ് അവർ എതിർക്കുന്നത്. പുരുഷനല്ല, ആര് അധികാരം കാണിച്ചാലും എതിർക്കാൻ കല്യാണിയും ദാക്ഷായണിയും മടിക്കു ന്നുമില്ല. തന്റെ ഭർത്താവിന്റെ അമ്മയായ ചേയിക്കുട്ടിയുടെ അഹന്ത നിറഞ്ഞ പെരുമാറ്റത്തെയും, തന്റെ അമ്മയുടെ ചില പ്രവൃത്തികളെയും കല്യാണി നിഷ്കരുണം എതിർക്കുന്നു. മാത്രമല്ല, 'അനക്ക് അമ്മ, അച്ഛൻ, കുഞ്ഞീന്നൊ ന്നൂല്ല, എന്റെ മുമ്പില് ചെറ്റത്തരം പറഞ്ഞാ കാല് തച്ചൊടിക്കും ഞാൻ' എന്ന് തന്റെ മകനോട് വരെ കല്യാണി പറയുന്നുണ്ട്.**

ക്കുറിപ്പുപോലും ആഖ്യാതാവ് കൊടു ക്കുന്നില്ല. തുക്കിച്ചി, പത്ക്കുക, കൈസാട്, ബെള്ളം ക്ലാഞ്ചുക തുടങ്ങിയവ ഉദാ ഹരണങ്ങൾ. എഴുത്തുകാരിയെ അന്വേ ഷിച്ചുചെല്ലുന്ന വായനക്കാരെ ഇവിടെ കാണാം. മറുപുറത്ത് തന്റെ എഴുത്തിൽ വിശ്വാസമുള്ള നോവലിസ്റ്റിനെയും.

മലയാള നോവലിലെ മറ്റ് സ്ത്രീരചനകളിൽ, സ്ത്രീജീവിതത്തെ അതിന്റെ അടിത്തട്ടിൽ ആവിഷ്കരിക്കു മ്പോഴും അവ പിൻതുടരുന്നത് പുരു ഷാധികാരത്തിന്റെ ഭാഗമായി രൂപംകൊണ്ട ഭാഷയെയാണ്. ഇതിൽ നിന്ന് സമ്പൂർ ണ്ണമായ വിച്ഛേദം ഈ നോവൽ മുന്നോ ട്ടുവെക്കുന്നു. നിലനിൽക്കുന്ന ഭാഷാ വ്യവഹാരത്തിന്റെ ശീലങ്ങൾക്കപ്പുറ ത്തുള്ള ആൺ/പെൺ വേർതിരിവു കളെ അതിജീവിക്കുന്ന ആഖ്യാനത്തിന്റെ സാധ്യത ഇവിടെ തെളിയുന്നു. നോവലിലെ ഭാഷയുടെ തലങ്ങൾ; ആഖ്യാനഭാഷ, ഭാഷണം, ആഖ്യാതാവിന്റെ ഭാഷ എന്നി വയാണ്. ഇവിടെയെല്ലാം തെളിയുന്നത് സ്ത്രീ ഭാഷയാണ്.

**ശരീരം**

ഒരു സ്ത്രീക്ക് സ്വന്തം ശരീത്തിൻ മേലുള്ള അധികാരത്തെയും അവകാശ ത്തെയും ഊന്നിപ്പറയുന്ന ബോഡി പൊളിറ്റിക്സ്, വീട്ടിലും ലൈംഗികബന്ധ ത്തിലും അവൾക്ക് തുല്യ അവകാശമു ണ്ടെന്നും വാദിക്കുന്നുണ്ട്. ഈ ആശയത്തെ നോവൽ പിൻപറ്റുന്നതായി കാണാം.

സ്ത്രീയുടെ ശരീരം ലാളനകൾ ഏറ്റുവാങ്ങാൻ വെമ്പുന്നുണ്ട് എന്ന് യാതൊരു സങ്കോചവുമില്ലാതെ, പറഞ്ഞു വെക്കുന്നു നോവൽ. ഭർത്താവിൽ നിന്ന് സ്നേഹം കിട്ടാത്ത ദാക്ഷായണി അവിടെ നിന്ന് പോരുമ്പോൾ, തന്റെ ശരീരത്തെ ശ്രദ്ധിക്കാത്ത ഭർത്താവിനെ വിട്ടുപോരു മ്പോൾ സ്വന്തം ശരീരത്തെ ഏറ്റവും ഇഷ്ടത്തോടെ കുഞ്ഞിനെയെന്നോണം കുളിപ്പിച്ചെടുക്കുന്നു.

ശരീരം ഒളിപ്പിച്ചുവെക്കാൻ മാത്ര മുള്ളതല്ലെന്നും, അതിനും വിശപ്പു ണ്ടെന്നും ശമിപ്പിക്കേണ്ടത് ആവശ്യമാ ണെന്നും ഉള്ള ഒരു നിലപാട് നോവൽ എടുക്കുന്നുണ്ട്. 'ഇങ്ങളല്ലേ ഇന്നുച്ചക്ക് പറഞ്ഞിന് ആരിക്കും പയിക്കാൻ പാടില്ലാന്ന്?' കല്യാണിയുടെ ഈ വാചകം അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യു

ന്നുണ്ട്. തന്റെ ലൈംഗികമായ ആവശ്യം പുരുഷനോട് തുറന്ന് പറയുന്ന കല്യാണി, അതിനയാൾക്ക് കഴിവില്ലെന്ന്കണ്ട് അനിയനെ സ്വീകരിക്കുന്നു. അതിൽ യാതൊരു കുറ്റബോധവും അവൾ കാണുന്നുമില്ല.

'ശരീരത്തിന്റെ ആനന്ദകരമായ അവസ്ഥകളെക്കുറിച്ചെഴുതാൻ സ്ത്രീ മടിക്കുന്നു. ആനന്ദാനുഭവങ്ങൾ അവരുടെ ബോധമണ്ഡലത്തിലേക്ക് വരുന്നതുമില്ല. അഥവാ വന്നാൽതന്നെ പാപബോധമാണ് അത് ഉയർത്തുന്നത്. അതുകൊണ്ടുതന്നെ പെണ്ണിന് ഭാഷ അവളുടെ വേദനകളും പരിമിതികളും വർണ്ണിക്കാനുള്ളതാണ്. ആരോടും ഒരുളുപ്പും കൂടാതെ സ്വന്തം സങ്കടങ്ങൾ വേഗത്തിൽ പറഞ്ഞ് ഒഴുക്കിക്കളയുന്ന സ്ത്രീകൾ സ്വന്തം സന്തോഷങ്ങളും മാനസികലഹരികളും ഒരു തെറ്റു പോലെ ഒതുക്കിക്കളയുന്നു' എന്ന ശാരദക്കുട്ടിയുടെ നിരീക്ഷണത്തെ രാജശ്രീയുടെ നോവൽ നിരാകരിക്കുന്നു. ശരീരത്തിന്റെ ആനന്ദകരമായ അവസ്ഥകളെക്കുറിച്ചെഴുതാൻ നോവൽ മടികാണിക്കുന്നില്ല.

തന്റെ ആദ്യ ഭർത്താവായ പട്ടാളക്കാരനിൽനിന്ന് 'തേറ്റാമ്പരല് കുത്തുന്നതുപോലെ' യുള്ള അനുഭവം ഏറ്റുവാങ്ങിയ കുഞ്ഞിപ്പെണ്ണ് രണ്ടാം ഭർത്താവായ ചിത്രസേനന്റെ ലാളനകളിലൂടെ നിർഭയമായി കണ്ണുകെട്ടി ഓടുന്നു. 'ആ അരിവാൾ എവിടെപ്പോയടീ മരുതങ്കോടി പൊന്നമ്മേ...' എന്നു തുടങ്ങുന്ന വരികളിലൂടെ ചിത്രസേനനും കുഞ്ഞിപ്പെണ്ണും തമ്മിലുള്ള ആദ്യരാത്രിയിലെ രംഗം മനോഹരമായി അവതരിപ്പിക്കപ്പെടുന്നു.

ഇതിനെല്ലാമുപരിയായി കല്യാണിയുടെ അടുത്ത് സ്വന്തം ശരീരം നിയന്ത്രിക്കാനാവാതെ വിമ്മിഷ്ടപ്പെടുന്ന ലക്ഷമണനെയും കാണാം. സ്ത്രീയുടെ ശരീരം നിയന്ത്രിച്ചുമാത്രം ശീലമുള്ള പുരുഷനിൽനിന്ന് വ്യത്യസ്തനായ ഒരുവനെ ഇവിടെ ചിത്രീകരിക്കുന്നു.

ഇതിലെ ആഖ്യാതാവ് സ്ത്രീയാണ്. എന്നാൽ ആഖ്യാതാവിന്റെ ജെൻഡർ നിഷ്കാസനം ചെയ്യപ്പെടുന്ന കാഴ്ചയാണ് കാണുന്നത്. ആണുംപെണ്ണും തമ്മിലുള്ള ഏറ്റുമുട്ടലായി അത് രൂപാന്തരപ്പെടുന്നു. കല്യാണി ദാക്ഷായണിമാരും അവരുടെ ഭർത്താക്കൻമാരും തമ്മിലുള്ള ഏറ്റുമുട്ടൽ ഇത് വ്യക്തമാക്കുന്നു. പക്ഷെ അവരാരും, ഈ നോവലിലെ സ്ത്രീകളാരും കല്യാണി, ദാക്ഷായണി, ചേയിക്കുട്ടി, കുഞ്ഞിപ്പെണ്ണ് പുരുഷവിരോധികളല്ല. പുരുഷൻ കാണിക്കുന്ന പ്രത്യേകമായ അധികാരത്തെയാണ് അവർ എതിർക്കുന്നത്. പുരുഷനല്ല, ആര് അധികാരം കാണിച്ചാലും എതിർക്കാൻ കല്യാണിയും ദാക്ഷായണിയും മടിക്കുന്നുമില്ല. തന്റെ ഭർത്താവിന്റെ അമ്മയായ ചേയിക്കുട്ടിയുടെ അഹന്ത നിറഞ്ഞ പെരുമാറ്റത്തെയും, തന്റെ അമ്മയുടെ ചില പ്രവൃത്തികളെയും കല്യാണി നിഷ്കരുണം എതിർക്കുന്നു. മാത്രമല്ല, 'അനക്ക് അമ്മ, അച്ഛൻ, കുഞ്ഞീന്നൊന്നൂല്ല, എന്റെ മുമ്പില് ചെറ്റത്തരം പറഞ്ഞാ കാല് തച്ചൊടിക്കും ഞാൻ'എന്ന് തന്റെ മകനോട് വരെ കല്യാണി പറയുന്നുണ്ട്.

തങ്ങളോട് സ്നേഹത്തോടെ പെരുമാറുന്നവരുടെ മുമ്പിൽ കല്യാണിയും ദാക്ഷായണിയും സ്നേഹമയികളായ സ്ത്രീകളാകുന്നു. അബൂബക്കറിന്റെ പഴയ ചെരിപ്പ് രാത്രി വീടിനുമ്മറത്ത് കെട്ടിത്തൂക്കിയത് കല്യാണിയെയും അബൂബക്കറിനെയും കുറിച്ച് ഒരു തെറ്റിദ്ധാരണ നാട്ടിൽ ജനിപ്പിക്കുന്നു. അവിടെ കല്യാണി തളരുന്നു. താൻ കാരണം നല്ലവനായ അബൂബക്കറിന് കൂടി ചീത്തപ്പേര് വന്നല്ലോ എന്ന് അവൾ സഹതപിക്കുന്നു. തന്റെ മനസ്സിനെയും ശരീരത്തെയും അറിയുന്ന ലക്ഷമണനോടും കല്യാണിക്ക് സ്നേഹം മാത്രമേ ഉള്ളൂ. മാത്രമല്ല ആഖ്യാതാവിന്റെ ആൺ/പെൺ ദ്വന്ദ്വത്തിൽ പെൺമക്കാണ് ഇവിടെ മുൻതൂക്കം എന്ന നിഗമനത്തിൽ എത്തിച്ചേരാനും സാധിക്കുന്നു. 'ഉച്ചയ്ക്കിത്തിരി മീൻമണവും രാത്രിയിലിത്തിരി ആൺമണവും കിട്ടുന്ന നാടുതന്നെയല്ലേ ഇത്?എന്ന പ്രസ്താവനയിലൂടെ അത് സാധൂകരിക്കുകയും ചെയ്യുന്നു.

സ്ത്രീപക്ഷ രചനകളിൽ സാധാരണമല്ലാത്ത സ്ത്രീയുടേതായ ചില അനുഭവലോകങ്ങളെയും ഈ നോവൽ തുറന്നിടുന്നു. സ്ത്രീ ശരീരത്തെ അപ്രസക്തമാക്കുന്ന ഒരു കാഴ്ചപ്പാടായി അത് മാറുന്നു. ഏതർദ്ധരാത്രിയിലും പുറത്തുനടക്കാൻ കൊതിക്കുന്ന, ആരോടും ചോദിക്കാതെ പുറത്തിറങ്ങാൻ കഴിയുന്ന സ്ത്രീകൾ ഇതിലെ പ്രത്യേകതയാണ്. ഭർതൃവീട്ടിൽ നിന്ന് അമ്പലത്തിലേക്ക് പോയി പാതിരാത്രി ഒറ്റക്ക് വീട്ടിൽ ചെന്ന് കയറുകയും, 'ഒറ്റക്കോപ്പ പച്ചവെള്ളം മുക്കി ഒറ്റവീർപ്പിൽ കുടിച്ചിട്ട് അവൾ അടുക്കളവാതിൽ കടന്ന് കുത്തനെ നടന്നു. സമസ്ത ഭാരങ്ങളും ഇറക്കിവെച്ച് അനായാസം ഇരുകൈകളും വീശി എരിഞ്ഞിത്തറയും കടന്ന് പഞ്ചായത്ത് റോഡിലേക്കിറങ്ങു' കയും ചെയ്യുന്ന ദാക്ഷായണി പുരുഷനു മാത്രം സാധ്യമായിരുന്ന സാധ്യമാവുന്ന കാര്യത്തെ അപസ്വരങ്ങളെ, സ്വരച്ചേർച്ചയില്ലായ്മയെ അകറ്റാൻ പുറത്തിറങ്ങിപ്പോകുന്ന പുരുഷൻ ഓർമ്മിപ്പിക്കുന്നു.

ഉറക്കമില്ലാത്ത രാത്രികളിൽ ഒറ്റക്ക് വീടിന് പുറത്ത് വന്നിരുന്ന് ബീഡി വലിക്കുന്ന 'ചേയിക്കുട്ടി'യും പുരുഷനെ ഓർമ്മിപ്പിക്കുന്ന, വളരെ മിഴിവുള്ള ഒരു കഥാപാത്രമാണ്. ഇതെല്ലാം സ്ത്രീ ശരീരത്തെപ്രതി നിർമ്മിക്കപ്പെട്ടിട്ടുള്ള ആഖ്യാനങ്ങളുടെ Counter ആയി വർത്തിക്കുന്നു.

**സ്വാശ്രയത്വം**

സമൂഹത്തിൽ നിലനിൽക്കുന്ന വ്യവസ്ഥയുടെ Counter എന്ന നിലയിലും ഈ നോവലിനെ പരിഗണിക്കാവുന്നതാണ്.

നവോത്ഥാനകാലത്ത് അടുക്കളയിൽനിന്ന് അരങ്ങിലേക്കും അവിടെനിന്ന് തൊഴിൽ രംഗത്തേക്കും വന്ന സ്ത്രീകൾ സമൂഹത്തിന്റെ പൊതുധാരയിൽ ഉണ്ടായിരുന്നു. ആധുനികകാലത്ത് കേരളീയ സ്ത്രീകൾ തിരികെ കുടുംബ പരിസരത്തിലേക്ക്, കുടുംബത്തിനകത്തെ വീട്ടമ്മമാരായി ഒതുങ്ങിക്കൂടുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് തൊണ്ണൂറ് ശതമാനവും പെൺകുട്ടികളാണെന്ന് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. അപ്പോഴും ഉൽപ്പാദന വ്യവസ്ഥയിൽ നിന്ന് അവർ വിട്ടുനിൽക്കുന്നു. 'സ്ത്രീയെ അടിച്ചമർത്തുന്നതിനുപയോഗിക്കുന്ന ആയുധങ്ങളിൽ ഏറ്റവും ശക്തിയേറിയത് തൊഴിൽ വിപണിയിൽ അവളെ പുരുഷനു പിന്നിലാക്കുന്ന തന്ത്രങ്ങളാണെന്ന് കണ്ടെത്തുകയും ആ കണ്ടെത്തലിന് സൈദ്ധാന്തിക അടിത്തറ നൽകുകയും ചെയ്യുന്നതിൽസാമ്പത്തികശാസ്ത്രം ഏതാണ്ട് പൂർണ്ണമായും വിജയിച്ചുകഴിഞ്ഞു' എന്ന് പഠനങ്ങൾ.

സ്ത്രീയുടെ സാമ്പത്തിക സ്വാശ്രയത്വത്തിന്റെ രാഷ്ട്രീയം നോവൽ ഊന്നിപ്പറയുന്നുണ്ട്. പൈസ കൈകാര്യം ചെയ്യുന്ന, 'കയ്യിൽ പൈസയില്ലെങ്കിൽ, തനിക്ക് ശക്തിയില്ലെന്ന് തോന്നുന്ന പെണ്ണിനെ' കാണുന്നു നോവലിൽ. 'അന്റെ കൈവശം എപ്പഴും പൈശണ്ടാവലിണ്ട്, പൈശകൈമലില്ലെങ്ക്, അനക്ക് എന്തല്ലോ ആവ്ന പോല്യാന്ന്. കൈമപ്പിടിക്കാൻ അനക്ക് കൊറച്ച് പൈശ തരുവാ?' ദാക്ഷായണിയുടെ ഈ അപേക്ഷ ഉദാഹരണമാണ്. ഒരിക്കൽ തന്റെ സമ്പാദ്യം മുഴുവൻ പുരുഷനെ ഏല്പ്പിക്കുകയും തന്റെ സാമ്പത്തിക പ്രതിസന്ധി ആത്മബോധത്തെ തകർക്കുമെന്നും വന്നപ്പോൾ പുരുഷനെത്തന്നെ വേണ്ടെന്നുവെക്കുന്നു. സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാണവർ. പുരുഷനില്ലാതെ, സാമ്പത്തിക ഭദ്രത നഷ്ടപ്പെട്ട് ഒറ്റക്കായിപ്പോയ സ്ത്രീകൾ സമൂഹത്തിന്റെ കുറ്റപ്പെടുത്തലുകളെ, കുടുംബത്തിന്റെ ഒറ്റപ്പെടുത്തലുകളെയെല്ലാം ശക്തമായി അതിജീവിച്ച് മുന്നോട്ടുപോവുന്നു.

അടുക്കളയിൽ ഒതുങ്ങാത്ത കല്യാണി, താൻ എടുത്ത പണി കാണാനുള്ളതാവണം അതിന് കൂലിവാങ്ങിയും ശീലമുണ്ട് എന്ന് പറയുന്നു. പണിയെടുത്താൽ കൂലി കിട്ടണമെന്ന ചിന്ത ഇവിടെ പ്രവർത്തിക്കുന്നു. സ്ത്രീയുടെ സ്വാശ്രയ ചിന്തയാണ് ഇതിലൂടെ വെളിപ്പെടുന്നത്.

തീരുമാനങ്ങൾ എടുക്കുന്നതിൽ യാതൊരു തടസ്സവുമില്ലാതിരുന്ന സ്ത്രീ സ്വത്വങ്ങൾ, സ്ത്രീ

**മലയാളനോവലിന്റെ ആഖ്യാന പരിസരത്തിൽ പുതിയ ചലനങ്ങൾ സൃഷ്ഠിച്ചുകൊണ്ട് ഉയർന്നുവന്ന നോവലാണ് രാജശ്രീയുടെ 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത'. ഭാഷ, എഴുത്ത്, ശരീരം എന്നീ മേഖലകളിൽ പ്രതിപാഠങ്ങളെ അവതരിപ്പിക്കുന്ന ഈ നോവൽ സ്ത്രീ രചനയുടെ പുതിയ രൂപ, ഭാവ പരിസരങ്ങൾ തുറന്നിടുന്നു.**

കളുടെ സ്വാശ്രയത്തെ ഊട്ടിയുറപ്പിക്കുന്നു. 'കല്യാണിക്ക് തീരുമാനങ്ങൾ എന്നും അനായാസമായിരുന്നു' ആണിക്കാരനെ വിട്ടുവന്ന ദാക്ഷായണി നാലുവഴിക്കുമുള്ള തിരസ്കാരംകൊണ്ട് ഒരേസമയം സമ്പന്നയും വ്രണിതയുമാവുന്നു. കല്യാണി പ്രസവത്തിന് വന്നതറിയുന്ന ദാക്ഷായണി, 'നീ ബന്നത് ഞാനറിഞ്ഞിന്, എപ്പോം ബരാങ്കീയും, പിന്നെ ബയ്യപ്പോവാന്ന് വിചാരിക്കും' എന്ന് അടയാളപ്പെടുത്തുന്നു. തന്റെ ഭർത്താവ് എതിർത്തിട്ടും ലോണെടുത്ത് പശുവിനെ വാങ്ങുകയും അതിനെ വളർത്താൻ സന്നദ്ധയാവുകയും ചെയ്യുന്നുണ്ട് ദാക്ഷായണി. അത് നിമിത്തം പിണങ്ങുന്ന ഭർത്താവിനെ അവൾ കാര്യമാക്കുന്നേയില്ല. ഫാക്ടറിയിൽ തൊഴിലെടുക്കുവാൻ പോവുന്ന ദാക്ഷായണി, അങ്ങനെ സ്ത്രീയുടെ സ്വാശ്രയത്തെ അടയാളപ്പെടുത്തുന്ന ഒട്ടേറെ മുഹൂർത്തങ്ങൾ നോവലിലുണ്ട്. ഏതു വിധേനയും തൊഴിലെടുത്ത് കൈയ്യിൽ പണം നേടണം സ്വയം പര്യാപ്തരാവണം, സ്വതന്ത്രരാവണം എന്ന് ചിന്ത നോവൽ മുന്നോട്ടുവെക്കുന്നുണ്ട്.

മലയാളനോവലിന്റെ ആഖ്യാന പരിസരത്തിൽ പുതിയ ചലനങ്ങൾ സൃഷ്ഠിച്ചുകൊണ്ട് ഉയർന്നുവന്ന നോവലാണ് രാജശ്രീയുടെ 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത'. ഭാഷ, എഴുത്ത്, ശരീരം എന്നീ മേഖലകളിൽ പ്രതിപാഠങ്ങളെ അവതരിപ്പിക്കുന്ന ഈ നോവൽ സ്ത്രീ രചനയുടെ പുതിയ രൂപ, ഭാവ പരിസരങ്ങൾ തുറന്നിടുന്നു. അതോടൊപ്പം മലയാള നോവലിന്റെ ആദ്യകാല മാതൃകയായ 'ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ' എന്ന നോവലുമായി പാഠാന്തര ബന്ധവും പുലർത്തുന്നു.

■



മുബീന വിളത്തൂർ

# പാർക്ക്

ചലിക്കാത്ത കാലുകൾക്കു പകരം വീൽ ചെയറിന്റെ ടയറുകളെ ഉരുട്ടികൊണ്ട് നീങ്ങുമ്പോൾ പാർക്കിലെ കാഴ്ചകൾ ഓരോന്നായി തെളിയുന്നതിനിടയിലാണ് കണ്ണുകൾ വെള്ളക്കെട്ടിൽ തടഞ്ഞത്. എങ്ങോട്ടൊക്കെയോ ഒഴുകി അകലാൻ ആർത്ത് തിളക്കുന്ന വെള്ളത്തിലേക്ക് നോക്കി ഇരിക്കുമ്പോൾ മനസ്സിലൂടെ ചെറുമുനയുള്ള ആഗ്രഹത്തിന്റെ ഒരമ്പ് കടന്നു പോയതു പോലെ. അതിന്റെ അരികിലൂടെ നടക്കാൻ എന്ത് രസമായിരിക്കും... അതിലൂടെയൊക്കെയൊന്ന് നടക്കാൻ പറ്റുമായിരുന്നെങ്കിൽ.... വെറുതെയൊരു വ്യാമോഹം. അവിടെ വരെ പോകുമ്പോ തന്നെ ഉമ്മ പുറകിൽ നിന്നും ബഹളം ഉണ്ടാക്കുന്നുണ്ട്. 'ഇനിയും മുന്നോട്ടു പോകല്ലേ ടയർ വഴുക്കിയാൽ നിന്നെ പിടിക്കാൻ കഴിയില്ല'. എന്നൊക്കെ പറഞ്ഞുകൊണ്ട്.. അതിക്രമിച്ചുകയറിയ ആഗ്രഹം കാലുകൾ അറിഞ്ഞതുകൊണ്ടാണെന്ന് തോന്നുന്നു എന്തോ സ്വകാര്യം പറയുന്നതുപോലെ തോന്നി. എനിക്ക് കഴിയുമായിരുന്നെങ്കിൽ നിന്നെ..

അപ്പോ എന്നോട് തന്നെ ഞാൻ പറഞ്ഞു. അതിന് പറ്റില്ലല്ലോ പിന്നെ പറഞ്ഞിട്ടെന്തു കാര്യം.. മറ്റെവിടെക്കും തിരിയാതെ നോട്ടം അപ്പോഴും വെള്ളത്തിൽ തന്നെ കുടുങ്ങിക്കിടക്കുന്നുണ്ടായിരുന്നു. പൊട്ടി ഇല്ലാതാക്കുന്ന ഓരോ കുമിളകളും എന്റെയുള്ളിലെ മോഹങ്ങളാണോ എന്ന് വെറുതെ.... വീശാത്ത കാറ്റിൽ ആടിയുലയുന്ന ഉത്തരമില്ലാത്ത ചോദ്യങ്ങളുമായി മല്ലിടുമ്പോഴാണ്, നമുക്കിനി അങ്ങോട്ട് പോകാം എന്നും പറഞ്ഞ് ഒരു സ്ഥലം ചൂണ്ടിക്കാണിച്ചുകൊണ്ട് പുറകിൽ നിന്നും വീൽചെയർ തള്ളാൻ തുടങ്ങീത്. പോകുന്ന വഴി ഒരു ഇറക്കമായിരുന്നു. ടയറുകൾ ഉരുണ്ടുഇറങ്ങുമ്പോ ഇക്ക പറഞ്ഞു. 'നീ തനിയെ ആണ് ട്ടോ പോകുന്നത് ഞാൻ പിടിച്ചിട്ടില്ല.'

ആദ്യമൊക്കെ ആരെങ്കിലും അങ്ങനെ പറയുമ്പോൾ ഭയങ്കര പേടിയായിരുന്നു. എന്തോ അപ്പോ ഒന്നും തോന്നിയില്ല. കാരണം അത് വെറുതെ പറയുകയാണെന്ന് എനിക്കറിയാമായിരുന്നു. ചെന്നെത്തിയത് കുറച്ചു കുട്ടിശലഭങ്ങളുടെ അടുത്തേക്ക് അവർ അവിടെ ഊഞ്ഞാലാടുന്നു, കമ്പി കസേരയിലിരുന്ന് വട്ടം കറങ്ങുന്നു, അങ്ങനെയങ്ങനെ പലതരം വിനോദങ്ങളിൽ.... ലോകം പിടിച്ചടക്കിയതുപോലത്തെ അവരുടെ സന്തോഷം കുറച്ചു നേരം ഞങ്ങളും നോക്കി ഇരുന്നു. ഉച്ച സമയമായതുകൊണ്ട് വെയിൽ വീണു ചൂടാവാൻ തുടങ്ങിയപ്പോൾ എന്നെയൊരു തണലിലേക്ക് മാറ്റിയിരുത്തി.

അവിടെ പുൽകതിരുകളും കുറ്റിച്ചെടികളുമുള്ള പച്ച പറുദീസ വിരിച്ചിട്ടുണ്ട്. നാലുഭാഗത്തു നിന്നും ഇളംതെന്നലിന്റെയൊരു ലാഞ്ചന പോലും ഇല്ലാത്തതുകൊണ്ട് ഇളകാൻ മടിച്ചു നിൽക്കുന്ന ഇലകളെ ഞാൻ കൈയ്യെത്തിച്ചൊന്ന് തൊട്ടപ്പോൾ ബാല്യകാല ഓർമ്മകൾ എന്നെ കൊത്തി വലിക്കാൻ തുടങ്ങി. തറവാടിന്റെ അടുത്തുള്ള വള്ളികളും പുല്ലുകളും നിറഞ്ഞ പാടത്ത് കളിക്കൂട്ടുകാരികളുമൊത്ത് കണ്ണൻ ചിരട്ടയിൽ മണ്ണപ്പം ചുട്ടതും ചോറും കറിയും ഉണ്ടാക്കി കളിച്ചതും അങ്ങനെയങ്ങനെ. കൊഴിഞ്ഞുപോയ വസന്തത്തെ പെറുക്കിയെടുത്തു. അന്ന് അന്യമായതാണ് എനിക്ക് ഈ കുറ്റിച്ചെടികളും പുൽനാമ്പുകളുമൊക്കെ. പച്ച മരങ്ങളെയും ഇലകളെയും അകലത്തിൽ കാണാറുണ്ടെങ്കിലും അധിക

മൊന്നും തൊടാൻ സാധിക്കാറില്ല...

എപ്പോഴും തേട്ടിവന്നു മനസ്സിനെ അസ്വസ്ഥമാക്കുന്ന കുറച്ച് ഓർമ്മകളെ തലോടിക്കൊണ്ട് ചക്ര കസേര ഉരുളാൻ തുടങ്ങിയപ്പോഴാണ്, ഞാൻ ഒരുപാട് പ്രണയിക്കുന്ന മഴ എനിക്കു മേലെ പെയ്തിറങ്ങാൻ തുടങ്ങിയത്. ഓരോ മഴത്തുള്ളിയും മേനിയിൽ വന്നു വീഴുമ്പോഴാണ് ഞാൻ അറിയുന്നത്, കാണുന്നതിനേക്കാളും എത്രയോ രസമാണ് ഈ പേമാരിയിൽ നനയാൻ എന്ന്. വെള്ളത്തുള്ളികൾക്ക് കനം കൂടാൻ തുടങ്ങിയപ്പോൾ മനസ്സില്ലാമനസ്സോടെ അവിടെനിന്നും പോരേണ്ടി വന്നു. ആ പ്രണയ മുത്തുകൾ ശരീരത്തെ മാത്രമല്ല ഉള്ളിനെയും തണുപ്പിച്ചു.. നേരത്തെ പറഞ്ഞതുപോലെ തന്നെ മഴയ്ക്കും എന്നെ തൊടാൻ കിട്ടാറില്ല. ഉമ്മ വിട്ടു കൊടുക്കാറില്ല എന്നതാണ് സത്യം....

കുറച്ചുനേരം മാത്രമാണ് അവിടെ ചെലവഴിച്ചതെങ്കിലും... വെയിലും മഴയും കുറ്റിച്ചെടികളും പച്ചപ്പുല്ലുകളും എനിക്ക് തന്ന സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. ഇഷ്ടമുള്ളതിന്റെ കൂടെ അല്പനേരം മതി മനസ്സുനിറയാൻ........

■




# പച്ച തട്ടുകൾ

പ്രഭാതകർമ്മങ്ങളും പ്രാർത്ഥനയും കഴിഞ്ഞ് ആവി പാറുന്ന ഒരു കപ്പ് ചായ കുടിച്ചെങ്കിലും മഞ്ഞുവീശുന്ന കുളിര് എന്നിൽ പടർന്നു കയറിയപ്പോൾ സുഖമുള്ളൊരു മയക്കത്തിൽ അലിഞ്ഞുചേർന്നു ഞാൻ. വാനിൽ നിന്നും അരിച്ചിറങ്ങുന്ന വെളിച്ചത്തെ ഉള്ളിലേക്ക് കടന്നുവരാൻ അനുവദിക്കാതെ ജനലുകളെ കർട്ടനിട്ട് ഭദ്രമാക്കി റൂമിൽ ഇരുട്ടു നിറച്ചതുകൊണ്ട് നേരം ഏറെ ആയത് അറിഞ്ഞില്ല..... ഉമ്മാന്റെ നിർത്താതെയുള്ള വിളിയാണ് എന്നെ ഉണർത്തിയത്.

'മതി ഉറങ്ങിയത് എണീറ്റു വല്ലതും കഴിക്ക്. വിശപ്പും ദാഹവും ഒന്നുമില്ലേ.. നിനക്ക്.? ഇതെന്തൊരു പെണ്ണാ റബ്ബേ... ദിവസം മുഴുവനും ഒന്നും കഴിക്കാൻ നിർബന്ധിച്ചില്ലെങ്കിൽ അങ്ങനെ കിടന്നോളും' എന്ന മന്നക്കം പറച്ചിൽ കാതിൽ തുളഞ്ഞു കയറിയപ്പോ കണ്ണുകൾ തുറന്ന് എന്റെ വയറിന്റെ നിലവിളി പറയാതെ അറിയുന്ന ആ മനസ്സിനെ കുറിച്ചോർത്ത് അൽപനേരം കൂടി കിടന്നു.. അപ്പോഴാണ് അടുത്ത ആൾ. 'എന്താ എണീക്കുന്നില്ലേ വാ ഞാനെടുക്കാം.. 'ആങ്ങള പഗ്നിയായിരുന്നു അത്.... പിന്നെ എന്തോ ശത്രുതയുള്ളതുപോലെ തണുപ്പിൽ ചൂടേകി ശരീരത്തിൽ ഒട്ടിക്കിടക്കുന്ന പുതപ്പിനെ ചവിട്ടിത്താഴ്ത്തിക്കൊണ്ട് അവരുടെ കൂടെ..... ഒഴിഞ്ഞ് പോവാത്ത ഉറക്കച്ചടപ്പ് മാറാനായി മുഖത്ത് കുറച്ചു വെള്ളമൊഴിച്ച് ഒന്ന് ഫ്രഷായി. വീണ്ടും ഒരു ചായ കുടിച്ചു.. അടുക്കളയിൽ കുറച്ച് സമയം മിണ്ടിയും പറഞ്ഞുമൊക്കെയിരുന്നു ഉച്ചശാപ്പാടിന്റെ വട്ടം കൂട്ടങ്ങളൊക്കെ ചോദിച്ചറിഞ്ഞു.... ഞാനെന്റെ മായാലോകത്തേക്ക് തന്നെ തിരിച്ചെത്തി എന്റെ മുറിയാണെന്റെ മായാലോകം...

ഇരുട്ടിന്റെ നിശബ്ദതയെ ഇല്ലാതാക്കാനായി ജാലക ചില്ലുകൾ തുറന്നിട്ടപ്പോൾ തള്ളിക്കയറാൻ തിക്കും തിരക്കും കൂട്ടുന്ന സൂര്യപ്രകാശം എന്നെയൊന്ന് തഴുകികൊണ്ട് അവിടം പരന്നു. കട്ടിലിന്റെ അറ്റത്തിരുന്ന് വെറുതെ പുറത്തേക്ക് നോക്കിയപ്പോൾ എന്തോ വല്ലാത്തൊരു അനുഭൂതി..... ജനാലക്കമ്പികൾകപ്പുറത്തെ പച്ചതട്ടുകളിലൂടെ കണ്ണുകൾ ഓടി നടക്കാൻ തുടങ്ങി.... അവിടവിടെയായി ആടി ഉലയുന്ന കവുങ്ങുകളും പഴുത്തതും അതിൽ കൂടുതൽ പച്ച ഇലകളുമായി നിറഞ്ഞുനിൽക്കുന്ന പ്ലാവുകളും നാലു ഭാഗത്തേക്കും കൊമ്പുകൾ തൂങ്ങിയാടുന്ന ഓമക്കായമരങ്ങളും എത്ര മഴ പെയ്താലും നനയില്ലയെന്ന തലയെടുപ്പോടെ വിരിഞ്ഞുനിൽക്കുന്ന ചേമ്പിലകളും പിന്നെയും പേരറിയാത്ത പ്രായമുള്ള ഒരുപാട് മരങ്ങളുടെ ചില്ലകളിലെ കിളിക്കൊഞ്ചലുകളെയും ഇടയ്ക്കിടക്ക് മങ്ങി തെളിയുന്ന ഇളം വെയിലിനെയും മുറുക്കാൻ പെട്ടിയെ ഓർമ്മപ്പെടുത്തുന്ന വെറ്റിലകളെയും പച്ചയും ചുവപ്പും കുലകളായി തൂങ്ങിക്കിടക്കുന്ന കുരുമുളകിന്റെയുമൊക്കെ ഇലകൾ അന്യോന്യം കഥകൾ പറയുന്നത് കണ്ടുകൊണ്ടിരിക്കുമ്പോൾ......

മാല പൊട്ടി മുത്തുകൾ വീണു പരക്കുന്നതുപോലെ മനസ്സിൽ ചിന്തകൾ കെട്ടഴിഞ്ഞു പരക്കാൻ തുടങ്ങി.... അത് എന്തൊക്കെയാണെന്ന് എനിക്ക് പറയാൻ കഴിയില്ല.. ഒരു സെക്കൻഡ് കൊണ്ട് ഒരായിരം ചിന്തകൾ കടന്നു പോകുന്നതാണല്ലോ മനസ്സ്..

സങ്കടമില്ലാതെ കണ്ണുനിറച്ചതും സന്തോഷമില്ലാതെ ചുണ്ടിൽ പുഞ്ചിരി വിരിഞ്ഞതും മിഴിനീരില്ലാതെ ഉള്ളു കരഞ്ഞതും സ്നേഹവാക്കുകൾ സ്വാന്ത്വനമകാത്തതും പലരിലും കണ്ടതെല്ലാം സ്നേഹമെന്ന് വിശ്വസിച്ചതും നിറവും വ്യക്തതയുമില്ലാത്ത സ്വപ്നങ്ങളും നടന്നതും നടക്കുന്നതുമായ ആഗ്രഹങ്ങളും അങ്ങനെയെന്തൊക്കെയോ..... ഇളംതെന്നൽ പലതവണ മുടിയിഴകളിലൂടെ കേറിയിറങ്ങി എന്നെ ചിന്തകളിൽ നിന്നും ഉണർത്താൻ ശ്രമിച്ചെങ്കിലും അത് കൂടുതൽ ആഴത്തിലേക്ക് തള്ളിക്കളയുകയാണ് ചെയ്തത്.... പരിസരം മറന്ന ഞാൻ പെട്ടെന്നൊരു ശബ്ദം കേട്ട് ഞെട്ടി തിരിഞ്ഞു.. ഉമ്മ മുറിലേക്ക് വന്നതിന്റെ ചെറിയൊരു ചലനം എനിക്ക് ഘോരശബ്ദമായി തോന്നിയതായിരുന്നു ഞെട്ടലിന്റെ കാരണം..... നിങ്ങൾ എന്താ മിണ്ടാതെ വന്ന് പേടിപ്പിക്കുന്നത്...?

'ഇങ്ങനെ പേടിക്കാൻ നീ ഈ ദുനിയാവിൽ ഒന്നുമല്ലെ ഇപ്പോ..?'

അത് കേട്ടപ്പോൾ വരാന്തയിൽ നിന്നും എന്നെ ശുണ്ഠി പിടിപ്പിക്കാൻ വേണ്ടി ഒഴുകിയെത്തുന്ന വാക്കുകൾ....

'ഉമ്മ... നിങ്ങൾ എന്താ വിചാരിച്ചത് അവൾ ഇപ്പോൾ പണ്ടത്തെപ്പോലെയൊന്നുമല്ല ഒരു എഴുത്തുകാരി അല്ലേ എങ്ങനെ മറ്റുള്ളവരുടെ കഥ കോപ്പി അടിക്കുമെന്ന് ആലോചിക്കുകയാവും .. '

ഇങ്ങനെയുള്ളതൊക്കെ എപ്പോഴും കേൾക്കുന്നതുകൊണ്ട് ഞാൻ പ്രതികരിക്കാതിരുന്നപ്പോ... അതിനുള്ള മറുപടിയായി ഉമ്മ പറഞ്ഞു:

'അങ്ങനെ കളിയാക്കൊന്നും വേണ്ടട്ടോ എന്റെ കുട്ടിനെ. എഴുതുന്നതുകൊണ്ട് അവൾക്കെത്ര സമ്മാനങ്ങൾ കിട്ടി ഇപ്പോ അവളെ ആരൊക്കെ അറിയുന്നുണ്ട്. നിങ്ങൾക്ക് ആർക്കെങ്കിലും എന്തെങ്കിലും കിട്ടിയോ ഇല്ലല്ലോ..? പുകഴ്ത്തി പറഞ്ഞില്ലെങ്കിലും സങ്കടപ്പെടുത്തണ്ട അത്രയൊക്കെ അവൾക്ക് പറ്റുന്നുണ്ടല്ലോ ഇനി ഇതിൽ കൂടുതലും പറ്റും.....'

ഉമ്മാന്റെ ഈ മൊഴിമുത്തുകൾ എനിക്ക് മുന്നോട്ട് എത്ര ദൂരം വേണമെങ്കിലും പോകാൻ കഴിയുമെന്ന വിശ്വാസവും ധൈര്യവുമായിരുന്നു.... പിന്നെയും പുറത്തേക്ക് നോക്കി കൊണ്ട് ഞാൻ മൂകമായി മന്ത്രിച്ചു പ്രകൃതി പച്ചയുടെ ആനന്ദത്തെകുറിച്ച് പറയാനും എഴുതാനും ആസ്വദിക്കാനും ഈ ജന്മം പോരാതെ വരുമെന്ന്.........

■

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# ഡോണ മയൂരക്കു വേണ്ടി....

**നീ**ല മൂങ്ങ എന്ന കവിത സമാഹാരത്തിലെ കവിതകൾ ഓരോന്നോരോന്നായി, പല നിമിഷങ്ങളിലായി, പല രാപ്പകലുകളായി നുകർന്നും രുചിച്ചും കൊണ്ടിരിക്കുമ്പോഴാണ്, കവിയായ ഡോണ മയൂരയുടെ ഫേസ്ബുക്ക് പോസ്റ്റ് ഭാവനയുടെ, ചിന്തയുടെ, അനുഭൂതിയുടെ മറ്റൊരു ശിഖരത്തിലേക്കു നമ്മെ പറത്തിക്കൊണ്ട് പോകുന്നത്. ചികിത്സയുടെ മറ്റൊരു കാലം തുടങ്ങുകയാണെന്നു സൂചിപ്പിക്കുന്ന ഫേസ്ബുക്ക് എഴുത്തിന്റെ കൂടെ, ബഹുവർണ്ണങ്ങളിലുള്ള വരകളിലൂടെ അനവധി ചീളുകളായി മനസ്സ് പൊട്ടിത്തെറിക്കുന്നു. വീണ്ടും നീലമൂങ്ങയിലേക്കു തിരിയുന്ന ഞാൻ ഫേസ്ബുക്ക് പോസ്റ്റ് കണ്ടതിനു ശേഷം മറ്റൊരു വായനക്കാരിയായി മാറുന്നില്ലേ എന്ന് സംശയിക്കുന്നു.. ഡോണക്കുള്ള കത്തുകളിൽ മേതിൽ പറയുന്നത് പോലെ "ഫേസ്ബുക്ക് ആചാരമനുസരിച്ചു 'ലൈക് മീ, ലൈക് മീ 'എന്നടിവെച്ചു പോകുമ്പോൾ പോലും കാണാം പെട്ടെന്നൊരു വ്യതിയാനം.ചിലപ്പോൾ സ്വത്വത്തിൽ നിന്ന്തന്നെ തിരോധാനം." എങ്കിലും പ്രിയ മേതിൽ, കവിയെയും കവിതയെയും എത്ര തന്നെ മാറ്റി നിർത്താൻ ശ്രമിച്ചാലും കഴിയുന്നില്ലല്ലോ! പരസ്പരം ഒരിക്കൽ പോലും കാണാതെ തന്നെ, ചെറു സന്ദേശങ്ങളിലൂടെ സ്നേഹവും കരുതലും പകർന്നു തരുന്ന ഡോണയുടെ കവിതകൾ വായിക്കുമ്പോൾ ഉള്ളു വിങ്ങുന്നുണ്ട്, കലങ്ങുന്നുണ്ട്. കലങ്ങുന്ന കാലദേശങ്ങളെ കടഞ്ഞു വരുന്ന ഈ വരികളിൽ കാളകൂടവും അമൃതും ഒന്നിച്ചുയരുന്നു.




ദുഷ്കരമായ കാലം ഓർമ്മകളിലേക്ക് അട്ടയെ പോലെ ചുരുണ്ടുകൂടാൻ നമ്മെ പ്രേരിപ്പിക്കുമ്പോൾ അട്ടയുടെ പിൻവാങ്ങൽ/ചുരുളൽ നമ്മുടെ കാലത്തിന്റെ തന്നെ ഉൾച്ചുരുങ്ങലായി മാറുന്നുണ്ടോ? ആ പിൻവാങ്ങലിൽ ഞാൻ മേതിലിന്റെ മൈഥിലിയെ കാണുന്നു. ലോകർ സംശയിക്കുമ്പോൾ ഒരു വിള്ളലിലൂടെ പിൻവാങ്ങാൻ തയ്യാറാകുന്ന രാമായണത്തിലെ സീത മേതിലിനു ഒരു ഇക്കോളജിക്കൽ ദേവതയെങ്കിൽ, ആദി കാവ്യത്തെ മുഴുവനായി 'സുന്ദരകാണ്ഡ'ത്തിലേക്കു ആവാഹിച്ചു, ഉപനിഷദ് ദർശനത്തിൽ മുങ്ങി നിവരുമ്പോൾ, പല ഭേദഭാവങ്ങളും മാഞ്ഞു വേട്ടക്കാരനും, ഇരയും, വേട്ടയുമെല്ലാം ഒരേ മായാവിനോദത്തിന്റെ പല രൂപങ്ങളായി മാറുന്നുവോ?

'നിനക്കു
മാനും മാരീചനും
ഞാൻ തന്നെ
നിനക്കു രാവണനും
നിന്റെ
പുഷ്പകവിമാനവും
ഞാൻ തന്നെ
എന്നിട്ടും
നിന്റെകൂടെ
പറന്നെത്താൻ ശ്രമിച്ച
ജടായുവും
അതിന്റെ
ചിറകരിഞ്ഞവാളും
ഞാനായി.
ഇനി നിന്റെ മായാവിനോദവും
ഞാൻ തന്നെ.'

സ്ഥലകാലങ്ങളെ അതിലംഘിച്ചു ഓർമ്മകൾ കെട്ടുപിണയുമ്പോൾ വാൻഗോഗ് നിറഞ്ഞു തൂവുന്നുണ്ടിവിടെ: –

"കാക്കകൾ കൊത്തിവരും ആകാശം
ഗോതമ്പു പാടങ്ങൾക്ക് മുകളിഹ
മഞ്ഞുമഴയായ് പൊഴിയുന്നു" എന്നു
'ബോ(ഓ)ർമ്മ'

ഉള്ളിലെ വളർത്തുമൃഗം കവിതയെന്ന ഇരുണ്ട തുരങ്കത്തിലൂടെ പുറത്തുചാടുമ്പോൾ

കൂട്ടായീടാൻ നമുക്ക് ശക്തി ഉണ്ടാകുമോ? യുക്തിക്കതീതമായ ലോകങ്ങളിലൂടെ കവിത പറന്നുയരുമ്പോൾ, പരതി നടക്കുമ്പോൾ, അനിമേഷൻ ചിത്രങ്ങളിലെ കൗതുകങ്ങൾ പോലെ ബാസ്കറ്റ് ബോൾ കളിക്കുന്ന മരങ്ങളും, കവിതകളെഴുതുന്ന പെൻഗ്വിനുകളും, ഒരു വരക്കും പകർത്താനാവാത്ത തൂവലിന്റെ കൂവലും ദൈനംദിനതയുടെ ഇന്ദ്രജാലത്തിലേക്കു എത്തിനോക്കുന്നു, വിവർത്തനാതീതമായ ലൈംഗിക ബലാത്ക്കാരത്തിന്റെ തീക്ഷ്ണത രണ്ടു ഭാഷാ സങ്കേതങ്ങളുടെ സംഘട്ടനം തന്നെയാണ്. തിക്തമായ പെണ്ണനുഭവത്തിന്റെ പകർത്താനാവാത്ത രോഷവും ദുഖവും വേദനയും മറ്റൊരു വിനിമയ സാധ്യതക്കായുള്ള വിങ്ങിപ്പൊട്ടലാണ്.

'യോനീ വീടെന്ന ഉപമയിൽ
ലിപിയറിയാത്തവർ ചിലർ
കാട്ടാളഭാഷയാൽ
അതിക്രമിച്ചു കടന്നിട്ടും
വിവർത്തനത്തിനു
വഴങ്ങാത്ത ലിഖിതങ്ങളുടെ
ഗുപ്തഭാഷകളിൽ
അവർ പരാജിതരായതാണെന്നു
പോസ്റ്റുമോർട്ടം റിപ്പോർട്ട്'

(ആ(വി)വർത്തനം )

ഡോണയുടെ ഓരോ വരിയിലും കവിത സ്വന്തം സാധ്യതകളെ കണ്ടെത്തി കൊണ്ടിരിക്കുന്നു. ഇത് മാത്രമല്ല ഞാൻ, എന്ന് ചൊല്ലുന്നു. ശീലിച്ച നിറങ്ങളും, നിഴലുകളും വിട്ട് ഇതര ലോകങ്ങൾ, താളങ്ങൾ തേടുന്നു.അവിടങ്ങളിൽ സ്വയം പുനർജനിക്കുന്നു. അതിനൊപ്പം തന്നെ മലയാള ഭാഷയുടെ, ഭാവുകത്വത്തിന്റെ ഭൂമികയിൽ ഡോണയുടെ കവിതകളിൽ ചില മേതിലീയൻ തുടർച്ചകൾ, ചില ഭൗമ താളങ്ങൾ എനിക്ക് കേൾക്കാം. ഒരു ബിംബം വായനക്കാരിയെ മലമുകളിലെ സൂര്യപ്രകാശത്തിലേക്കും, മറ്റൊന്ന് ഭൂമിക്കടിയിലേക്ക് തുളച്ചുകയറുന്ന തണുപ്പിലേക്കും, ഒരു വാക്കു ഉയർന്നു പറക്കുന്ന പക്ഷിയുടെ വിറയാർന്ന ചിറകിലേക്കും, ഒരനക്കം വനാന്തരങ്ങളിലെ മുരൾച്ചയിലേക്കും നമ്മെ ചെന്നെത്തിക്കാൻ സന്നദ്ധമാണ്. പ്രാക്തനങ്ങളായ ഭയങ്ങളിലൂടെയും പുതിയ സങ്കടങ്ങളുടെ വേലിയേറ്റങ്ങളിലൂടെയും നീന്തിക്കടക്കാനാവാതെ ആകാശത്തിലേക്കായാം. ഇല്ല, വ്യാജമായ, ആശ്വാസ വാക്കുകളില്ല, സാന്ത്വനമില്ല. എങ്കിലും മനുഷ്യന്റെ അഹന്തക്കപ്പുറം കടന്നു ഉറുമ്പുകളും, പുഴുക്കളും, ശലഭങ്ങളും മനുഷ്യമനസ്സിന്റെ വിഹ്വലതകളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്ന ചലനങ്ങൾ കൊണ്ട് സമൃദ്ധമാണീ താളുകൾ.

ഡോണയുടെ അഴലിലാഴ്ന്ന ലോകത്തേക്ക് വായനക്കാരെ സ്വാഗതം ചെയ്യാൻ കാത്തിരിക്കുന്ന മേതിലിന്റെ പകരം വെക്കാൻ ആവാത്ത തീക്ഷ്ണമായ, ദർശനിക ഗരിമ നിറഞ്ഞ വാക്കുകളെ ഞാൻ കടം വാങ്ങട്ടെ: "ഡോണ എത്ര പതിവായിട്ടാണ് നീ ഡാർവിനെ സന്ദർശിക്കുന്നത്? ഭൂമിയുടെ ജൈവവൈവിധ്യം ആരോകെട്ടഴിച്ചുവിട്ടാലെന്നതുപോലെ നിന്റെ വരികൾക്കിടയിൽ എന്തെല്ലാമോ വിടരുന്നു,ഓടുന്നു,ഇഴയുന്നു, പറക്കുന്നു..." ഇരുണ്ട കാലത്തിലും ശുഭാപ്തി വിശ്വാസത്തിന്റെ ഒരു തരി കിടപ്പുണ്ട്. ഫാഷിസത്തിന്റെ കാറ്റടിക്കുമ്പോഴും ലോകമെമ്പാടും സമരപ്പന്തലുകൾ ഉയരുമ്പോഴും പ്രത്യാശ കൈ വിടുന്നില്ല: ഷാഹീൻ ബാഗിന് മുൻപേ കവി ഈ വരികൾ കുറിച്ചിരിക്കുന്നു:

'എന്നാകിലുമെന്തു
സർക്കാർ മറന്നു പോകുന്ന ജനാധിപത്യം
ജനങ്ങൾ തിരിച്ചറിഞ്ഞു
തിരുത്തിയെഴുതിക്കും.'

ആനുകാലിക ചരിത്രത്തിന്റെ സമയബോധം, വ്യക്തിജീവിതത്തിലെ സമയക്രമം, ഋതുഭേദങ്ങളുടെ സമയനൃത്തങ്ങൾ, പരിണാമത്തിന്റെ കോസ്മിക് സമയം - പല അടരുകളുള്ള സമയതലങ്ങളിലൂടെയാണ് കവിതകളുടെ സഞ്ചാരം. തിരക്ക് കൂടിയ ലോകത്തു 'ലോട്ടറി അടിക്കും പോലെ കിട്ടുന്ന സമയം' ഉപമയെന്ന അലങ്കാരത്തിന്റെ ദാർശനിക വേരുകളിലേക്കു ഇറങ്ങിച്ചെല്ലുന്നു. വാക്കുകളുടെ തോട് പൊട്ടിച്ചു അനുഭവങ്ങളെ അടർത്തിയെടുത്തു നെഞ്ചു കീറി കള്ളങ്ങളെടുത്തു കൊത്താങ്കല്ലു കളിക്കുന്നു. യുദ്ധഭൂമിയിൽ നിന്നും തീമഴയേറ്റു പൊള്ളിപ്പോയ വാക്കുകൾ കലുഷമായ കാലത്തിന്റെ സാക്ഷ്യങ്ങളാണ്. ഇവിടെ ചുണ്ടുകൾ  മുറി കൂടാത്ത മുറിവുകൾ ആകുമ്പോൾ റോമൻ നേതാവായ ജൂലിയസ് സീസറുടെ മൃതദേഹത്തിലെ വെട്ടുകൾ നോക്കി ഷേക്സ് പിയറുടെ ആന്റണി poor, poor dumb mouths എന്ന് പറഞ്ഞത് നമ്മൾ ഓർത്തു പോകും. കൂടാത്ത മുറിവുകളുടെ ഗീതങ്ങളായിരിക്കാം ഡോണ കാണുന്ന ചുണ്ടുകളിലൂടെ പ്രവഹിക്കുന്നത്.

മേലെ എഴുതിയ വാക്കുകളെ കവിതാ നിരൂപണമായി ഉദ്ദേശിച്ചിട്ടില്ല. കവിത ഉണർത്തുന്ന പ്രകമ്പനങ്ങളിലെ വാക്കുകളിലേക്ക് ഒതുക്കുവാനുള്ള ശ്രമം പോലെ മറ്റൊരു തോൽവിയില്ല എന്നെനിക്കു പലപ്പോഴും തോന്നാറുണ്ട്. പക്ഷെ കഴിഞ്ഞ നാലാഴ്ചകളായി കാലിലെ എല്ലുപൊട്ടി കിടക്കുമ്പോൾ, ഈ കവിതകൾ എനിക്ക് കൂട്ടിരുന്നിട്ടുണ്ട്. വെയിലിന്റെയും, മഞ്ഞിന്റെയും, മഴയുടെയും രഹസ്യങ്ങളെ കുറിച്ച് മന്ത്രിച്ചിട്ടുണ്ട്. തണുത്തു വെളുത്ത മ്ലാനതയുടെ ഇരുട്ടിനെ കുറിച്ച് എന്നോട് പറഞ്ഞിട്ടുണ്ട്. മരവും, പക്ഷിയും ഞാനും ഒന്നായി മാറുന്ന ഈ പ്രപഞ്ചത്തിന്റെ വികൃതികളെക്കുറിച്ചും നമ്മുടെ വിഭ്രമങ്ങളെ കുറിച്ചും പാടിയിട്ടുണ്ട്. ഉറഞ്ഞു പോയ അതിശൈത്യത്തിൽ നിന്നും പുറത്തു വരൂ ഡോണ....ഇതാ ഇവിടെ പൊരിവെയിൽ ഡോണക്കായി മാത്രം കാത്തിരിക്കുന്നു.... ■

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# ദ ഡാർക്ക് ലേഡി ഓഫ് ദ ഡി.എൻ.എ.

ദ ഡാർക്ക് ലേഡി ഓഫ് ദ ഡിഎൻഎ ഒരു ശാസ്ത്രജ്ഞയുടെജീവചരിത്രഗ്രന്ഥത്തിന്റെ പേരാണത്. ആ ശാസ്ത്രജ്ഞയുടെ നൂറാം ജന്മവാർഷികമാണ് 2020 ജൂലൈ 25 ന്. ശാസ്ത്രചരിത്രത്തിലെ തന്നെ ഒരു നിർണ്ണായക നേട്ടത്തിൽ മഹത്തായ സംഭാവനകൾ നൽകിയിട്ടും അവഗണനയുടെ ഇരുളാഴങ്ങളിലേക്ക് തള്ളപ്പെട്ട ആ ശാസ്ത്രജ്ഞ ആരാണെന്നോ? റോസലിൻഡ് ഫ്രാങ്ക്ലിൻ തന്നെ. ഡിഎൻഎ യുടെ ഇരട്ടപ്പിരിയൻ ഗോവണി ഘടന കണ്ടുപിടിച്ചതിന് വാട്സണും ക്രിക്കും വിൽകിൻസും നൊബേൽ സമ്മാനം പങ്കിട്ടപ്പോൾ ഈ ഗവേഷണത്തിൽ വഴിത്തിരിവുണ്ടാക്കിയ റോസലിൻഡ് ഫ്രാങ്ക്ലിൻ തഴയപ്പെടുകയായിരുന്നു.ലണ്ടനിലെ നോട്ടിങ് ഹില്ലിൽ എല്ലിസ് ആർതർ ഫ്രാങ്ക്ലിന്റെയും മ്യൂറിയൽ വാലിയുടെയും മകളായി1920 ജൂലൈ 25 ന് ഒരു സമ്പന്ന ജൂത കുടുംബത്തിലാണ് റോസലിൻഡ് എൽസി ഫ്രാങ്ക്ലിൻ ജനിച്ചത്. കുട്ടിക്കാലത്തു തന്നെ ശാസ്ത്രത്തിൽ അതീവ താല്പര്യം കാണിച്ച ആ പെൺകുട്ടി ലാറ്റിൻ. ഫ്രഞ്ച്, ജർമൻ ഭാഷകളും പഠിച്ചു. കേംബ്രിജ് സർവ്വകലാശാലയിൽ നിന്നും രസതന്ത്രത്തിൽ ഉന്നതബിരുദം നേടിയ ശേഷം രസതന്ത്ര നൊബേൽ ജേതാവായ റൊണാൾഡ് നോറിഷിന്റെ കീഴിൽ ഗവേഷണം ആരംഭിച്ചെങ്കിലും സ്ത്രീയായതുകൊണ്ടു തന്നെ ഗവേഷണത്തിൽ വേണ്ടത്ര പ്രോൽസാഹനം അവിടെ നിന്നു ലഭിച്ചില്ല. തുടർന്ന് ബ്രിട്ടീഷ് കോൾ യൂട്ടിലൈസേഷൻ റിസർച്ച് അസോസിയേഷനിൽ ഗവേഷകയാവുകയും1945 ൽ കേംബ്രിജ് സർവ്വകലാശാലയിൽ നിന്ന് ഡോക്റ്ററേറ്റ് നേടുകയും ചെയ്തു. 1946 ൽ പാരീസിൽ എക്സ്–റേ ക്രിസ്റ്റലോഗ്രഫിയിൽ വൈദഗ്ധ്യം നേടിയ ജാക്വസ് മെറിങ്ങിനോടൊപ്പം ഗവേഷണത്തിന് അവസരം ലഭിച്ചതോടെ ,പുതിയ സാധ്യതകളുടെ വാതിൽ റോസലിൻഡിനു മുന്നിൽ തുറക്കപ്പെടുകയായിരുന്നു. 1950 ൽ ലണ്ടനിൽ തിരിച്ചെത്തിയ റോസലിൻഡ് കിങ്സ് കോളജിൽ എക്സ് റേ ക്രിസ്റ്റലോഗ്രഫി സങ്കേതമുപയോഗിച്ച് ഡിഎൻഎ യുടെ ഘടന ചുരുൾ നിവർക്കാനുള്ള ഗവേഷണങ്ങളിൽ മുഴുകി. വനിതാ ഗവേഷകരെ രണ്ടാംതരക്കാരായി മാത്രം കണ്ടിരുന്ന, ലബോറട്ടറികളിൽ ചിലയിടങ്ങളിൽ മാത്രം പ്രവേശനം അനുവദിച്ചിരുന്ന കാലമായിരുന്നു അത്. പക്ഷേ വിവേചനങ്ങളും അവഗണനകളുമൊന്നും റോസലിൻഡിനെ തളർത്തിയില്ല. ഇതേ സമയത്ത് അവിടെ ഡി.എൻ.എ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരുന്ന മോറിസ് വിൽക്കിൻസ് എന്ന ശാസ്ത്രജ്ഞനും റോസലിൻഡും തമ്മിൽ ഗവേഷണത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിക്കൊണ്ടേയിരുന്നു. എന്നാൽ കേംബ്രിജിലെ കാവൻഡിഷ് ലബോറട്ടറിയിൽ ഡിഎൻഎ ഘടനയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ നടത്തുകയായിരുന്ന ജയിംസ് വാട്സണുമായും ഫ്രാൻസിസ് ക്രിക്കുമായും വിൽക്കിൻസ് നിരന്തരം ആശയവിനിമയം നടത്തുന്നുണ്ടായിരുന്നു.

ഡിഎൻഎ യുടെ ഘടന സംബന്ധിച്ച ഗവേഷണങ്ങളിൽ വാട്സണും ക്രിക്കും മുന്നേറിയെങ്കിലും അന്തിമ ഘടന ഏതെന്നുറപ്പിക്കുന്നതിൽ അവർക്ക് ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായിരുന്നു. ആ സമയത്താണ് ശാസ്ത്രചരിത്രത്തിലെ കറുത്ത അദ്ധ്യായം എന്നു വിളിക്കാവുന്ന സംഭവം നടക്കുന്നത്. റോസലിൻഡ് എടുത്ത ഫോട്ടോ 51 എന്ന എക്സ് റേ ഫോട്ടോഗ്രാഫും ചില ഗവേഷണക്കുറിപ്പുകളും

അവരുടെ അറിവോ സമ്മതമോ ഇല്ലാതെ വിൽകിൻസ് വാട്സണെയും ക്രിക്കിനെയും കാണിച്ചു. അതിൽ അവരുടെ ചില സുപ്രധാന ചോദ്യങ്ങൾക്കുള്ള ഉത്തരമുണ്ടായിരുന്നു. പക്ഷേ ഇതൊന്നും റോസലിൻഡ് ഫ്രാങ്ക്ലിൻ അറിഞ്ഞില്ല. വാട്സണും ക്രിക്കും ഡിഎൻഎ യുടെ ഇരട്ടപ്പിരിയൻ ഗോവണി ഘടന അവതരിപ്പിച്ച് ശാസ്ത്രലോകത്തെ വിസ്മയിപ്പിച്ചു. എന്നാൽ 1953 ൽ നേച്ചർ ജേണലിൽ പ്രസിദ്ധീകരിച്ച ഗവേഷണ റിപ്പോർട്ടിൽ ഒരിടത്തു പോലും റോസലിൻഡിന്റെ പേരു പരാമർശിക്കാൻ ആ ശാസ്ത്രജ്ഞർ തയ്യാറായില്ല. ഇതേ സമയത്തു തന്നെ റോസലിൻഡും ഡിഎൻഎ ഘടന സ്വന്തമായി കണ്ടെത്തിയിരുന്നു എന്ന് ശാസ്ത്രചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു. ഡിഎൻഎ ഘടന കണ്ടുപിടിച്ചതിന് വാട്സൺ, ക്രിക്ക്, വിൽകിൻസ് എന്നിവർക്ക് 1962 ൽ വൈദ്യശാസ്ത്ര നൊബേൽ ലഭിച്ചു. പക്ഷേ റോസലിൻഡ് ഫ്രാങ്ക്ലിൻ അവഗണിക്കപ്പെട്ടു. ശാസ്ത്ര ചരിത്രത്തിലെ കറുത്ത അധ്യായമാണ് ഈ ശാസ്ത്രജ്ഞ നേരിട്ട അവഗണന. 1953 ൽ കിങ്സ് കോളജ് വിട്ട റോസലിൻഡ് ബിർബെക്ക് കോളജിൽ ടുബാക്കോ മൊസൈക് വൈറസ്സുകളിലും കൽക്കരിയിലും ഗവേഷണങ്ങൾ നടത്തി. ലോകത്തിന്റെ പല ഭാഗങ്ങളും സന്ദർശിച്ച് പ്രഭാഷണങ്ങൾ നടത്തി. എന്നാൽ അണ്ഡാശയ അർബ്ബുദം റോസലിൻഡിന്റെ ആരോഗ്യത്തെ കാർന്നു തിന്നുകൊണ്ടിരിക്കുകയായിരുന്നു. 1958 ഏപ്രിൽ 16 ന് മുപ്പത്തിയേഴാം വയസ്സിൽ ആ ശാസ്ത്രപ്രതിഭ അന്തരിച്ചു.

റോസലിൻഡ് മരിച്ച് നാലു വർഷത്തിനു ശേഷമാണ് വാട്സൺ, ക്രിക്ക്, വിൽകിൻസ് എന്നിവർക്ക് നൊബേൽ ലഭിച്ചത്. റോസലിൻഡിന്റെ സംഭാവനകളെക്കുറിച്ച് നന്നായി അറിയാമായിരുന്ന ശാസ്ത്രജ്ഞർ ഇതിലെ വിവേചനം ചൂണ്ടിക്കാണിച്ചെങ്കിലും മരണാനന്തരം നൊബേൽ നൽകാനാവില്ല എന്നായിരുന്നു നൊബേൽ കമ്മിറ്റിയുടെ മറുപടി. ഡിഎൻഎ ഘടന ചുരുൾ നിവർക്കുന്നതിൽ റോസലിൻഡിന്റെ ഗവേഷണങ്ങൾ നിർണ്ണായകമായിരുന്നുവെന്ന് ക്രിക്ക് പിൽക്കാലത്ത് സമ്മതിച്ചു. റോസലിൻഡിന്റെ മരണശേഷമാണ് ആ വനിത കൈവരിച്ച നേട്ടങ്ങളുടെ പ്രാധാന്യവും അവർ അനുഭവിച്ച അവഗണനയുടെയും നീതികേടിന്റെയും ആഴവും ലോകം കൂടുതലായി തിരിച്ചറിഞ്ഞത്.

■

# കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




'ദയനീയമായ ഈ വികലാംഗ അവസ്ഥയുടെ ദുരിതമനുഭവിക്കുമ്പോഴും ധീരയായ ഈ പെൺകുട്ടി അതെല്ലാം തരണം ചെയ്ത് ....'

'മാധ്യമങ്ങളുടെ ഈ വാർപ്പുമാതൃക മനോഭാവത്തിൽ പ്രതിഷേധിച്ച് ഞാൻ എന്റെ മെഡലുകൾ തിരിച്ചു നൽകുന്നു.'

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

ഫോട്ടോഫീച്ചർ

# ഞങ്ങളുടേതു കൂടിയായ ലോകം



**മാനസി ജോഷി**

ഷട്ടിൽ ബാഡ്മിന്റൻ കളിക്കാരിക്കാരിയായ മാനസി 2018 തായ്‌ലാണ്ട് പാരാബാഡ്മിന്റനിലും ഏഷ്യൻ പാരാ ഗെയിംസിലും വെങ്കല മെഡലുകൾ നേടി. തന്റെ മുന്നിലെ ഏറ്റവും കഠിനമായ വെല്ലുവിളി ഭിന്നശേഷിക്കാരോടുള്ള സമൂഹമനോഭാവങ്ങളെ നേരിടുക എന്നതാണെന്നാണ് മാനസി പറയുന്നത്.



**വൈശാലി സലവ്കർ**

എട്ട് തവണ ചെസ്സ് മത്സരങ്ങളിൽ ദേശീയ പുരസ്‌ക്കാര ജേതാവായ വൈശാലി 43ാമത് ലോക ചെസ്സ് ഒളിമ്പ്യാഡിൽ പങ്കെടുക്കുന്ന ആദ്യത്തെ കാഴ്ചപരിമിതിയുള്ള താരവുമാണ്.



**ആഭ ഖെഥർപാൽ**

ഭിന്നശേഷിക്കാർക്കായി ഡിജിറ്റൽ ലൈംഗിക വിദ്യാഭ്യാസ പഠന മാതൃകകൾ വികസിപ്പിച്ചെടുത്തിരിക്കയാണ് ആഭ. വീൽ ചെയറിലിരിക്കുമ്പോഴും സ്വന്തം അവകാശ ങ്ങൾക്കുവേണ്ടി ശക്തമായി നില കൊള്ളാം എന്നാണ് ആഭയുടെ നിലപാട്.



**ശിവാംഗി അഗർവാൾ**

ജെണ്ടർ അവകാശപ്രവർത്തകയായ ശിവാംഗി തന്റെ നർമ്മസംഭാഷണങ്ങളിലൂടെ ഭിന്നശേഷിയുള്ളവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു. ദില്ലി ക്വിയർ പ്രൈഡിന്റെ പ്രധാന സംഘാടക കൂടിയായ ശിവാംഗി പത്ത് വർഷത്തിലാദ്യമായി സ്റ്റേജ് വീൽ ചെയർ സൗഹൃദപരമായതിന്റെ ആഹ്ളാദത്തിലാണ്.



**ജാസ്മിൻ ഖുറാന**

സെറിബ്രൽ പാൾസി ബാധിച്ചെങ്കിലും അതിൽ തളരാതെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന വ്യക്തിയാണ് ജാസ്മിൻ



**പ്രീതി ശ്രീനിവാസൻ**

2018 ൽ 'ഐ എം വുമൺ' പുരസ്‌ക്കാരം നേടിയ പ്രീതി തമിഴ്‌നാട്ടിൽ 'സോൾഫ്രീ' എന്ന സംഘടന യിലൂടെ ഭിന്നശേഷിയുള്ള അനേകർക്ക് താങ്ങാവുകയാണ്.